Phone No. 2972

# ഗ്രന്ഥാലോകം

34

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

വാല്യം 4 | ഡിസംബർ | ലക്കം 12



യുണൈറ്റഡ് സ്റ്റേറ്റ്സ് ഇൻഫർമേഷൻ ലൈബ്രറി
തിരുവനന്തപുരം

ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.
ഒററപ്രതി അണ 8.

# ഗ്രന്ഥാലോകം

പത്രാധിപർ — സി. നാരായണപിള്ള ബി. എ. ബി. എൽ.

| വാല്യം 4 | ഡിസംബർ 1952 | ലക്കം 12 |
| --- | --- | --- |

# പത്രാധിപവീഥി

## സാഹിത്യപരിഷത്തു്

സമസ്തകേരളസാഹിത്യപരിഷത്തിന്റെ 22-ാം വാർഷികസമ്മേളനം ഡിസംബർ 26, 27, 28. എന്നീ തീയതികളിൽ ഒററപ്പാലത്തുവെച്ചു നടത്തപ്പെടുകയുണ്ടായി. വിശ്വവിഖ്യാതതത്വശാസ്ത്രജ്ഞനും ഉപരാഷ്ട്രപതിയുമായ ഡാക്ടർ രാധാകൃഷ്ണനായിരുന്നു പരിഷത്സമ്മേളനത്തിന്റെ ഉൽഘാടകൻ എന്നുള്ളതുതന്നെ സമ്മേളനത്തിന്റെ ഗൌരവത്തെ വർദ്ധിപ്പിക്കുകയും, ഇതരസംസ്ഥാനങ്ങളിലെ ബുദ്ധജനങ്ങളുടെ ശ്രദ്ധയെ ഇങ്ങോട്ടാകർഷിക്കുകയും ചെയ്തിട്ടുണ്ടു്. ഇതു പുരോഗതിയിലേയ്ക്കുള്ള ഒരു പുതിയ കാൽവെയ്പാണെന്നുള്ള കാര്യത്തിൽ സംശയമില്ല. ഭാരതത്തിലെ പ്രാദേശികഭാഷകൾക്കു പരസ്പരസമ്പർക്കത്തിനും സഹകരണത്തിനും സന്ദർഭം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഒരു നവയുഗത്തിലാണല്ലോ നമ്മുടെ ഇന്നത്തെ നിലപാടു്. അതിനാൽ സുപ്രസിദ്ധദാർശനികനും സംസ്കാരകുബേരനുമായ സർ. രാധാകൃഷ്ണന്റെ സാന്നിദ്ധ്യവും സമുദ്ബോധനവും സാഹിത്യപരിഷത്തിനെ സംബന്ധിച്ചേടത്തോളം അഭൂതപൂർവ്വമായ ഒരനുഗ്രഹമായി വേണം പരിഗണിക്കുവാൻ.

ബഹുസഹസ്രം ജനഹൃദയങ്ങളെ തന്റെ സരസമായ കവിതചത്തിന്നു ‘തുള്ളൽക്കള’ങ്ങളാക്കിത്തീർത്ത മഹാകവി കുഞ്ചൻനമ്പ്യാരുടെ സ്മരണയെ ആദരിച്ചു് സമ്മേളനസ്ഥലത്തിനു നാമകരണം ചെയ്തതു സമുചിതമായി. ഒററപ്പാലത്തിനു സമീപത്താണല്ലോ അദ്ദേഹത്തിന്റെ ജന്മദേശം സ്ഥിതിചെയ്യുന്നതു്.

പരിഷത്തിന്റെ സ്ഥിരാദ്ധ്യക്ഷനായ ആസ്ഥാനമഹാകവി വള്ളത്തോൾ സ്വതസ്സിദ്ധമായ കാവ്യശൈലിയിൽ എഴുതിയ സംസ്കൃതാശംസാപത്രം ഉപരാഷ്ട്രപതിക്കു സമർപ്പിച്ചു. ഡോ. രാധാകൃഷ്ണന്റെ ഉൽഘാടനപ്രസംഗം സമുജ്ജ്വലവും ഗംഭീരവുമായിരുന്നു. ഏകാഗ്രതയിലും തപസ്സിലും ഉണ്ടാകുന്ന ദർശനത്തിൽനിന്നു മാത്രമേ ഉത്തമമായ കാവ്യശില്പം ഉയർന്നുവരികയുള്ളു എന്നും, മനുഷ്യന്റെ

വിഷയവിവരം 48-ാംപേജിൽ

അന്തഃസത്തയിൽനിന്നു ഉടലെടുക്കുന്നതായിരിക്കണം യഥാർത്ഥകവിതയെന്നും അനുവികാരങ്ങളുടെ നിലവാരത്തിൽ മാത്രം ഒതുക്കിനിർത്താവുന്നതല്ലെന്നും, ദേശീയമോ വിഭാഗീയമോ ആയ യാതൊരു പ്രതിബന്ധവും സാഹിത്യകാരന്റെ ആദർശത്തെ മന്ദപ്രഭമാക്കരുതെന്നും ആ ചിന്തകൻ ഊന്നിപ്പറകയുണ്ടായി. തികച്ചും ഭാരതീയമായ ഈ വീക്ഷണത്തിൽ വിപ്രതിപത്തി പ്രദർശിപ്പിക്കാനും പരിഷത്തിൽ ആളുണ്ടായിരുന്നു. റഷ്യ കാണുകയും, നയതന്ത്രപ്രതിനിധിയെന്ന നിലയിൽ അവിടത്തെ സ്ഥിതിഗതികൾ അടുത്തറിയുകയും ചെയ്ത ഡോ. രാധാകൃഷ്ണൻ ഇങ്ങനെ പറയുമ്പോൾ, റഷ്യ കാണാതെ കാണുന്ന ശ്രീ. തകഴി ശിവശങ്കരപ്പിള്ള ജനങ്ങളുടെകൂടെ ജീവിച്ചു് അവരുടെ വർഗ്ഗസമരങ്ങളിൽ പങ്കെടുക്കുകയെന്നുള്ളതാണു യഥാർത്ഥമായ തപസ്സെന്നു, ആറാംസമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നുകൊണ്ടു് വിളംബരം ചെയ്യുന്നു. അദ്ദേഹത്തിനു ആക്ഷേപങ്ങൾ വേറെയുമുണ്ടു്. കഴിഞ്ഞ വർഷം എറണാകുളം സമ്മേളനം കൊച്ചിമഹാരാജാവിനെക്കൊണ്ടു ഉൽഘാടനം ചെയ്യിച്ചതു് ഭാരവാഹികളുടെ അടിമത്തമനോഭാവമാണത്രേ. തകഴി പറയുന്നു:—"അദ്ദേഹത്തിന്റെ പ്രസംഗം നന്നായിരുന്നു. ഓരോ വാചകത്തിലും ആത്മാർത്ഥത തുളുമ്പുന്നുണ്ടായിരുന്നു." പിന്നെ എന്തായിരുന്നു ആക്ഷേപം? നല്ല പ്രസംഗം ചെയ്തതും ആത്മാർത്ഥത പ്രകാശിപ്പിച്ചതും കൊച്ചിമഹാരാജാവായിരുന്നു എന്നുള്ളതു്. നല്ല കാര്യം ആരു പറഞ്ഞാലും നല്ലതായിരിക്കും. നാട്ടുവാഴിയും നാട്ടുകാരിൽ ഒരാളല്ലേ? വർഗ്ഗസമരക്കാർമാത്രം അവശേഷിക്കുന്ന ഒരു ലോകം സ്വപ്നം കാണുന്ന ശുദ്ധഗതിക്കാരുടെ പോക്കു ചൂണ്ടിക്കാണിക്കാനാണു് ഞങ്ങൾ ഇതെല്ലാം പറയുന്നതു്.

തിന്നില്ല. തകഴി ഉൾപ്പെടെ ചിലർ പുരാതനമഹാകാവ്യങ്ങളുടെ നേരെയും കണ്ണുരുട്ടുന്നു. മഹാരാജാവു്, മഹാകാവ്യം മുതലായവയിലെ 'മഹാ'ശബ്ദമായിരിക്കാം അവക്കു ദുസ്സഹം. രാമായണാദികൃതികൾ അവ എഴുതിയകാലത്തു കൊള്ളാമായിരുന്നു. ഇന്നു കൊള്ളുകയില്ല. എന്തൊരു വിവേകശൂന്യമായ വാദമാണിതു്! തകഴിയുടെ 'രണ്ടിടങ്ങഴി' എന്ന കൃതി അതെഴുതിയ കാലത്തു നന്നായിരുന്നു; ഇന്നു് അതു നിഷ്പ്രയോജനമാണെന്നു ഉത്താനബുദ്ധികളല്ലാതെ പറയുമോ? ഇന്നലെ ഉണ്ടായ പുസ്തകം ഇന്നത്തേക്കു കൊള്ളുന്നതല്ലെന്നുവരെ വാദം ചെന്നെത്തിയേക്കാം. എന്നും രസിക്കാവുന്നവയും ഒരിക്കലും രസിക്കാൻ കഴിയാത്തവയുമായ ഗ്രന്ഥങ്ങൾ ഓരോ കാലത്തും ഉണ്ടായിക്കൊണ്ടിരിക്കുമെന്നുള്ളതാണു പരമാർത്ഥം.

ഒരു ചർച്ചായോഗം ഉൾപ്പെടെ ആകെ ഏഴു സമ്മേളനമാണു പരിഷത്തിൽ നടന്നതു്. ഉൽഘാടനസമ്മേളനത്തിൽ മഹാകവി ജി. ശങ്കരക്കുറുപ്പു വായിച്ച സമുജ്ജ്വലമായ കവിതയും, മറ്റൊരു സമ്മേളനത്തിലെ അദ്ദേഹത്തിന്റെ അദ്ധ്യക്ഷപ്രസംഗവും കേരളീയസാഹിത്യകാരന്മാരുടെ മുന്നണിയിൽ നില്ക്കാനുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം പ്രസ്പഷ്ടമാക്കി. ഉൽഘാടകന്മാരും അദ്ധ്യക്ഷന്മാരും അവരുടെ നിലപാടിൽ ഉറച്ചുനിന്നുകൊണ്ടു തങ്ങളുടെ ചുമതല നിർവഹിച്ചു. ഓരോ സമ്മേളനത്തിലും കവിതകളും പ്രസംഗങ്ങളും പതിവുപോലെ ഉണ്ടായിരുന്നു. ഒരു ഗ്രാമപ്രദേശമായിരുന്നിട്ടും ഒറ്റപ്പാലത്തു ധാരാളം ആളുകൾ തിങ്ങിക്കൂടി. അങ്ങനെ ഇക്കൊല്ലത്തെ സാഹിത്യോത്സവം അവസാനിച്ചു.

ഓരോ കൊല്ലവും പരിഷത്സമ്മേളനം കഴിയുമ്പോൾ അതുകൊണ്ടുണ്ടായ നേട്ടങ്ങളെന്തെല്ലാമെന്ന ഒരു ചോദ്യചിഹ്നം ഉത്ഭവിക്കയും തത്സംബന്ധമായി പത്രപംക്തികളിൽ വാദപ്രതിവാദങ്ങൾ പ്രത്യക്ഷപ്പെടുകയും പതിവാണ്. സാഹിത്യകാരന്മാർ ഒന്നിച്ചുകൂടുന്നതും പരസ്പരം ആശയവിനിമയം ചെയ്യുന്നതും നല്ലതുതന്നെ. ജനങ്ങളുടെ സാഹിത്യാഭിരുചിയെ പോഷിപ്പിക്കുന്നതിനും ഇതു് ഉപകരിക്കും. എന്നാൽ ഇതിലധികമായ ഒരു നേട്ടവും നമുക്കു കൈവരുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. പരിഷത്തിൽ പാസാകുന്ന പ്രമേയങ്ങൾ ഒരുതരം ജലരേഖകൾ മാത്രമായി കലാശിക്കുന്നു. എന്താണിതിനു കാരണം? സാഹിത്യപരിഷത്ത് ശക്തിയേറിയ ഒരു സംഘടനയായിട്ടില്ല എന്നുള്ളതുതന്നെ. ഈ വസ്തുത അഞ്ചാം സമ്മേളനത്തിന്റെ അദ്ധ്യക്ഷനായ പ്രൊഫസർ മുണ്ടശ്ശേരി ശക്തിയുക്തം എടുത്തുകാണിച്ചു. അദ്ദേഹം ഇതിന്റെ പരിഹാരത്തിനു ഒരു പ്രായോഗികനിർദ്ദേശവും അവതരിപ്പിക്കുകയുണ്ടായി. "കേരളത്തിലെ അനേകം ഗ്രാമങ്ങളിലും പട്ടണങ്ങളിലും രൂപമെടുത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കലാസമിതികളെ സാഹിത്യപരിഷത്തിന്റെ പ്രാഥമികഘടകങ്ങളായിത്തീർക്കണം."—ഇതാണ് അദ്ദേഹത്തിന്റെ മുഖ്യമായ നിർദ്ദേശം. എസ്. എൻ. ഡി. പി. എൻ. എസ്. എസ്. മുതലായ സംഘടനകളുടെ സ്വാധീനശക്തി മനസ്സിലാക്കിയിട്ടുള്ള സാഹിത്യകാരന്മാർ ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കുകതന്നെ വേണം. അല്ലെങ്കിൽ, വൈക്കത്തഷ്ടമിക്കോ തൃശ്ശൂർ പൂരത്തിനോ സാധിക്കുന്നതിലധികമൊന്നും സാഹിത്യസംസ്കാരമണ്ഡലങ്ങളിൽ സാഹിത്യപരിഷത്തിനും സാധിക്കുകയില്ല. ഭരണാധികാരികൾക്കു് അലസമായി വീക്ഷിക്കാനോ അവഗണിക്കാനോ സാധിക്കാത്തവണ്ണം കേരളസാഹിത്യപരിഷത്തിനെ ഒരു ശക്തികേന്ദ്രമായി ഉയർത്താനുള്ള പദ്ധതികൾ പ്രായോഗികമാക്കുവാൻ എല്ലാ ഭാഷാഭിമാനികളും ഒത്തൊരുമിച്ചു പ്രയത്നിക്കണം.

ചർച്ചാസമ്മേളനത്തെക്കുറിച്ചുകൂടി ഒരു വാക്കു്. കോഴിക്കോട്ട് സമ്മേളനമാണ് ഇതു തുടങ്ങിവെച്ചതെന്നു തോന്നുന്നു. ഏതെങ്കിലുമൊരു വിഷയം ഒരാൾ അവതരിപ്പിക്കുക, ഏതാനും സാഹിത്യകാരന്മാർ രണ്ടു ചേരിയായി തിരിഞ്ഞു അവരുടെ അഭിരുചികളെ പ്രകാശിപ്പിക്കുക, ഒടുവിൽ ഒരു തീരുമാനത്തിലുമെത്താതെ പിരിയുക എന്നുള്ളതിൽ കവിഞ്ഞു് എന്താണു നടക്കുന്നതു്? തണ്ണീർക്കുഴൽ തുറന്നുവിട്ടാലത്തെപ്പോലെ ധാര മുറിയാത്ത ഒരു ശബ്ദകോലാഹലം! ഈ വാദപ്രതിവാദങ്ങൾ ഭാഷാഭിവൃദ്ധിയേയും സംസ്കാരത്തെയും എങ്ങനെയാണു സഹായിക്കുന്നതെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. അടുത്ത ഒരു കൊല്ലത്തേക്കു നാം എന്തൊക്കെയാണു ചെയ്യേണ്ടതു്? നിർമ്മാണം, നിരൂപണം, ഗവേഷണം, പ്രസാധനം മുതലായ വിഷയങ്ങളിൽ ആരാരു് ഏതേതുരൂപത്തിൽ പ്രവർത്തിക്കണം എന്നും മററും ആലോചിച്ചു തീരുമാനിക്കാനായിരിക്കണം ചർച്ചാസമ്മേളനം ഉപയോഗപ്പെടുത്തേണ്ടതു്. ചുരുക്കത്തിൽ, ശബ്ദം കുറച്ചിട്ടു ശക്തിയോടുകൂടി പ്രവർത്തിക്കാൻ നാം പഠിക്കണം.

## സമ്മേളനങ്ങളും വിശിഷ്ടാതിഥികളും

ഈ ഡിസംബർ മാസത്തിന്റെ അന്ത്യവാരം കേരളത്തെ സംബന്ധിച്ചിടത്തോളം അനുഗ്രഹദായകമായിരുന്നു. ലോകപ്രസിദ്ധരായ ഭാരതീയമഹാന്മാരിൽ പലരും

നമ്മുടെ രാജ്യം സന്ദർശിക്കുകയുണ്ടായി. ഉപരാഷ്ട്രപതി ഒററപ്പാലത്തു സാഹിത്യപരിഷത്ത് ഉൽഘാടനം ചെയ്യുമ്പോൾ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽനെഹ്റു തേക്കടിയിൽ വിശ്രമിക്കുകയായിരുന്നു. സാമ്പത്തികസമ്മേളനം, സയൻസ് സമ്മേളനം, പ്രധാനമന്ത്രിയുടെ സ്റ്റേഡിയോ പ്രസംഗം മുതലായവകൊണ്ടു തിരുവനന്തപുരം, സമ്മേളനങ്ങളുടെ ഒരു മഹാനഗരമായി രൂപാന്തരപ്പെട്ടു. ഭാരതത്തിന്റെ മാത്രമല്ല ലോകത്തിന്റെ ശ്രദ്ധയെ ഇങ്ങോട്ടാകർഷിക്കാൻതന്നെ ഈ സമ്മേളനങ്ങൾ പ്രയോജകീഭവിച്ചു എന്നു പറയാം.

രാജപ്രമുഖൻതിരുമേനി ഉൽഘാടനം ചെയ്ത സാമ്പത്തികസമ്മേളനത്തിന്റെ അദ്ധ്യക്ഷൻ പ്രസിദ്ധനായ പ്രഫസർ വാഡിയാ ആയിരുന്നു. സർ എ. രാമസ്വാമിമുതലിയാരാണ് അതിഥികളെ സ്വാഗതം ചെയ്തതു്. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും എത്തിച്ചേർന്നിരുന്ന പ്രതിനിധികൾ പ്രഖ്യാതരായ അർത്ഥശാസ്ത്രവിദഗ്ദ്ധന്മാരായിരുന്നു. നമ്മുടെ മഹാരാജ്യം സാമ്പത്തികസ്വാതന്ത്ര്യത്തിലേക്കു ത്വരിതപ്രയാണം ചെയ്യാൻ ആഗ്രഹിക്കുന്ന ഈ സന്ദർഭത്തിൽ അതിനുപകരിക്കുന്ന ചർച്ചകൾ നടത്തി സുപ്രധാനങ്ങളായ തീരുമാനങ്ങളിൽ എത്തിച്ചേരാൻ ഈ സമ്മേളനം ഉപകരിച്ചിരിക്കുമെന്നു കരുതാം.

ശാസ്ത്രീയാഭിവൃദ്ധിയിലും ഭാരതം ഉണർന്നു പ്രവർത്തിക്കേണ്ടതായിട്ടുണ്ടു്. സൃഷ്ടിപരങ്ങളായ കണ്ടുപിടിത്തങ്ങൾകൊണ്ടു ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താനുള്ള പദ്ധതികളാണു നമുക്കാവശ്യം. ഈ ഉദ്ദേശസാദ്ധ്യത്തിനു, ഇന്ത്യൻസയൻസ് അക്കാഡമിയും അതിന്റെ സ്ഥാപകനായ സർ സി. വി. രാമനും നൽകിയിട്ടുള്ള സംഭാവന മഹത്തരമാണെന്നു ആരും സമ്മതിക്കും. ഈസംഘടനയുടെ 18–മതു സമ്മേളനമാണു സർ സി. വി. രാമന്റെ അദ്ധ്യക്ഷതയിൽ ഇവിടെവെച്ചു നടന്നതു്. ഭാരതത്തിലെ ഒന്നാംതരം ശാസ്ത്രജ്ഞന്മാരെല്ലാം ഇതിൽ സംബന്ധിക്കുകയും രാഷ്ട്രത്തിന്റെ പ്രശസ്തിയ്ക്കും, നിലനില്പിനും, ഉൽക്കർഷത്തിനും ഉതകുന്ന പല പ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കുകയും ചെയ്തു എന്നു കാണുന്നതു ചാരിതാർത്ഥ്യജനകമാണ്.

ശ്രീ. ജവഹർലാൽനെഹ്റു, ഡാ. രാധാകൃഷ്ണൻ, സർ സി. വി. രാമൻ എന്നീ മഹാപുരുഷന്മാർ ലോകത്തിലെ അമൂല്യങ്ങളായ മൂന്നു രത്നങ്ങളാണ്. ആ രത്നങ്ങളുടെ അസാധാരണ കാന്തിവിശേഷം ഒരേസമയത്തു തന്നെ കേരളത്തെ പ്രകാശമാനമാക്കിയ ഒരു കാഴ്ചയാണു ഡിസംബർ അന്ത്യവാരത്തിൽ നാം കണ്ടതു്.

# ഭാരതചൂഡാമണി

പി. ദാമോദരൻപിള്ള ബി. ഏ.

ഭാരതം ഏകച്ഛത്രാധിപത്യത്തിൽ വരുത്താൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയ അവതാരപുരുഷന്മാൎക്കുപോലും സാധിച്ചില്ലെന്നും കാൺഗ്രസ്സിനു മാത്രമേ അതു സാധിച്ചുള്ളു എന്നും ഒരു മന്ത്രി പ്രസംഗിച്ചതായി അല്പകാലം മുൻപു പത്രങ്ങളിൽ കണ്ടു. ഇംഗ്ലീഷുകാർപോലും നാട്ടുരാജ്യങ്ങൾ ഒഴിച്ചുള്ള ഇന്ത്യയെമാത്രമേ ഭരിച്ചുള്ളു എന്നാണു് അദ്ദേഹത്തിന്റെ ബലമായ അഭിപ്രായം. മന്ത്രിയായാലും ചില കാര്യങ്ങൾ തുറന്നു സമ്മതിക്കുന്നതും, ആളുകളുടെ കണ്ണിൽ മണ്ണിടാതിരിക്കുന്നതും ഒരു ഭൂഷണമാണെന്നു് അദ്ദേഹത്തെ ആരെങ്കിലും ഓൎമ്മപ്പെടുത്തിയിരുന്നെങ്കിൽ !

ഇന്ത്യയെ ഏകച്ഛത്രാധിപത്യത്തിൻ കീഴിലാക്കുന്ന രാജസൂയങ്ങൾ പലതും പണ്ടു നടന്നിട്ടുള്ളതായി പുരാണങ്ങളിൽ കാണാം. എന്നാൽ ഏതാണ്ടു നാലായിരത്തിനാലു ബി. സി.യിലോ മറേറാ ഉറക്കമുണൎന്ന ദൈവം കാലത്തെ എഴുന്നേററിരുന്നു് ലോകം സൃഷ്ടിച്ചു എന്നു വിശ്വസിക്കുന്ന കൂട്ടരാണു് ഇന്ത്യാചരിത്രമെഴുതാൻ തുടങ്ങിയതു്. കൂടുതൽ പഴക്കവും, ദൃഢതയുമുള്ള പരിഷ്കാരം അവൎക്കുമുൻപു് ലോകത്തിലെവിടെയെങ്കിലുമുണ്ടായിരുന്നു എന്നു സമ്മതിക്കാനോ ഭാരതീയരുടെ പുരാണങ്ങളിലെ ചരിത്രാംശങ്ങൾ ഗ്രഹിക്കാനോ ഉള്ള തന്റേടമോ, അറിവോ അവൎക്കില്ലായിരുന്നു. പശു ചത്താലും മോരിലെ പുളി പോയില്ല എന്നു പറയുംപോലെ നാം ഇന്നും അജ്ഞശിരോമണികളുടെ ചവറെല്ലാംപെറിക്കൊണ്ടു തെളിഞ്ഞു നടക്കുകയാണുചെയ്യുന്നതു്.

ഏതായാലും ഭരതൻ എന്നൊരു ചക്രവൎത്തിയുടെകീഴിൽ ഇന്ത്യമുഴുവൻ ഒന്നായിത്തീൎന്നതിനാലാണു് ഈ ഉപഖണ്ഡത്തിനു് ഭാരതമെന്ന പേരുണ്ടായതെന്നു പുരാണം ഘോഷിക്കുന്നുണ്ടു്. ഭരതനു മുൻപു് ഇന്ത്യയുടെ പേരു "അജനാഭവൎഷ"മെന്നായിരുന്നു. അജനാഭവൎഷം മാത്രമല്ല, ലോകം മുഴുവൻ തന്നെ ചില മനുക്കൾ കീഴടക്കിയതായി പുരാണങ്ങളിൽ കാണ്മാനുണ്ടു്. സ്വായംഭുവൻ എന്ന ആദ്യത്തെ മനു ഇങ്ങനെ ലോകം കീഴടക്കി ഓരോ ഭാഗവും ഓരോ മകനു കൊടുത്തെന്നും ആ മക്കളുടെ പേരനുസരിച്ചു് ആ ഭാഗങ്ങൾക്കു പേരുണ്ടായി എന്നും പറയപ്പെടുന്നു. ഇന്നത്തെ യൂറോപ്പിന്റെ അന്നത്തെ പേരു് 'സുരൂപ' എന്നായിരുന്നത്രേ. ഈ സുരൂപയാണു് ഒടുവിൽ യുരോപ (Europa)യും പിന്നീടു യൂറോപ്പും ആയിത്തീൎന്നതു്. സുരൂപയുടെ പശ്ചിമഭാഗം അതായതു് ഇററലിക്കുവടക്കു മുതൽ പോൎട്ടുഗൽവരെയുള്ള ദേശം മേൽപ്പറഞ്ഞ ആളോഹരി ഭാഗത്തിൽ സ്വായംഭുവിന്റെ ഇളയപുത്രനായ 'ഹിരണ്മയ'നു കിട്ടി. തന്നിമിത്തം പശ്ചിമയൂറോപ്പിനു് ഹിരണ്മയവൎഷമെന്നു ഹൈന്ദവസാഹിത്യത്തിൽ പേരുണ്ടായി. അമേരിക്ക, ഏഷ്യ, ആഫ്രിക്ക മുതലായ എല്ലാസ്ഥലങ്ങളും ഇങ്ങനെ ഹൈന്ദവനാമങ്ങളാലത്തന്നെ അറിയപ്പെട്ടിരുന്നു.

അതെല്ലാം എങ്ങനെ ആയായാലും അജനാഭവൎഷമായിരുന്ന ഇന്ത്യ ദുഷ്ഷന്തന്റെ പുത്രനോടുകൂടി ഭാരതവൎഷമായിത്തീൎന്നതിനുശേഷമുള്ള ഒരു ചരിത്രാംശമാണു് ഇവി

ടുത്തെ പരിഗണനാവിഷയം. ഭരതൻ ഭാരതം മുഴുവൻ അടക്കുമ്പോൾ കണ്വമഹർഷി അത്യുജ്ജ്വലമായ ഒരു രത്നം മന്ത്രതന്ത്രാദിസംസ്കാരങ്ങൾ മൂലം കൂടുതൽ സിദ്ധിപ്രദമാക്കി അദ്ദേഹത്തെ അണിയിച്ചു. ആ രത്നം ഭാരതത്തിൻെറ മുഴുവൻ അസപത്നമായ ആധിപത്യം ഭരതനും പിൻതലമുറക്കാൎക്കും സമ്പാദിച്ചുകൊടുക്കണമെന്നായിരുന്നു മഹർഷിയുടെ സങ്കല്പം. തങ്ങൾക്കാവശ്യമില്ലാത്ത മഹാർഹമായ രത്നാദിവസ്തുക്കൾ തക്ക മഹാപുരുഷന്മാൎക്കു സമ്മാനിക്കാൻ മഹർഷിമാർ സൂക്ഷിക്കുക അന്നത്തെ പതിവായിരുന്നു. ആന, കുതിര മുതലായ മൃഗങ്ങളും രത്നങ്ങളും അവയുടെ ഗുണദോഷങ്ങൾ അനുസരിച്ചു് ഉടമസ്ഥന്മാരെ അഭിവൃദ്ധിപ്പെടുത്തുകയോ ക്ഷയിപ്പിക്കുകയോ ചെയ്യുപതിവാണു്. "ഹോപ്പ്" രത്നത്തിൻെറ ചരിത്രം പത്രപംക്തികളിൽ ധാരാളം പ്രസിദ്ധമായിക്കഴിഞ്ഞിട്ടുള്ളതു് ഈ ഘട്ടത്തിൽ വായനക്കാർ ഓൎത്തേയ്ക്കും. പഴയ ആചാൎയ്യന്മാർ ഓരോ തരത്തിലുള്ള രത്നം, വാൾ, വീടു്, മൃഗങ്ങൾ മുതലായവയുടെ ശുഭാശുഭങ്ങൾ ധാരാളം രേഖപ്പെടുത്തിയിട്ടുള്ളതായി കാണാവുന്നതാണു്. ബൃഹൽസംഹിതയിൽ വരാഹമിഹിരൻ പൊതുവേ

"രത്നാനശുഭേന ശുഭം ഭവതി
നൃപാണാമനിഷ്ടമശുഭേന"

എന്നിങ്ങനെ നൃപന്മാൎക്കു രത്നങ്ങൾ കൊണ്ടുള്ള ശുഭാശുഭങ്ങൾ സൂചിപ്പിക്കുന്നു. ദോഷമില്ലാത്ത രത്നം കാന്തിവൎണ്ണങ്ങളൊത്തതാണെങ്കിൽ കീൎത്തി–ശ്രീ–പുഷ്ടി-ശൌര–മായുസ്സു മുതലായവ നൽകുന്നതാണെന്നു ശുക്രാചാൎയ്യരും ഇതിനെ അനുവദിക്കുന്നു. ഭരതനു കണ്വൻ നൽകിയ രത്നം അതിനു മുൻപും പിൻപും എതിരില്ലാത്ത ഒന്നായിരുന്നു എന്നു ക്രമേണ വെളിപ്പെടുന്നതാണു്.

ഈ ചൂഡാമണിയും, ഭാരതവൎഷവും ഏതാണ്ടൊന്നിച്ചുതന്നെ ജന്മമെടുത്തു എന്നു മേല്പറഞ്ഞതിൽനിന്നു വെളിവാകുന്നുണ്ടു്. ഭരതനുശേഷം ആറാമത്തെ രാജാവായ സുഹോത്രൻ ലോകം മുഴുവൻ കീഴടക്കി. ഒൻപതാമത്തെ രാജാവായ കുരു കുരുക്ഷേത്രപ്രതിഷ്ഠ നടത്തി. ഇദ്ദേഹത്തിൻെറ പേരിൽ കുരുവംശം സ്ഥാപിക്കപ്പെടുകയും ചെയ്തു. പ്രസ്തുത ചൂഡാമണി ഭരതൻമുതൽ 26-ാമത്തെ രാജാവായ പാണ്ഡുവിൻെറ കൈവശംവരെ തുടൎന്നുതന്നെയുണ്ടായി. പിന്നത്തെ അതിൻെറ ഗതിയ്ക്കു് ഒരല്പ വ്യതിയാനം കാണുന്നുണ്ടു്. പാണ്ഡുവിൻെറ മരണശേഷം അതു ധൃതരാഷ്ട്രരുടേയും, അങ്ങനെ ദുൎയ്യോധനൻെറയും കൈവശമാകപ്പെട്ടു. ആ രത്നത്തിൻെറ പ്രഭാവം അറിയാമായിരുന്ന ധൃതരാഷ്ട്രർ ധൎമ്മജാദികൾക്കു രാജ്യവിഭാഗം കൊടുത്തു് ഇന്ദ്രപ്രസ്ഥത്തിലയയ്ക്കുമ്പോൾ അതുമാത്രം കൊടുത്തില്ല. കൊടുത്ത രാജ്യം തന്നെയും വീണ്ടുകൊള്ളാനുള്ള ആശയിൽ ദുൎയ്യോധനനെ അതു് അണിയിക്കുകയാണു് അദ്ദേഹം ചെയ്തതു്. ഇന്ദ്രപ്രസ്ഥത്തിൽ വാഴ്ച തുടങ്ങിയ പാണ്ഡവൎക്കു് രാജ്യം നഷ്ടപ്പെടാൻ ഒരു വെറും ചൂതുകളി മാത്രമേ വേണ്ടിയിരുന്നുള്ളു എന്നു പ്രസിദ്ധമാണല്ലോ.

അനന്തരം, ഭാരതയുദ്ധം അനിവാൎയ്യമെന്നുവന്നപ്പോൾ ദുൎയ്യോധനൻ ഈ ചൂഡാമണിയുടെ കാൎയ്യം പ്രത്യേകം ഓൎമ്മിച്ചു എന്നുള്ളതു് യാദൃച്ഛികമല്ല. ഒരുവേള പാണ്ഡവർ ജയിച്ചാൽപ്പോലും സാമ്രാജ്യശ്രീ നിലനിൎത്താനുള്ള ഉപാധിയായ രത്നം അവരുടെ കൈവശമാകരുതെന്നു ദുൎയ്യോധനനു നിൎബ്ബന്ധമുണ്ടായിരുന്നു. അദ്ദേഹം അതു ബ്രഹ്മക്ഷത്രതേജസ്സുകളുടെ മൂൎത്തിയായ അശ്വത്ഥാമാവിനെ ഏല്പിച്ചു. പക്ഷെ ഈ രഹസ്യനടപടി ശ്രീകൃഷ്ണൻ മനസ്സി

ലാക്കി. അദ്ദേഹത്തിന്റെ വേവലാതി നോക്കണം. ദൂതുകഴിഞ്ഞു ഹസ്തിനപുരത്തുനിന്നു മടങ്ങുമ്പോൾ ഈ ജഗത്ത്രയമായക്കാരൻ,

"പേർത്തുടനശ്വത്ഥാമാ-
    തന്നുടെ ഗൃഹം പുക്കാൻ-
പോരിന്നു സേനാപതി-
    യാകാതെയിരിക്കെന്നു
വീരനാം ദ്രൗണിയോടു
    മാധവനപേക്ഷിച്ചു.
വിശ്വസ്തനായവിപ്ര-
    നശ്വത്ഥാമാവുതാനും
നിശ്ചയമതു ചെയ്ക-
    യില്ലെന്നൊന്നുചൊന്നാ-
നച്യുതൻ ദീർഘായുഷ്മാ-
    നാകെന്നുമരുൾചെയ്താൻ"

ഭീഷ്മദ്രോണാദികളുടെ സേനാപത്യത്തേക്കാൾ അശ്വത്ഥാമാവിന്റെ സേനാപത്യത്തെയാണത്രേ കൃഷ്ണൻ ഭയപ്പെട്ടതു്. എന്താകാര്യം? ചൂഡാമണി അശ്വത്ഥാമാവിന്റെ കൈവശമായതുതന്നെ.

"വിശ്വസ്തനായ ആ വിപ്രൻ" തന്റെ വാഗ്ദാനത്തിനെതിരായിട്ടുതന്നെ ദുര്യോധനൻ യുദ്ധത്തിൽ വീണ ദിവസം, നാമമാത്രമായിട്ടെങ്കിലും സേനാപത്യമേററു. അന്നുതന്നെ ചുരുക്കംചിലരൊഴിച്ചു സകലശത്രുക്കളേയും ഒതുക്കാൻ അയാൾക്കു സാധിക്കയും ചെയ്തു. ശ്രീകൃഷ്ണൻ ഇങ്ങേവശത്തുണ്ടായിട്ടും ഇതു നടന്നതു് അത്ഭുതം എന്നു വേണം പറയാൻ. അടുത്തുതന്നെ ദുര്യോധനന്റെ മരണം സംഭവിച്ചു. അതോടെ സേനാനായകത്വവും, യുദ്ധംചെയ്യാനുള്ള 'മൊഴിയും' നഷ്ടപ്പെട്ടു. യുദ്ധംചെയ്യാനുള്ള ധാർമ്മികവും, നീതിസമ്മതവുമായ അവകാശവും മററുതരത്തിൽ പരിഹർത്തവ്യമല്ലാത്ത കാരണവും ഉണ്ടെന്നുള്ള ലോകസമ്മതമത്രേ "മൊഴി".

പാണ്ഡവർക്കു സിദ്ധിച്ചതായി
"ധാർത്തരാഷ്ട്രന്മാരശേഷംമുടിഞ്ഞിതു
ധാത്രിയെ വാഴുകധർമ്മജനെന്നതു്."

എന്നിങ്ങനെ ദുര്യോധനവധത്തിനുശേഷം ഭീമസേനൻ പറഞ്ഞ സമഗ്രവിജയം അത്ര സമഗ്രമായിരുന്നില്ലെന്നു കൈനിലയിലെ സംഭവം തെളിയിച്ചു. ആ അത്യാഹിതമറിഞ്ഞു ദുഃഖത്തിലാണ്ടിരിക്കുമ്പോൾപോലും ബുദ്ധിശാലിനിയായ പാർഷതി, പെട്ടെന്നു ചൂഡാമണിയുടെ കാര്യമോർത്തു. അവൾക്കും ശ്രീകൃഷ്ണനോടൊപ്പമറിയാം ചൂഡാമണി എന്താണെന്നു്. പതിവനുസരിച്ചു് അവൾ ഭീമസേനന്റെഅടുത്തെത്തി.

"മാരുനീയൊഴിഞ്ഞില്ല
    മററാരുമെനിക്കയ്യോ
ഊററവർ തന്നെക്കൊന്നു
    വിപ്രന്റെ ശിരോമണി
തെററെന്നു പറിച്ചെനി-
    ക്കാശുനൽകീട വേണം"

എന്നിങ്ങനെ ഉഴറി. ഭീമനുണ്ടോ പിന്നെ നില്ക്കുന്നു? അദ്ദേഹമുടനെ ആയുധപാണിയായി പുറപ്പെട്ടു. പുറകെ കൃഷ്ണാർജ്ജുനന്മാരും.

ശരീരത്തിലെ മുറിവുകളുടെ വേദനയാററുവാൻ ഗംഗയിലിറങ്ങിക്കിടന്നിരുന്ന അശ്വത്ഥാമാവു് ഈ പുറപ്പാടു കണ്ടു്,

"ഗംഗയിൽനിന്നു ഭീതി-
    കയ്ക്കൊണ്ടു കരേറിനാൻ
അംഗജാരാതിസമ-
    നാചാര്യസുതനപ്പോൾ
ബ്രഹ്മാസ്ത്രമെടുത്തഭി-
    മന്ത്രിച്ചങ്ങയച്ചിതു
ധർമ്മജാദികളുടെ
    സന്തതിപോലുമിപ്പോൾ
ഉന്മൂലനാശം വരി-
    കെന്നവൻ പ്രയോഗിച്ചാൻ"

ചൂഡാമണി കൈവശമുള്ള അശ്വത്ഥാമാവിൻെറ സങ്കല്പം ഫലിപ്പിച്ചേയ്ക്കുമെന്ന ശ്രീകൃഷ്ണൻ അറിഞ്ഞു. ബ്രഹ്മാസ്ത്രത്തിന്ന ബ്രഹ്മാസ്ത്രംതന്നെ പ്രത്യസ്ത്രം. അതയയ്ക്കാൻ അദ്ദേഹം അർജ്ജുനനോടാവശ്യപ്പെട്ടു. ഒടുവിൽ നാരദവേദവ്യാസന്മാരുടെ മദ്ധ്യസ്ഥതയിൽ അതു പിൻവലിക്കാൻ ഉഭയകക്ഷികളും നിർബന്ധിതരായി. അശ്വത്ഥാമാവിന്ന് അതു സാധിക്കാതായപ്പോൾ പ്രായശ്ചിത്തമായി ചൂഡാമണി പറിച്ചെടുത്തു് ഭീമനെ ഏല്പിക്കേണ്ടിവന്നു. ധർമ്മപുത്രർ ഇന്ത്യയുടെ തെക്കെ അററംവരെയുള്ള രാജാക്കന്മാരെ ജയിച്ചു വാണതു് അതിനുശേഷമാണല്ലൊ

## II

ഈ ചൂഡാമണി ക്രിസ്ത്വബ്ദം 1192 വരെ ഹസ്തിനപുരം വാണിരുന്ന ഹിന്ദുരാജാക്കന്മാരുടെ കൈവശംതന്നെ ശേഷിച്ചിരുന്നു. ഇന്ത്യയെ വിദേശികളാരും അന്നുവരെ കീഴടക്കിയിരുന്നുമില്ല. അപ്പോൾ അലക്സാണ്ടരോ, എന്നു ചോദിച്ചേക്കാം. അലക്സാണ്ടർ ഇന്ത്യയിൽവന്നു ജയിച്ചുപോയ കഥ മറെറാരു രൂപത്തിലാണ് കാണേണ്ടിയിരിക്കുന്നതു്. ഇന്ത്യക്കാൎക്കു യുദ്ധം എന്നതു് ഒരു വെറും മത്സരക്കളിമാത്രമായിരുന്നു എന്നു് എല്ലാവരും സമ്മതിക്കുന്നുണ്ടു്. അവരുടെയുദ്ധം പോൎക്കളത്തിൻെറ അരികിൽ ചെന്നു നിന്നുകാണാൻ ആൎക്കും ശങ്കിക്കേണ്ട ആവശ്യമില്ലായിരുന്നു. വേണാട്ടും ദേശിംഗനാട്ടും തമ്മിൽ മാൎത്താണ്ഡവൎമ്മയുടെ കാലത്തു നടന്നയുദ്ധത്തിൽപ്പോലും പോൎക്കളത്തിന്ന സമീപമുള്ള വയലുകളിൽ കൃഷിക്കാർ നിൎബ്ബാധം പണിയെടുത്തുകൊണ്ടു നിന്നിരുന്നു. ഒളിവിലിരുന്നു ശത്രുവിനെ കൊല്ലുകയും ഓടുന്നവനെ പിടികൂടുകയും മററും ചെയ്യുന്നതു് ഭാരതത്തിൽ പൊതുവേ നിഷിദ്ധമായിരുന്നു. കൂടാതെ യുദ്ധം ഒഴിച്ചുകൂടെങ്കിൽ മാത്രമേ ഹിന്ദുക്കൾക്കു് അതു വിഹിതമായിരുന്നുള്ളു. അങ്ങനെ വരുമ്പോൾ അവർ നേരിട്ടുള്ള ധൎമ്മയുദ്ധത്തെ സ്വാഗതം ചെയ്യുകയും ചെയ്തിരുന്നു. നിൎഭയതയാണ് യുദ്ധത്തിൻെറ മുറയെന്നുള്ളതിനാൽ ഭയം കൊണ്ടു അതിനെ വെറുതെ കുത്തിയിളക്കി വിടുകയോ കള്ളപ്പോരു ചെയ്യുകയോ യുദ്ധം വേണ്ടിവരുമ്പോൾ ഒഴിയുകയോ ചെയ്യാൻ അവൎക്കു ധൎമ്മമില്ലായിരുന്നു.

"വൈരത്തിൻവചനം ബലത്തിനുരക-
ല്ലാത്മാഭിമാനാലയം
സ്വാരാജ്യപ്രമദാസ്വയംവരസദ-
സ്സൽകൃഷ്ടശൌൎയ്യാസ്പദം,
പാരിൾക്കവസാനവീരശയനം,
പ്രാണാഗ്നിഹോമാദ്ധ്വരം
സ്വൈരംവാനിനുചേൎന്നപാലമടരെ-
ന്നുള്ളാശ്രമം ........"

ഇങ്ങനെയൊരാശ്രമമാണത്രേയുദ്ധം. ശത്രുവിന്ന 'പരൻ, വിമതൻ എന്നൊക്കെയായിരുന്ന പഴയ പൎയ്യായങ്ങൾ; എന്നുവെച്ചാൽ, ശത്രുവിനെ 'മറെറാരുത്തൻ' 'അഭിപ്രായവ്യത്യാസക്കാരൻ' എന്നിങ്ങനെയാണ് ഭാരതീയർ എണ്ണിയിരുന്നതെന്നു സാരം. എന്തെന്നാൽ ശത്രുവും മനുഷ്യൻതന്നെയാണ്. തന്നെക്കാൾ അവൻ മോശക്കാരനോ പ്രത്യേകിച്ചു ദോഷമുള്ളവനോ ഒന്നുമല്ല. എന്തൊരു സമബുദ്ധിയാണ് ഭാരതീയരുടെ യുദ്ധങ്ങളേയും നിയന്ത്രിച്ചിരുന്നതു്. തന്നിമിത്തം ശത്രുവിനുള്ളതിനേക്കാൾ നല്ല ആയുധങ്ങൾ അവർ ധരിക്കുമായിരുന്നില്ല. സ്വന്തബലം മുഴുവൻ ശത്രു കാണത്തക്കവിധം സൈന്യത്തെ അണിനിരത്തുകയായിരുന്നു അവരുടെ പതിവു്. ഇതുകൊണ്ടാണ് കുരുക്ഷേത്രത്തിൽവച്ചു് അൎജ്ജുനൻ കൌരവസൈന്യത്തെ മുഴുവൻ കാണത്തക്കവിധം പടകളുടെ നടുവിലേയ്ക്കു

തേരുതെളിക്കാൻ കൃഷ്ണനോടാവശ്യപ്പെട്ടു്. അലക്സാണ്ടർ ഝലം നദീതീരത്തു് എത്തിയപ്പോൾ പൂരു ചെയ്തതു് സൈന്യത്തെ മുഴുവൻ അലക്സാണ്ടർ കാണുന്നതിനുവേണ്ടി അണിനിരത്തുകയായിരുന്നു. യുദ്ധമര്യാദയും ദേശമര്യാദയും അറിയാത്ത പാശ്ചാത്യവിജിഗീഷു ഇതിൻെറ രഹസ്യം മനസ്സിലാക്കിയില്ല. പാശ്ചാത്യചരിത്രകാരന്‌ ഇതൊന്നും ഇന്നും മനസ്സിലാകയുമില്ല. തൻെറ ബലം കണ്ടതിനുശേഷം പിന്നെയും യുദ്ധം വേണമെന്നു് ശത്രുവിനു തോന്നുന്നെങ്കിൽ അതാകാം; അല്ലെങ്കിൽ അയാൾക്കു യുദ്ധം കൂടാതെ തിരിച്ചുപോകാം. ഇതാണു് ആദ്യംതന്നെ നെടുകെ പടനിരത്തുന്നതിൻെറ ഉദ്ദേശം. ഇതെങ്ങനെ പാശ്ചാത്യനു മനസ്സിലാകും? യുദ്ധക്കളത്തിലല്ലാതെ മററു അതൃത്തികളിലെങ്ങും കാവലിടേണ്ട ആവശ്യം ഭാരതീയർ കണ്ടിരുന്നില്ല. കാരണം, അവക്കു യുദ്ധം പടക്കളത്തിൽ മാത്രമേയുള്ളു. പകൽ യുദ്ധം കഴിഞ്ഞാൽ ഉഭയകക്ഷികളും പിറേറന്നുവരെ ചങ്ങാതികളാണു്. പാണ്ഡവരുടെ കൈനിലയിൽ പാതിരായ്ക്കു അശ്വത്ഥാമാവിനു പ്രവേശിക്കാൻ സാധിച്ചതു് ഈ ഒററക്കാരണത്താലായിരുന്നു. ശ്രീകൃഷ്ണൻപോലും അങ്ങനെ ഒരാപത്തു് ശങ്കിച്ചിരുന്നില്ല. പൂരുവും ഝലംനദീതീരത്തിൻെറ മററു ഭാഗങ്ങളിൽ കാവലിടേണ്ട ആവശ്യം കണ്ടില്ല. അലക്സാണ്ടറിനു് ഇതുതന്നെ തരമെന്നു തോന്നിയതു് ആശ്ചര്യമല്ലായിരിക്കാം. പക്ഷെ പൂരുവിനു് അതിൽ ആശ്ചര്യത്തിനു വകയുണ്ടായിരുന്നു. മുന്നറിവുകൊടുക്കാത്ത യുദ്ധം, പിന്നിൽക്കൂടി പാതിരായ്ക്കുള്ള ആക്രമണം—ഇതൊന്നും ഭഗവാനുപോലും ശങ്കിക്കാവുന്നതല്ലെങ്കിൽ പൂരു എങ്ങനെ ശങ്കിക്കും?

അലക്സാണ്ടർ ഇന്ത്യയിൽനിന്നു പോയതു് പൂരുവിനു രാജ്യം തിരിച്ചുകൊടുത്തിട്ടാണല്ലോ. യുദ്ധവീരനായി ഇന്ത്യയിൽ വന്ന അലക്സാണ്ഡർ ഇവിടെനിന്നു തിരിച്ചുപോയതു് ഒരു പരിശുദ്ധനായിട്ടാണു്. ഇതിനു കാരണം ദണ്ഡമിസ് എന്നു ഗ്രീക്കുകാർ പറയുന്ന ദണ്ഡിസ്വാമി എന്ന ജ്ഞാനിയുമായുള്ള അദ്ദേഹത്തിൻെറ കൂടിക്കാഴ്ചയായിരുന്നു. താൻ ക്ഷണിച്ചിട്ടു് കൂട്ടാക്കാത്ത ഒരു രണ്ടാമത്തെ മനുഷ്യനെ അലക്സാണ്ടർ കണ്ടു. അതാണു് ഈ ദണ്ഡിസ്വാമി. അദ്ദേഹത്തെ കൊന്നുകളയുമെന്നു അലക്സാണ്ടർ ഭീഷണിപ്പെടുത്തി, ദണ്ഡിസ്വാമി അതിനെ പുല്ലുപോലെ ഗണിക്കയാണുണ്ടായതു്. അവർ തമ്മിലുള്ള സംഭാഷണത്തിൽ അലക്സാണ്ടറിനു് അല്പം വെളിച്ചം കാണാൻ സാധിച്ചു. ലോകം തന്നെ കീഴടങ്ങിയാലും അതു നിഷ്പ്രയോജനമാണെന്നു ദണ്ഡിസ്വാമി അദ്ദേഹത്തിനു മനസ്സിലാകത്തക്കവിധം പറഞ്ഞുകൊടുത്തു. പിന്നെന്തിനാണു് ഈ യുദ്ധമെല്ലാം? അലക്സാണ്ടർ ആലോചിച്ചു. അദ്ദേഹത്തിനു കാര്യം മനസ്സിലായി. പിടിച്ചടക്കിയ പ്രദേശംതന്നെയും വിട്ടുകളയാമെന്നു അദ്ദേഹത്തിനു തോന്നി. അങ്ങനെയാണു് പൂരുവിനു് അദ്ദേഹം രാജ്യം വിട്ടുകൊടുത്തതു്.

അതിനുശേഷം ഇന്ത്യയെ പലതവണ ആക്രമിച്ചു കൊള്ളചെയ്ത ഗിസ്നിമഹമ്മദിനു പററിയ ആപത്തു് പാശ്ചാത്യ ചരിത്രകാരന്മാർ ഇരുട്ടിൽ സൂക്ഷിക്കുകയാണു ചെയ്തതു്. എന്നാൽ മഹമ്മദിനു രാജപുട്ടാണയിൽവച്ചുണ്ടായ ഭീമമായ പരാജയം ശ്രീ നെഹ്റു രേഖപ്പെടുത്തിയിട്ടുണ്ടു്. സോമനാഥവിഗ്രഹഭഞ്ജനത്തിനു ശേഷം നടന്ന കഥയാണതു്. ഇന്ത്യാനുദർശനം (Discovery of India) എന്ന ഗ്രന്ഥത്തിൽ ശ്രീ: നെഹ്റു പറയുന്നു:— "He met with a severe defeat also in

the Rajaputana desert regions on his way back from Somanath in Kathiawar. This was his last raid and he did not return.

"There is a curious passage relating to this defeat in an old chronide in persian."

അതു് അദ്ദേഹം ഇങ്ങനെ ഉദ്ധരിക്കുന്നു:—

"Shah Mohamad took to his heals in dismay and saved his life, but many of his followers in both sexes were captured. Turk, Afghan and Mogul female prisoners, if they happened to be virgins were accepted as wives by Indian soldiers...The bowels of the others, however, were cleansed by means of emetics and purgatives and thereafter the captives were married is similar ranks"

രാജപുട്ടാണ മരുപ്രദേശത്തിൽ ഉണ്ടായ കഠിനമായ തോൽവിക്കുശേഷം മഹമ്മദ് തിരിച്ചുവന്നിട്ടില്ല. അനേകം സ്ത്രീപുരുഷന്മാരെ ഇന്ത്യക്കാർ തടവിൽ പിടിച്ചു, സ്ത്രീകൾ കന്യകകളാണെങ്കിൽ ഇന്ത്യൻ ഭടന്മാർ അവരെ ഭാര്യമാരായി സ്വീകരിച്ചു. മററു സ്ത്രീകളെ വമനവിരേചനാദികൾ കൊണ്ടു കുടൽ ശുദ്ധിചെയ്തു ശേഷവും സ്വീകരിച്ചു. ഇതാണു കഥ. മഹമ്മദ് ഒരു കൊള്ളക്കാരന്റെ നിലയിലാണു് ഇന്ത്യയെ ആക്രമിച്ചതെന്നുള്ളതും സ്മരണീയമാണു്.

ഭാരതത്തിൽ ഹൈന്ദവസ്വാതന്ത്ര്യം 1192 വരെ വിജയിച്ചിരുന്നു. അഹിന്ദുക്കൾ അതു അപഹരിച്ചതു് അഥവാ കൂടുതൽ ശരിയായിപ്പറഞ്ഞാൽ വിദേശികൾക്കു ഹിന്ദുക്കൾ പാദകാണിക്കയായിവച്ചുകൊടുത്തതു് ആ വർഷത്തിലാണു്. അതിന്റെ ചരിത്രവും കുറഞ്ഞൊന്നു് അറിയേണ്ടതാണല്ലോ.

അക്കാലത്തു് ദില്ലിയിലെ പൃഥുചക്രവർത്തിയുടെ കയ്യിലാണു് ചൂഡാരത്നമിരുന്നതു്. ഇദ്ദേഹം ദശരഥനെപ്പോലെ വിൽപ്പയററിൽ ശബ്ദവേധംവരെ അഭ്യസിച്ചിരുന്ന ഒരു മഹാനായിരുന്നു. ലക്ഷ്യം കാണാതെ ശബ്ദംകേട്ട കണക്കിനു് എയ്തു കൊള്ളിക്കയാണു് ശബ്ദവേധത്തിന്റെ സ്വഭാവം. അതിരിക്കട്ടെ.

1191-ൽ കന്യാകുബ്ജത്തിലെ ജയചന്ദ്രനും പൃഥുവുംകൂടി ഗോറി മഹമ്മദിനെ തോല്പിച്ചോടിച്ച കഥ ചരിത്രപ്രസിദ്ധമാണല്ലോ. പക്ഷെ ജയചന്ദ്രനെക്കൊണ്ടു പ്രയോജനമൊന്നുമുണ്ടായില്ലെന്നും പൃഥുവാണു് യുദ്ധം ജയിച്ചതെന്നും ആളുകൾ പരക്കെ പറയാൻ ഇടയായി. ഇതു ജയചന്ദ്രനു പണ്ടേ ഉണ്ടായിരുന്ന അസൂയയെ ആളിക്കത്തിക്കാൻ പര്യാപ്തമായിരുന്നു. വിശ്വൈകധനുർദ്ധരനും, സുന്ദരനും പ്രബലനുമായ പൃഥുവിന്റെ കീർത്തി ജയചന്ദ്രന്റെ മകൾ സുജാതയുടെ കർണ്ണത്തിലുമെത്തി. ചരിത്രകാരന്മാർ പലരും ഈ രാജകുമാരിയെ സംയുക്തയെന്നു വിളിക്കുന്നുണ്ടു്. എന്നാൽ സാഹിത്യകാരന്മാർ അവളെ സുജാതയെന്നാണു് വിളിക്കുന്നതു്. വിവിധഭാഷാപണ്ഡിതനായിരുന്ന ഉള്ളൂരിന്റെ സുജാതോദ്വാഹം ചമ്പുവിൽ

"ശംഖിന്നല്ലോ പികത്തിൻ വസതി,
പവിഴവും മുത്തുമബ്ജത്തിലാമോ
തിങ്കൾക്കീറിന്നുമേലോ മുകിൽനിര
യമൃതിനാശ്രയംതൊണ്ടിതാനോ?

എന്നും മററും സുജാതയുടെ സൗന്ദര്യവർണ്ണന സാധിച്ചിട്ടുണ്ടു്. പൃഥുവിന്നും ഉള്ളൂരിനെപ്പോലൊക്കെത്തന്നെ, സുജാതയെപ്പററി അല്പം പിടിച്ചിരുന്നു എന്നാണു് ചരിത്രം. അദ്ദേഹം കവിതയൊന്നും എഴുതാൻ മിനക്കെടാതെ പെണ്ണിനെ തട്ടിക്കൊണ്ടുപോന്നു എന്നേ പറയേണ്ടു. പക്ഷേ കവിതയെക്കാൾ കാവ്യമായ രീതിയിലാണു് ആ സംഭവം നടന്നതു്.

സുജാതയെ വിവാഹം കഴിക്കാൻ പല രാജാക്കന്മാരും കൊതിച്ചിരുന്നതിനാൽ ആരെയും വെറുപ്പിക്കേണ്ടെന്നു കരുതി ജയചന്ദ്രൻ അതൊരു സ്വയംവരം ആക്കുകയാണുണ്ടായതു്. എന്നാൽ പൃഥുവിനെ അദ്ദേഹം സ്വയംവരത്തിനു ക്ഷണിച്ചില്ല. പകരം കരിതേച്ച ഒരു പൃഥുരാജപ്രതിമ സ്വയംവരമണ്ഡപത്തിന്റെ വാതിലിൽ സ്ഥാപിക്കയും ചെയ്തു. കന്യകയാകട്ടെ നാനാരാജാക്കന്മാരുടെ ശീലകുലമാഹാത്മ്യാദികൾ വർണ്ണിക്കുന്ന തോഴിയുടെ കൈവിടുവിച്ചുകൊണ്ടു മണ്ഡപവാതിലിലെത്തി, കരിതേച്ച പൃഥുപ്രതിമയുടെ മുമ്പിൽ വണങ്ങി അതിന്റെ കഴുത്തിൽ വരണമാല്യവും ചാർത്തി. അതിനിടയിൽ അവിടെ കാവൽനിന്നിരുന്ന സാദിഗണങ്ങളുടെ മദ്ധ്യത്തിൽനിന്നു് ഒരുവൻ ചാടിവീണു് അവളെ എടുത്തു കുതിരപ്പുറത്തിരുത്തി പാഞ്ഞുപോകയും ചെയ്തു.

ഇത്രയുംകൊണ്ടുതന്നെ സകലതും അലങ്കോലമായതു പോരെങ്കിൽ കന്യകാർത്ഥികളായ രാജാക്കന്മാർ കുറെ ഭർത്സിക്കയും കൂടി ചെയ്തപ്പോൾ ജയചന്ദ്രന്റെ രോഷത്തിനു് അതിരും അളവും ഇല്ലെന്നായി. പൃഥുവിനോടു വിരോധമുണ്ടെങ്കിലും മററു രാജാക്കന്മാർ തന്നോടൊത്തു അദ്ദേഹത്തെ എതിരിടാൻ പുറപ്പെടുകയില്ലെന്നു ജയചന്ദ്രൻ അറിഞ്ഞിരുന്നു. അതിനാൽ ആ ധൂമകേതു നേരെ ഗോറി മഹമ്മദിനെ സമീപിക്കയാണു ചെയ്തതു്. രണ്ടുപേരും വളരെ ബുദ്ധിപൂർവ്വംതന്നെ കൂടിയാലോചന നടത്തി. പക്ഷെ രണ്ടു ബുദ്ധിയും രണ്ടു വഴിക്കായിരുന്നു എന്നേയുള്ളു. പൃഥുവിനെ നിഗ്രഹിച്ചു് ഹസ്തിനപുരത്തിലെ അളവററ രത്നങ്ങളും, വേണമെങ്കിൽ ധിക്കാരിയും ഭ്രഷ്ടയുമായ സുജാതയെത്തന്നെയും അങ്ങുകൊടുത്തേച്ചാൽ തനിക്കു നാടുമുഴുവൻ വാഴാമെന്നാണു് ജയചന്ദ്രൻ വിചാരിച്ചതു്.

മഹമ്മദുഗോറിയോ?

“രാവണി യുദ്ധേ മരിച്ചുവെന്നാകിലോ
രാവണൻ താനും മരിച്ചാനറിക നീ”

പൃഥുവിനെ വീഴ്ത്താൻ സാധിച്ചാൽ പിന്നെ ജയചന്ദ്രനെ ശരിപ്പെടുത്താൻ പ്രയാസമില്ല. അതോടെ ഭാരതത്തിൽ തന്റെ സാമ്രാജ്യം പരക്കുകയും ചെയ്യും. ഇതായിരുന്നു ഗോറിയുടെ ബുദ്ധി. തലേക്കൊല്ലത്തിൽ പൃഥുവുമായി ഏററുമുട്ടിയപ്പോൾ നേരിട്ട അനുഭവമാണു് ജയചന്ദ്രസഹായത്തോടെങ്കിലും അദ്ദേഹത്തെ ആദ്യം നിഗ്രഹിക്കണമെന്നു ഗോറിക്കുണ്ടായ ആലോചനയ്ക്കു കാരണം. സ്വയംവരത്തിൽ അണ്ടികളഞ്ഞ അണ്ണാനെപ്പോലായ രാജാക്കന്മാരിൽ ചിലർകൂടി ഗോറിയെ സഹായിക്കാനുമുണ്ടായി. ഭാരതസ്വാതന്ത്ര്യവും സംസ്കാരവിശേഷവുമെല്ലാം അതാ അസ്തമിക്കാൻ പോകുന്നു എന്നു പൃഥുവിന്റെ നർമ്മസചിവനും കവിയും യോദ്ധാവും ദൈവജ്ഞനുമായിരുന്ന ഭട്ടനാരായണൻ ദീർഘദർശനം ചെയ്തു. ഗോറീജയചന്ദ്രന്മാരുടെ സംയുക്തസൈന്യം ഹസ്തിനപുരത്തേക്കു നീങ്ങി. സുജാതയും മററു ക്ഷത്രിയസ്ത്രീകളും അഗ്നി

പ്രവേശം ചെയ്തു. യുദ്ധാവസാനത്തിൽ നഷ്ടപ്രജ്ഞനായി പടക്കളത്തിൽ വീണ പൃഥുവും ഒപ്പം ഭാരതചൂഡാമണിയും മുസ്ലീം പടകുടീരത്തിലേക്കു മാററപ്പെട്ടു. ഭട്ടനാരായണൻ ഒരു മുസ്ലീംഭടൻെറ വേഷത്തിൽ പോർക്കളത്തിൽനിന്നും പൃഥുവിനെ അനുഗമിച്ചു. ഒടുവിൽ ഗോറി പൃഥുവിനെ ഒരു കല്ലറയിൽ അടച്ചപ്പോൾ അതിൻെറ കാവൽക്കാരനായി ഭട്ടനാരായണനും കടന്നുകൂടി. അപ്പോഴെയ്ക്കു് രംഗം, അഫ്ഗാനിസ്ഥാനിലേക്കു മാറിയിരുന്നു.

ഒരു കൊല്ലം തികയുന്നതിനുമുൻപു തന്നെ ഗോറി ജയചന്ദ്രനുമായി യുദ്ധത്തിനു പുറപ്പെട്ടു. ആഗ്രായ്ക്കു സമീപം ചന്ദ്രവാരം എന്ന സ്ഥലത്തുവച്ചുണ്ടായ യുദ്ധത്തിൽ ഗോറിയുടെ സൈന്യം നാലുപാടും ഓട്ടമെന്നുള്ള ദിക്കായി. വിജയപ്രകാശം കണ്ടുതുടങ്ങി. പക്ഷെ അപ്പോൾ ഒരു അമ്പു് എങ്ങുനിന്നോവന്നു ജയചന്ദ്രൻെറ കണ്ണിൽ തറച്ചു. അതോടെ അദ്ദേഹം മരിച്ചുവീണു. ഹിന്ദുസ്ഥാനം ഗോറിക്കു കീഴടങ്ങാൻ പിന്നെ താമസമില്ലല്ലോ.

ഗോറിയുടെ വിജയം ആഘോഷിക്കപ്പെടേണ്ട ഒന്നുതന്നെ ആയിരുന്നു. ആഘോഷങ്ങളെല്ലാം നടക്കുകയും ചെയ്തു. അതിൽ ഭടന്മാരുടെ കായികാഭ്യാസങ്ങളുടെ കൂട്ടത്തിൽ ഹിന്ദുസ്ഥാനത്തിൽനിന്നു പിടിച്ചു തടവുകാരനായ പൃഥുവിൻെറ ശബ്ദവേധവിദ്യകൂടി ഉൾപ്പെടുത്തപ്പെട്ടിരുന്നു.

മഹമ്മദുഗോറിയും ചില വൻകിടപ്രമാണികളും കൊട്ടാരത്തിൻെറ മൂന്നാംനിലയിലുള്ള വരാന്തയിൽ ആസനസ്ഥരായി. താഴെയുള്ള വിശാലമായ അങ്കണത്തിൽ അഭ്യാസങ്ങൾ നടക്കുന്നു. പൃഥുവിൻെറ കണ്ണുകൾ പൂഴിയിട്ടു നിറച്ചു് പട്ടുകൊണ്ടു പല ചുററിട്ടു ഭദ്രമായി കെട്ടിരിക്കയാണു്. അടുക്കൽ കാവൽക്കാരൻ ഭട്ടനാരായണനുമുണ്ടു്. ഒരു കിളിയെ അടച്ച പഞ്ജരം ഗോറിയിരിക്കുന്ന വരാന്തയുടെ ഒരു മൂലയിൽ തൂങ്ങുന്നു. അതു ശബ്ദിക്കുമ്പോൾ ശബ്ദംകേട്ടു് അതിൻെറ തല എയ്തു മുറിക്കാനാണു് നിർദ്ദേശം. പൃഥുവിൻെറ കൈയ്യിൽ വില്ലും അമ്പും കിട്ടിയപ്പോൾ അദ്ദേഹം ദീർഘമായൊന്നു നിശ്വസിച്ചു. വില്ലുകുലച്ചു ഞാൺ പൂട്ടി ചില ചില്ലറ ഞാണൊലികൾ പുറപ്പെടുവിച്ചിട്ടു് മെയ് വഴക്കുന്നതിനുവേണ്ടി അദ്ദേഹം മൂന്നുനാലു ചുവടുകൾ ചവുട്ടി. ഭട്ടനാരായണൻ ചില സംസ്കൃതഗാനങ്ങൾ മൂളി. കിളിക്കൂടിനല്പം വടക്കുപടിഞ്ഞാറു മാറി രത്നസിംഹാസനത്തിൽ ഇരുന്നരുളുന്ന ഗോറി മഹാരാജൻ വിജയിക്കട്ടെ. അള്ളാവിന്റെ കൃപ ഭവിക്കട്ടെ. എന്നിങ്ങനെ ആയിരുന്നു പാട്ടിൻെറ സാരം. അത്രയും കേട്ടപ്പോൾ കിളിയെ ശബ്ദിപ്പിച്ചു കൊള്ളാൻ പൃഥു ആജ്ഞനൽകി. കൂട്ടിൽനിന്നു കിളിയുടെ ശബ്ദം കേട്ടു. പൃഥുവിൻെറ അമ്പു് ലക്ഷ്യത്തിൽതന്നെ തറച്ചു. പക്ഷെ അങ്കണത്തിൽ വീണതു് ഗോറിയുടെ തലയായിരുന്നു. അടുത്ത നിമിഷത്തിൽ കണ്ണുകെട്ടറുത്തു മേലായംകൊണ്ടു ചാടി മാളികമുകളിലെത്തിയ പൃഥു അവിടെ നിന്നുകൊണ്ടു അനേകം വീരന്മാരെ അമ്പെയ്തു കാലനുക്കയച്ചു. ഭട്ടനാരായണൻ താഴെ നിന്നുകൊണ്ടും ചെയ്തതു് അതുതന്നെയായിരുന്നു.

ഈ സംഭവം ഒരു കെട്ടുകഥപോലെയാണു തോന്നുക. ഗോറിയുടെ മരണം എങ്ങനെയായിരുന്നു എന്നുള്ളതിനെപ്പററി മുസ്ലീം ചരിത്രകാരന്മാർ ഏകാഭിപ്രായക്കാരല്ല. എന്നാൽ രാജപുത്രവീരകഥകളിൽ അതു മേൽപ്രകാരമാണു കാണുന്നതു്. Cambridge History of India-യിൽ അതിനു് ഉപോദ്ബലകമായ ഒരു സൂചനയുണ്ടു്. അതിങ്ങനെയാണു്. "The circumstances of Mohamad's death are a vexed question.

The legend which attributes it to Prithivi Raj who according to the bards of the Rajputs had not been slain at Taraori, but was wounded and taken prisoner, and remained after having been blinded, a captive for the rest of his life, is mentioned by one Mohammadan historian".

പൃഥ്വി ജീവാന്ത്യംവരെ അന്ധനായിരുന്നു എന്നും യുദ്ധത്തിലല്ല അദ്ദേഹം മരിച്ചതെന്നും ഈ ഭാഗം വെളിപ്പെടുത്തുന്നുണ്ടല്ലോ. ചൂഡാമണി ഗോറിയുടെ കൈവശമായെന്നും, അനന്തരം അതു വഴിക്കുവഴി മുഗൾ ചക്രവർത്തിമാരുടെ സ്വത്തായെന്നും മാത്രമേ ഈ പ്രകൃതത്തിൽ കൂടുതലായി അറിയേണ്ടതുള്ളു. മുഗൾ ചക്രവർത്തിമാരുടെ കൈയിൽനിന്നു് അതു സൂത്രത്തിൽ കൈക്കലാക്കിയ കഥ ചരിത്രപ്രസിദ്ധവുമാണു്.

അനന്തരകാലത്തു് "കോഹിനൂർ" വീണ്ടും ഒരിക്കൽകൂടി ഇന്ത്യയിൽവന്നു. അതു പരാക്രമിയായ രണജിൽസിംഹന്റെ ഒരു നേട്ടമായിട്ടായിരുന്നുതാനും. ചൂഡാമണിക്കു് കോഹിനൂർ എന്ന പേരിട്ടതു നാദിർഷായെത്തുടർന്നു് മുസ്ലീം ചരിത്രകാരന്മാരാണു്. പ്രകാശപർവ്വതം (Mountain of light) എന്നാണു് ആ വാക്കിന്റെ അർത്ഥം. രണജിത്തിന്റെ കാലശേഷം ഈ പർവ്വതം ഈസ്റ്റിന്ത്യാക്കമ്പനിക്കാർക്കു കിട്ടി. അവർ അതു് ഭാഗ്യശാലിനിയായ വിക്ടോറിയാമഹാരാജ്ഞിക്കു സമ്മാനിക്കയും ചെയ്തു. അതോടെ കമ്പനിയുടെ ഭരണമെല്ലാം അവസാനിച്ചെന്നു പറയേണ്ടതുമില്ല.

കോഹിനൂറിന്റെ ദീർഘദീർഘമായ ചരിത്രത്തിലെ അന്തിമഘട്ടങ്ങൾ മാത്രമേ ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ പെടാവുള്ളു. അതു 14-ാം നൂറ്റാണ്ടു മുതലാണു് അറിയപ്പെട്ടു തുടങ്ങിയതെന്നു എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കാ പറയുന്നു. ആദ്യം അതിനു 186 കാരററിൽ ചില്വാനം തൂക്കമുണ്ടായിരുന്നെങ്കിലും വീണ്ടും പട്ടം തേച്ചശേഷം അതു് 106-ൽ ചില്വാനം കാരററായി കുറഞ്ഞു. കോഹിനൂർ രത്നം ഇന്ത്യയ്ക്കു തിരിച്ചുകിട്ടേണ്ടതാണെന്നു് വജ്രവിദഗ്ദ്ധനായ സർ സി. വി. രാമൻ അടുത്തകാലത്തു മുറവിളികൂട്ടിയിരുന്നല്ലോ.

ഉൽകൃഷ്ടരത്നങ്ങൾക്കു ഓരോകാലത്തു് അതിനുപററിയ മന്ത്രതന്ത്രാദിസംസ്കാരങ്ങൾ ആവശ്യമാണെന്നാണു് ഇന്ത്യക്കാരുടെ വിശ്വാസം. കോഹിനൂറിനു ചരിത്രകാലങ്ങളിലെങ്ങും അതുണ്ടായതായി അറിവില്ല. ഭിന്നസംസ്കാരക്കാരുടെ കൈവശം അതുണ്ടാകാൻ ന്യായവുമില്ല. പകരം അതു ചെറുതാകയും 1911-ൽ വീണ്ടും പിളർക്കപ്പെടുകയും ചെയ്തെന്നാണറിവു്. ഇന്ത്യ പിളർക്കപ്പെട്ടതു് ഈയിടെയുണ്ടായ ഒരു നിസ്സാരസംഭവമായിരിക്കാം. പക്ഷെ നമ്മുടെ ചില മന്ത്രിമാർ ഇപ്പോഴും പറയുന്നതു് പണ്ടാർക്കും സാധിക്കാത്ത ഏകീകരണം നമുക്കിപ്പോൾ സാധിച്ചിരിക്കുന്നു എന്നാണു്. ബ്രിട്ടീഷുകാർക്കു് എന്തെല്ലാം ദോഷമുണ്ടായാലും അവർ ഇന്ത്യയെ ഏകീകരിച്ചെന്നുള്ളതു ചരിത്രസാക്ഷികമായ ഒരു സത്യമാണു്. കോഹിനൂർ പിളർന്നെങ്കിൽ അതിനുശേഷം രണ്ടു മഹായുദ്ധങ്ങളിൽ ബ്രിട്ടീഷുകാർ ക്ഷയിക്കയും സാമ്രാജ്യം ഉപേക്ഷിക്കയും ഇന്ത്യയെത്തന്നെ രണ്ടായി പിളർക്കാൻ അവരോടൊത്തു നാമും സമ്മതിക്കയും ചെയ്തെന്നുള്ളതും ചരിത്രസാക്ഷികം തന്നെയാണു്. ആകെക്കൂടി നോക്കിയാൽ അലക്സാണ്ടറിനെ പൂരുവിനെതിരായി ക്ഷണിച്ചുവരുത്തിയ സംഭവം മുതലിങ്ങോട്ടു് ഏതു കാലത്തും ഇന്ത്യൻസ്വാതന്ത്ര്യത്തെ അപകടപ്പെടുത്തിയിട്ടുള്ളതെല്ലാം ഹിന്ദുക്കൾ എന്നു പറയുന്ന ഒരുകൂട്ടം ജന്തുക്കളാണെന്നുള്ളതു് മറച്ചാലും മറയാത്തകാര്യമാണു്.

# ഭാഷാസാഹിത്യത്തിലെ ഹാസ്യം

## (പ്രാചീന മലയാളസാഹിത്യത്തിൽ)

സി. കെ. നാരായണക്കുറുപ്പ് എം. എ.

ഹാസ്യത്തിന്റെ ആവിഷ്കരണത്തിലും ആസ്വാദനത്തിലും കേരളീയർ ഒരു കാലത്തും പിന്നോക്കമായിരുന്നില്ല. ഇംഗ്ലീഷുകാരന്റെ Humour, അതിന്റെ സമ്പൂർണ്ണരൂപത്തിൽ, വിശേഷിച്ചും അതിന്റെ മൃദുലവും സൂക്ഷ്മവുമായ ഭാവങ്ങളിൽ നമുക്കു സ്വായത്തമായിത്തീർന്നിട്ടില്ലെന്നുള്ളതു പരമാർത്ഥം തന്നെ. അതിൽ അത്ഭുതത്തിനവകാശവുമില്ല. കലയുടെയും സാഹിത്യത്തിന്റെയും കലവറയായ ഫ്രാൻസിൽപോലും Humour ഇന്നും കടംകൊണ്ട സ്വത്താണ്. അങ്ങനെയിരിക്കെ Humour എന്ന പദത്തിന്റെ, വിവിധങ്ങളായ നിഴൽപ്പാടുകളിലും നിരവധി നിലപാടുകളിലും വെളിച്ചം വീശാൻ കഴിവുള്ള ഒരു പദം നമുക്കില്ലെന്നു പറഞ്ഞാൽ അതൊരു വലിയ കുറവല്ല. ഇംഗ്ലീഷ്ജനതയുടെ ജാതീയമുദ്രയാണ് Humour. അവ്യക്തമധുരമായ ചില സൂക്ഷ്മഭാവങ്ങളൊഴിച്ചുള്ള അർത്ഥജാലം ഒട്ടുമുഴുവനുംതന്നെ നമ്മുടെ 'ഹാസ്യ'ത്തിൽ ഒതുക്കിനിർത്താൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം. വെടിയും, തമാശയും, വിനോദവും, ഫലിതവും, ഉപഹാസവും, ഉപാലംഭവും, ഉല്ലുണ്ഠനവും എല്ലാം ഇതിൽ ഉൾപ്പെടും. പലതിനേയുമെന്നപോലെ 'കടുനിറം' കലർത്തിയാണ് പൗരസ്ത്യരായ നാം ഹാസ്യത്തേയും ചിത്രീകരിക്കുന്നതു്. കരുണത്തോടു കലർത്തി കണ്ണുനീരിൽ ഭാവനചെയ്യപ്പെടുന്ന ഹാസ്യം നമുക്ക് ഇല്ലെന്നുതന്നെ പറയാം. പുഞ്ചിരിതൂകാനല്ല, പൊട്ടിച്ചിരിക്കാനാണ് നാം അധികം ഇഷ്ടപ്പെടുന്നതു്. [Chares Zamb-ന്റെ (Dream Children) എന്ന ഉപന്യാസത്തിലെ "എന്നാൽ അവളുടെ കുട്ടികൾ ബർട്രാമിനെയാണ് അച്ഛനെന്നു വിളിക്കുന്നതു്" എന്നവസാനിക്കുന്ന ശോകകലിതമായ വാക്യത്തെ നാം ഹാസ്യരസത്തിന്റെ പരിധിയിൽ പെടുത്തുമോ എന്നു സംശയമാണ്. പക്ഷേ അതു് ഇംഗ്ലീഷ് Humour-ന്റെ ഒന്നാംതരം ദൃഷ്ടാന്തമാണ്.]

ഫലിതപ്രിയന്മാരായ നമ്പൂതിരിമാരും ഉപഹാസചതുരന്മാരായ ചാക്യാന്മാരും നമ്മുടെ ഭാഷാസാഹിത്യത്തിന്റെ ഹാസ്യശാഖയെ വേണ്ടുവോളം പോഷിപ്പിച്ചിട്ടുണ്ട്. കുലശേഖരന്റെ സദസ്യനും നർമ്മസചിവനുമായിരുന്ന 'തോലകവി' തന്റെ ജീവിതത്തിലും കൃതികളിലും വിനോദത്തിനു ധാരാളം സ്ഥാനം നൽകിയ ഒരു പ്രതിഭാവാനായിരുന്നു. നമ്മുടെ നാട്ടിൽ ഹാസ്യാനുകരണത്തിന്റെ ഉപജ്ഞാതാവു തന്നെ അദ്ദേഹമാണ്. ഭാസന്റെ സ്വപ്നവാസവദത്തത്തിലെ "ബഹുശോഽപ്യുപദേശേഷു" എന്ന ശ്ലോകത്തെ അദ്ദേഹം

'ബഹുശോഽപ്യമി ചോദന്തോ
യയാ മാം നോക്കമാണയാ
ഹസ്തേന സ്രസ്തശ്രുപ്പേണ
കൃതമാകാശചരിതം'

എന്നു് 'ചക്കി'വിഷയകമായി രൂപംമാററുന്നു. യമകകാവ്യങ്ങളെഴുതി ശല്യപ്പെടുത്തുന്നതിനെ പരിഹസിച്ചുകൊണ്ട് അദ്ദേഹം എഴുതുകയാണ്:—

'ഥ പ്രഥനന്ദാനന്ദം,
പദദ്വയം നാത്ര കലിതനന്ദാനന്ദം
തനയം വന്ദേ വക്ത്രാ–
നിരന്വയം ദളിതദാനവം ദേവക്യാഃ'

അന്നത്തെ കുകവികളുടെ പുറത്തു് നെടുകെ അദ്ദേഹം കവഞ്ചിയടി നടത്തുന്നുണ്ടു്.

'കിടപ്പവരൊ, കിടയുന്തവരോറാ–
ണ്ണച്ചുകൊണ്ടേ വമനനാപിതാനി
പദാനി താൻ മൂരികളെക്കണക്കെ–
ക്കവിമാരികയ്യുർ ചമക്കയന്തി'

കിടക്കുന്നതും നടക്കുന്നതുമായ മൂരിക്കുട്ടന്മാരെ ഒരുമിച്ചു കെട്ടി നിലമുഴുന്നതുപോലെയാണു് ചിലർ ശ്ലോകമെഴുതിപ്പുറത്തിക്കുന്നതെന്നു പറയുന്ന തോലൻ ഒരു പ്രവാചകനുംകൂടിയായിരുന്നു എന്നതിൽ സംശയമില്ല.

വൈകൃതം അഥവാ വിലക്ഷണതയാണല്ലോ ഹാസ്യത്തിന്റെ ബീജം. ഈ വിലക്ഷണത ചിലപ്പോൾ കേവലം ശബ്ദനിഷ്ഠമായും, ചിലപ്പോൾ അർത്ഥനിഷ്ഠമായും മററു ചിലപ്പോൾ കഥാസന്ദർഭനിഷ്ഠമായും പ്രകടമാകുന്നു. വെറും ശബ്ദനിഷ്ഠമായ ഫലിതം പലപ്പോഴും ശ്ലേഷത്തെ ആശ്രയിച്ചുകൊണ്ടാണു പോകുന്നതു്. ചിലപ്പോൾ വക്രോക്തിയേയും.

"യോഗിമാർ സതതം പൊത്തും
ഉണ്ടെത്തത്തള്ളയാരഹോ
നാഴിയിൽ പാതിയാടീല
പലാകാശേന വാ നവാ"

'മൂക്കറ്റത്തമ്പ്യാര് ഉരിയാടിയില്ല, ബുദ്ധമാനംകൊണ്ടോ എന്തോ?' എന്ന അർത്ഥത്തെ ഇങ്ങനെ വളച്ചുകെട്ടി ശ്ലോകത്തിൽ പറയുന്നതും ഒരുതരം ഫലിതമായി ഒരുകാലത്തു് ഗണിച്ചിരുന്നു എന്നുള്ളതിൽ സംശയമില്ല.

ഭാരതീയനാടകങ്ങളിലെല്ലാം തന്നെ പ്രത്യക്ഷപ്പെടുന്ന വിദൂഷകന്മാർ ഒന്നൊഴിയാതെ ഭക്ഷണപ്രിയന്മാരാണു്. ഈ അമിതമായ ഭക്ഷണപ്രിയത്വം പ്രകടമാക്കുക, നല്ല ഫലിതമാണെന്നും നമ്മുടെ സാഹിത്യകാരന്മാർ കണക്കാക്കിവന്നു. പ്രാചീനമലയാളത്തിലും ഇതിനുദാഹരണങ്ങൾ സുലഭമാണു്. ഈ വഴിക്കും തോലൻ സഞ്ചരിച്ചിട്ടുണ്ടു്.

"അത്താഴത്തിനു കണ്ണിമാങ്ങ, പുളിയൻ
മോരും കരിങ്കാളനും
മത്തങ്ങാക്കറിയും മനോഹരമെനി–
ക്കപ്പം പുളിശ്ശേരിയും
വൃത്തം പകപ്വുമപ്പുമപ്പുകറിയും
കയ്പുള്ള ജംബീരവും
നിത്യം ഹന്ത! തരും നരന്നു നിയമേ
നാമീ നമസ്കുർമ്മഹേ"

ചാക്യാന്മാർ പുരുഷാർത്ഥം പറയുന്നേടത്തു്,

"വെണ്ണസ്മേരമുഖീം വരുത്തുവരളും
വൃന്താകദന്തച്ഛദാം
ചെററാമന്മധുരക്കറി സ്തനഭരാ
മല്ലോപദംശോദരീം
ചൊല്ലാമേന്നാരെരുമത്തയിർക്കടിതടാം
ചിങ്ങംപഴോരുദ്വയീ–
മേനാം ഭക്തി വധൂം ചിരിഞ്ഞയി സഖേ
ലോകഃ കഥം ജീവതി"

എന്നിങ്ങനെ ഭക്തിയെത്തന്നെ സ്വകാമിനിയായി വിഭാവനചെയ്യുന്നു.

ഏണാങ്കമണ്ഡലംപോലെ
ചോണാന്നീടിന പപ്പടം
ഊണിന്നു കാലമാകുമ്പോൾ
വേണം കാച്ചി വിളമ്പുവാൻ

എന്നീമട്ടിലുമുള്ള അനേകം പദ്യങ്ങളും വ്യാഖ്യാനങ്ങളുംകൊണ്ടു് അവർ കൂത്തിനു രസം

പിടിപ്പിച്ചിരുന്നു. യാത്രകളിയിലും ഇത്തരം പദ്യങ്ങൾ ധാരാളമായി കാണാം. യാത്രകളിപ്പാട്ടുകൾ മററുതരത്തിലുള്ള ചില ഹാസ്യമാതൃകകളും സംഭാവനചെയ്തിട്ടുണ്ട്. അവ പലപ്പോഴും ഗ്രാമ്യങ്ങളും ചിലപ്പോൾ സഭ്യേതരങ്ങളും ആയിപ്പോകാറുമുണ്ട്.

'മൂട്ടകടിച്ചല്ലൊ വലിയാനത്തലവൻ ചത്തു
മൂട്ടിൽ കിടന്നോരു മുതുകയ്യൻ പറന്നോ
പോയി
കാട്ടിൽ കിടന്ന രണ്ടെലിക്കുട്ടികളെല്ലുഴുതു
കാലത്തിളവിത്തു വിതച്ചപ്പോഴടയ്ക്കാ
കായ്ച്ചു'

എന്നിങ്ങനെയുള്ള കവിതകളെ ഹാസ്യസാഹിത്യപരിധിയിൽ പ്രവേശിപ്പിക്കാമോ എന്നു തന്നെ സംശയമാണ്. പക്ഷേ, അതിൽ രസംപിടിച്ച് നമ്മുടെ ആളുകൾ തടിച്ചുകൂടാറുണ്ടായിരുന്നു എന്നുള്ളതു് ഒരു സത്യം മാത്രമാണ്. തോലൻ ചാക്കിയെപ്പററി എഴുതിയിട്ടുള്ള പല പദ്യങ്ങളും അശ്ലീലങ്ങൾ അല്ലെന്നുവന്നാൽ തന്നെയും അശ്രീകരങ്ങളാണ്.

"വാനാററം കവർന്നാററമീറപൊടിയും
ഭാവം കൊടും ക്രൂരമാം
വാക്കും നോക്കുമിതാദിസർവ്വവിഭവാൻ
നിശ്ശേഷ ചാക്കീങ്ങളാൻ
ഇച്ചാക്യാമുപയുജ്യ പത്മജനഹോ
ചാക്യാണചാക്യാന്തരം
സൃഷ്ടിപ്പാനവ വേണമെങ്കിലിഹ വാ-
നൊല്ലാമിരുന്നീടണം"

എന്ന പദ്യവും

നാഴിഭിരുഴക്ഭിഃ
പാതി മണൽഭിസ്സൈവതാവ്'ലരിഭിഃ
യത്ര മനോരഥമുടനേ
സിദ്ധ്യതി തസ്യൈ നമോനമശ്ചക്യൈ

എന്ന പദ്യവും ഹാസത്തേക്കാൾ ജുഗുപ്സയെയാണ് ഉളവാക്കുന്നതെന്ന് പറയേണ്ടിയിരിക്കുന്നു.

തോലന്റെ കാലം കഴിഞ്ഞാൽ ചമ്പൂകാരന്മാർ പലരും തങ്ങളുടെ കൃതികളിൽ ഹാസ്യത്തിനു സമുചിതമായ സ്ഥാനം കൊടുത്തിരിക്കുന്നതായി കാണാം. പുനവും മഴമംഗലവും ഇതിൽ എല്ലാംകൊണ്ടും പ്രാമാണികന്മാരാണ്. സ്വയംവരോത്സവവർണ്ണനകളിലാണ് പ്രായേണ അവർ ഹാസ്യത്തിനു കളമൊരുക്കുന്നതു്.

'സഞ്ചാരിണീ ദീപശിഖേവ രാത്രൗ'' എന്ന പദ്യംകൊണ്ടു് കാളിദാസൻ വ്യംഗ്യമധുരമായി വർണ്ണിച്ച സന്ദർഭത്തെ തന്നെ തിരിച്ചും മറിച്ചും വലിച്ചുനീട്ടിയും കൊണ്ടുപോകുകയാണ് ഇവരിൽ പലരും ചെയ്തിട്ടുള്ളതു്.

സ്വയംവരാഘോഷം കാണാനുള്ള തിരക്കത്തിൽ

'പുടവവടിവു പോരാഞ്ഞിട്ടു കോപിച്ചു
കാചിൽ
ഝടിതി രമണവക്ത്രേ കൊണ്ടുപോകെ-
ന്നെറിഞ്ഞാൾ
തടിയനൊരുമെത്തൂംകൊണ്ടുതാഡനന്നിത്രപി-
ച്ചവിടെ നിലയൊടിക്കും കോപ്പു കണ്ടാൽ
വിശേഷം'

ഇപ്രകാരമുള്ള പല രംഗങ്ങളും മഴമംഗലത്തിന്റെ കവിതകളിൽ അവിരളമായി കാണാൻ കഴിയും. സീത സ്വയംവരമണ്ഡപത്തിങ്കലേക്കു വരുമ്പോൾ അവിടെക്കൂടിയ രാജാക്കന്മാർ സ്വയം തയ്യാറെടുക്കുന്നതിനെ പുനം വർണ്ണിക്കുന്നതു കേൾക്കുക:—

'അരുണാരം മറെറാരുത്തൻ ചെറിയൊരു
പനിനീർക്കുപ്പി മെല്ലെന്നൊട്ടത്ത-

തന്വാംഗീമൗലിരത്നമേദുരജഘനതടം
നോക്കിനോക്കിപ്രസാദീ
തണ്ണീർപോലേകുടിച്ചാനൊരു തടിയനിരു–
ന്നാഗളം............"

ഇതുപോലെ മററു പല പൊണ്ണന്മാരെയും അദ്ദേഹം നമുക്കു കാണിച്ചുതരുന്നുണ്ട്.

ജനസമുദായത്തിന്റെ അന്ധവിശ്വാസത്തേയും മററു ദൗർബ്ബല്യങ്ങളേയും ചൂഷണം ചെയ്ത് പണം പിടുങ്ങുന്ന ജ്യോത്സ്യന്മാർ, മാന്ത്രികന്മാർ, മുറിവൈദ്യന്മാർ തുടങ്ങി പലരും ചമ്പൂകാരന്മാർക്കു ശരവ്യമായിത്തീർന്നിരുന്നു. കുഞ്ചൻനമ്പ്യാരുടെ കാലത്തിനു വളരെ മുമ്പുതന്നെ ഇങ്ങനെയൊരു ഹാസ്യപദ്ധതി ചമ്പൂകാരന്മാർ ഉൽഘാടനം ചെയ്തു.

പുനംനമ്പൂതിരി,

'ക്ഷോണീപാലഗൃഹങ്ങളിലഭയ–
മണഞ്ഞും കൊട്ട–
ത്തേങ്ങാ നിഖിലം ചുട്ടുമുടിച്ചും
കട്ടുഭുജിച്ചും
ഓന്തും, ചുണ്ടെലി, ചെരത്തടിയൻ–
വാലുമെറുമ്പും
മാറ്റുരശിലാത്തൊണ്ടുവിത്തരമൊക്കെ
ത്തക്കെ വറുത്തുപൊടിച്ചു ചുടല-
ബ്ഭസ്മം
മേളിച്ചുഴകൊട്ട മഷിയുണ്ടാക്കിവിത്തുലാം
ത്രിഭുവനവശ്യമിതെന്നൊരു പേരും
ഉള്ളായ്
തിത്തപ്പുളജളമധുളിജനത്തിനു ദത്വാ
പൊന്നും പണവും പച്ചേ ഝടിതി
പറിച്ചും,

എന്നു മാന്ത്രികന്മാരെപ്പററിയും,

'കണ്ട മരുന്നു പറിച്ചുമരച്ചും, കുടുകിട–
യുള്ളതര–
ത്തിലെന്നിട്ടിടയിലരച്ചും,
വാതദ്വേഷിണി
പിത്തവിരോധിനി, കഫവിദ്ധ്വംസിനി
.... .... .... .... ....
മററുമെരോരോ പേരും ചൊല്ലീട്ടശാ–
ന്താടി
കുഷ്മാണ്ഡി, ചെറുക്കാലെന്നിവപോലു–
മൊഴിപ്പാ–
നായിട്ടാക്കുമൊരിക്കലുമെങ്ങും
പാത്താലാ–
ലുതകാതവ ചില നല്ല മരുന്നുകൾ'

എന്നിങ്ങനെ മുറിവൈദ്യന്മാരെപ്പററിയും ജനസമുദായത്തിനു മുന്നറിയിപ്പു നൽകുന്നു. സമുദായശരീരത്തിൽ പററിക്കൂടി ചോര കുടിക്കുന്ന ഈമാതിരി കന്നാട്ടുകളെ കുത്തിയെടുത്തെറിയുവാൻ നമ്മുടെ കവീശ്വരന്മാരുടെ നാരായമുന വളരെയൊക്കെ ശ്രമിച്ചിട്ടുണ്ട്.

രാമായണംചമ്പുവിൽ കൗസല്യയുടെ ഗർഭരക്ഷയെപ്പററി പറയുന്ന ഭാഗം നോക്കുക:

'നാൾതോറായന്നേ തുടങ്ങീ ശിവശിവ
സതതം ഗർഭരക്ഷാവിശേഷ–
വ്യാപാരം മാന്ത്രികന്മാർ പലരുമൊരുമ
കൈക്കൊണ്ടാരോന്നേ തുടർന്നു
ശോഭാശാലീ വസിഷ്ഠൻതിരുവടി പുരതോ
നെയ്യ് ജപിപ്പാനിതാസ്ഥാ–
മാൾതോറാരാതോ പതിനാലുലകിനുമുടയോൻ
തന്നെ രക്ഷിച്ചുകൊൾവാൻ'

അതേ, പതിനാലുലകിനുമുടയോൻ തന്നെ രക്ഷിച്ചുകൊൾവാനാണ് ഈ മരുന്നും മന്ത്രവും. ഭക്താഗ്രണികളായ നമ്മുടെ കവികൾ പലപ്പോഴും ഈശ്വരന്മാരുടെ അത്ഭുതശക്തികളെ വർണ്ണിക്കുന്ന സന്ദർഭത്തിൽതന്നെ അതിലുൾക്കൊള്ളുന്ന അമാനുഷഭാവവും പരസ്പരവൈരുദ്ധ്യവും വിലക്ഷണപ്രകൃതിയും വിനോദഭാവനകൾക്കു വിഷയമാക്കിയിട്ടുണ്ട്.

'ദധിയുറിയതു തൊടുവാൻ
നീളമില്ലാത്ത നീ പോയ്
ത്രിഭുവനമടിയളന്നവാറെങ്ങനെ
വാസുദേവാ'

എന്ന് ഒരു ഭക്തശിരോമണി ആശ്ചര്യത്തോടെ പാടുമ്പോൾ കേൾവിക്കാർക്ക് ചിരിക്കാൻ വകയുണ്ടാകുന്നു എന്നതാണു പരമാത്ഥം. ചിലപ്പോൾ കവി അറിഞ്ഞുകൊണ്ടു തന്നെ ഈ വൈലക്ഷണ്യങ്ങളെ എടുത്തുകാണിക്കുന്നു.

ഉണ്ണുനീലീസന്ദേശകർത്താവു് ശിവനിൽ പാർവ്വതിക്കനുരാഗമുണ്ടാകാനുള്ള കാരണത്തെപ്പററി സോപഹാസം ഇങ്ങനെ ചോദിക്കുന്നു:—

"ആനത്തോലോ കൊടിയ വിഷമോ
വെള്ളമോ വെള്ളിലമ്പോ
മാനോ മീനദ്ധ്വജചുടലയാം
കണ്ണിലാക്കിന്റെ തീയോ
നീറോ വേറേ പാകിൽ മലമാതിന്നു
നിന്നെയ്ക്കനക്കെ—
ഴുന്നാവാനെൻറിനിയതു ചൊല്ലതു
ശീതാംശുമൗലേ"

ലീലാതിലകത്തിലെ ഉദാഹരണങ്ങൾ പ്രായേണ ശൃംഗാരമധുരങ്ങളാണ്. ഹാസ്യാത്ഫുല്ലങ്ങളായ കവിതകൾ അതിൽ കാണാനില്ലെന്നുള്ളത് ആ കാലത്തെ കവികളുടെ ഏകമാർഗ്ഗാവലംബിത്വത്തെക്കാളധികം ലീലാതിലകകർത്താവിന്റെ രുചിവിശേഷത്തെയാണു സൂചിപ്പിക്കുന്നതു്. അതിൽതന്നെയും ചുരുക്കമായി ഹാസ്യരസപ്ലുവിതട്ടിയിട്ടുള്ള പദ്യങ്ങൾ കാണാനുണ്ടു്.

ഉചയഞ്ചലികൊട്ടത്തും നീലപേത്തും
ചെവിച്ചും
കരുമണി തുളയിച്ചും തീക്കുതൊൻവ
ചൊല്ലി
ധനപതികലമമ്പും നീലതൻ
ദ്രോഹൊഴിപ്പാൻ
വടകരമനയച്ചൻ വാങ്ങിനാൻ
മെല്ലെ നിൻവ്.

ഋഷിമാരുടെ ലോകകാര്യങ്ങളിലുള്ള അനഭിജ്ഞതയും നമ്മുടെ കവികൾ ഉപഹാസത്തിനു വിഷയമാക്കിയിട്ടുണ്ടു്. രാജ്യത്തു മഴപെയ്യിക്കുന്നതിനായി വൈഭാണ്ഡകനായ ഋശ്യശൃംഗനെ കൊണ്ടുവരാൻ പോകുന്ന നാഗരികസുന്ദരിമാരുടെ കേളീവിഷയമായിത്തീർന്ന അദ്ദേഹത്തെപ്പററി പുനം എഴുതുകയാണു്,

'ലൗകികേഷ്വനഭിജ്ഞോ f സൗ
മന്ദംമന്ദം വചനമവാദീത്'
"അച്ഛിനാഥപാദ നിങ്ങൾക്കിയലിനഫല
മൂലങ്ങളെങ്ങുള്ളിതെല്ലാം?"

നമ്പൂതിരിയുടെ ഋശ്യശൃംഗൻ ഷേക്സ്പിയരുടെ അഡനിസ്സിന്റെ മറെറാരു പതിപ്പാണ്. കരയുകയും ഓടുകയും ചെയ്യില്ലെന്നു മാത്രമേ ഭേദമുള്ളു.

പ്രാധാന്യേന വീരകഥാനുഗായികളായ വടക്കൻപാട്ടുകളിൽ ഹാസ്യത്തിനു പറയത്തക്ക സ്ഥാനമൊന്നുമില്ല; അതിനവകാശവും ഇല്ലല്ലൊ. എങ്കിലും പാലാട്ടുകോമന്റെ 'പ്രേമവീർപ്പു' വർണ്ണിക്കപ്പെടുന്ന 'കോമനാർ കഥ'യിൽ കുളിക്കടവിൽ ചെന്നു പെട്ട കോമനേ ഓപ്പമാരിൽ നിന്നു രക്ഷിക്കുന്നതിനുവേണ്ടി ഉണ്ണിയമ്മ എടുക്കുന്ന വിദ്യ നോക്കുക:

'എന്നാലൊ ഇങ്ങോട്ടു വരികതാനും
വേഗത്തിൽ ചെല്ലുന്ന കോമനല്ലൊ
അതുതാനെ കണ്ടവൾ ഉണ്ണിയമ്മ
നേരിയ ശീല എടുത്തു ചാറി
അരയോളം വെള്ളത്തിൽ ഇറങ്ങുന്നുണ്ടു്
മുടിയുമഴിച്ചിട്ടുനിന്നു പെണ്ണും

മുടിച്ചോട്ടിൽ കോമനെ നിർത്തുന്നുണ്ട്,
അമ്പലാ പൊട്ടിച്ചു തലയിൽവച്ചു്
ചണ്ടി വലിച്ചു തലയിലിട്ട്
കാലും കവച്ചങ്ങു നിന്നു പെണ്ണ്'

കവീശ്വരന്മാരായ നിരണംകവികളെക്കൂടി സ്മരിച്ചിട്ട് ഇതങ്ങ് അവസാനിപ്പിക്കാം. ചെറുശ്ശേരിയും കുഞ്ചനും ഹാസ്യസാഹിത്യത്തിൽ സ്വതന്ത്രസാമ്രാജ്യങ്ങൾ ഉറപ്പിച്ചവരാണ്. അതുകൊണ്ട് അവർ പ്രത്യേകമായിത്തന്നെ പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു. കണ്ണശ്ശനും തുഞ്ചനും ഋഷികല്പന്മാരാണ്. പ്രപഞ്ചത്തിന്റെതന്നെ അസ്ഥിരതയെ, അർത്ഥമില്ലായ്മയേ നോക്കിയാണ് അവർ പുഞ്ചിരിക്കുന്നതു്. അവരുടെ അധരങ്ങളിൽ പൊടിക്കുന്ന മന്ദഹാസം ഉപഹാസജന്യമല്ല. അനുകമ്പാമസൃണമാണ്. ശ്രീരാമൻ ശൈവചാപം കുലച്ചു നിൽക്കുന്ന നില കണ്ണശ്ശൻ വർണ്ണിക്കുന്നതു നോക്കുക,

'അതുകാലം നൃപതനയൻ വില്ലിനെ
യഴകിൽ വലിച്ചു നിറച്ചതിനാലെ
നിതരാം വീർത്തുമില്ല, വിറച്ചു വിയ-
ർത്തുമില്ലവനുടെയുടലെങ്ങും.
ബത ബാഹുക്കളിൽനിന്നു നരമ്പുകൾ
വീങ്ങീതില്ലതുകണ്ടു മഹാജനം
ഇതുപോലെയൊരു വിൽവലി നാം പ-
ണ്ടെങ്ങും കണ്ടതുമില്ലയതെന്നാർ'

വില്ലെടുക്കാനും കുലയ്ക്കാനും കഴിയാഞ്ഞിട്ട് ഒഴിഞ്ഞുമാറി നാണിച്ചുനില്ക്കുന്ന അനേകം രാജപുംഗവന്മാരോടെന്ന പോലെയായിട്ട് അദ്ദേഹം പറയുകയാണ്, "നോക്കു, രാമൻ വീർത്തില്ല. വിറച്ചില്ല. വിയർത്തില്ല. ഞരമ്പുകൾപോലും വീങ്ങിയില്ല."

അയോദ്ധ്യയിലേക്കു മടങ്ങുംവഴി ശ്രീരാമനും പരശുരാമനുമായുണ്ടാകുന്ന സമാഗമം പരസ്പരം തെറിപറയിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ള കവികൾ പലരും നമുക്കുണ്ട്. എന്നാൽ കണ്ണശ്ശൻ ആ ഭാഗം കൈകാര്യംചെയ്യുന്നതു സന്ദർഭോചിതമായ പ്രൗഢഗാംഭീര്യത്തോടെയാണ്. ശൈവചാപം മുറിച്ചതു കേട്ട് നിന്നോടൊന്നു ചോദിപ്പാൻ ഞാൻ വനഭൂമിയിൽനിന്ന് വരികയാണെന്നു പറയുന്ന പരശുരാമനോട്,

'കുമാരൻ ഇരാമനും
ഈടിയ മന്ദസ്മിതമൊട്ടു ചൊന്നാൻ,
വെന്നിയുടേ നിന്തിരുവടിയിതിനു
വെകിണ്ടു് ഇവിടേ വരുമെന്നറിയാതേ
അന്നതു ചെയ്തറിഞ്ഞു് പൊറുത്തരുൾ
അതിബാലകരപരാധം ചെയ്താൽ
എന്നും അറിവുള്ള മഹാജനം
ഇല്ലല്ലോ കോപിച്ചതു മുറവും'

എന്ന് 'ഗംഭീരാക്ഷേപം' ചെയ്യുന്നതു സാർകസത്തിന്റെ മകുടോദാഹരണമാണ്. അതിലെ ഓരോ വാക്കിലും നിറഞ്ഞുതുളുമ്പുന്ന ഉപഹാസം ആലോചനാമധുരമാണ്.

നമ്പൂതിരിമാരെയും നമ്പ്യാന്മാരെയും പ്രസവിച്ച കേരളം ഹാസ്യസാഹിത്യത്തിനു ചെയ്തിട്ടുള്ള സംഭാവനകൾ അമൂല്യങ്ങളും അതുല്യങ്ങളുമാണ്. അതാസ്വദിക്കുന്നതിനു കഴിവുള്ള ഹൃദയങ്ങളും മലയാളക്കരയിൽ വേണ്ടുവോളമുണ്ട്. അന്യഥാ അത്രതന്നെ ആഹ്ലാദകരമല്ലാത്ത ചുറ്റുപാടിൽ എത്തിച്ചേർന്നിരിക്കുന്ന നാം ജീവിതത്തിൽ മധുരിമ കലർത്തുന്നതിനുപകരിക്കുന്ന ഈ കഴിവുകളെ വേണ്ടപോലെ പോഷിപ്പിച്ചു പുലർത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

[ആൾ ഇൻഡ്യാ റേഡിയോ, തിരുവനന്തപുരം കേന്ദ്രത്തിന്റെ അനുവാദത്തോടുകൂടി.]

# ❀ സുഭാഷിതവീഥി ❀

അജ്ഞസ്സുഖമാരാധ്യ—
സ്സുഖതരമാരാധ്യതേ വിശേഷജ്ഞഃ
ജ്ഞാനലവദുർവ്വിദഗ്ദ്ധം
ബ്രഹ്മാപിനരന്നരഞ്ജയതി.

(ഭർത്തൃഹരി)

### അന്വയം

അജ്ഞഃ സുഖം ആരാധ്യഃ, വിശേഷജ്ഞഃ സുഖതരം ആരാധ്യതേ; ജ്ഞാനലവദുർവിദഗ്ദ്ധം നരം ബ്രഹ്മാ അപി ന രഞ്ജയതി.

### സാരം

അറിവില്ലാത്തവനെ മനസ്സിലാക്കുന്നതു് എളുപ്പമാണു്. ബുദ്ധിയുള്ളവനെ മനസ്സിലാക്കുന്നതു വളരെ എളുപ്പമാണു്. എന്നാൽ മിടുക്കു ഭാവിക്കുന്ന അല്പബുദ്ധിയെ മനസ്സിലാക്കുന്നതു ബ്രഹ്മാവിനുപോലും കഴിയാത്തതാകുന്നു.

ആദിത്യചന്ദ്രാവനിലാനലൌ ച
ദ്യൌർഭൂമിരാപോ ഹൃദയം യമശ്ച
അഹശ്ച രാത്രിശ്ച ഉഭേ ച സന്ധ്യേ
ധർമ്മശ്ച ജാനാതി നരസ്യവൃത്തം.

(മഹാഭാരതം)

### അന്വയം

ആദിത്യചന്ദ്രൌ അനിലാനലൌ ച ദ്യൌഃ ഭൂമിഃ ആപഃ ഹൃദയം യമഃ ച അഹഃ ച രാത്രിഃ ച ഉഭേ സന്ധ്യേ ച ധർമ്മഃ ച നരസ്യവൃത്തം ജാനാതി.

### സാരം

ആദിത്യചന്ദ്രന്മാരും വായുവും അഗ്നിയും ആകാശവും ഭൂമിയും ജലവും ഹൃദയവും യമനും പകലും രാത്രിയും പ്രഭാതസന്ധ്യയും സായംസന്ധ്യയും ധർമ്മനും, മനുഷ്യന്റെ ചരിത്രത്തെ അറിയുന്നു. (ആദിത്യൻ തുടങ്ങി പതിനാലു സാക്ഷികൾ ഉണ്ടു്. അവരറിയാതെ യാതൊരു കർമ്മവും ആർക്കും ചെയ്യാൻ കഴികയില്ല.)

പോം, കയ്യിൽ വന്ന നിധിപോലുമപണ്ഡിതന്നു,
താൻ താൻ ഗൃഹത്തിലണയും സുമതിക്കു ലക്ഷ്മീ;
ദാരിദ്ര്യതീവ്രതിമിരാപഹമാം വിഭൂഷാ-
രത്നം മനുഷ്യനു തികഞ്ഞ മനഃപ്രസാദം.

(ബോധിസത്വകല്പാപദാനലത)

സാരം

അറിവില്ലാത്തവന്റെ കൈവശത്തിലായ നിധിപോലും വെറുതെ പൊയ്പ്പോകും. ബുദ്ധിമാന്റെ വസതിയിലേക്കു ഐശ്വര്യദേവത തനിയേ കടന്നുചെല്ലും. മനുഷ്യന്റെ ദാരിദ്ര്യമാകുന്ന ക്രൂരിരുട്ടിനെ അകററുന്ന അലങ്കാരരത്നം പൂർണ്ണമായ മനഃപ്രസാദമാകുന്നു.

കലഹിക്കും ഗൃഹിണിയും
നിസ്സ്വന്നേകിയ കന്യയും
തെമ്മാടിയായ മകനും
നെഞ്ചിന്നു ചുട്ടശൂലികൾ.

(ബോധി–ലത)

സാരം

എപ്പോഴും ശണ്ഠകൂട്ടിക്കൊണ്ടിരിക്കുന്ന ഭാര്യയും,
ദരിദ്രനായ ഒരുവന്നു നല്കിയ പുത്രിയും
താന്തോന്നിയായ പുത്രനും മനസ്സിൽ
കുത്തിത്താഴ്ക്കുന്ന സൂചികളാണു്.

ആരോഗ്യ, മാനൃണ്യ, മദൂരവാസം,
സാധുക്കളായിസ്സഹവാസയോഗം
തനിയ്ക്കിണങ്ങും നില, നിർഭയത്വ–
മാറിജ്ജഗത്തിൽ സുഖദങ്ങൾ രാജൻ!

(മഹാഭാരതം)

സാരം

രാജാവേ! രോഗമില്ലായ്മ, കടമില്ലായ്മ, ദൂരത്തിലല്ലാതെയുള്ള വാസം, സജ്ജനസഹവാസം, തന്റെ നില അറിഞ്ഞുകൊണ്ടുള്ള ജീവിതം, ഭയമില്ലായ്മ ഇവ ആറുമാണു ലോകത്തിൽ സുഖപ്രദങ്ങളായ കാര്യങ്ങൾ.

ചലത്താർ പൊരുൾ ചെയ്യേമാർത്തൽപചുമട്ട്
കലത്തുണീർ പെയ്തിരീഇയററു

(തിരുക്കുറൾ)

സാരം

പാപകർമ്മത്താൽ ധനം നേടി അതിനെ രക്ഷിക്കുന്നതു പച്ചമൺകലത്തിൽ വെള്ളം പകർന്നു സൂക്ഷിക്കുന്നതുപോലെയാണു്.

ചെറുകഥ

# അച്ഛന്റെ മകൻ

ഹരീന്ദ്രനാഥ്

കൊച്ചുവേലുവും കല്യാണിയും ദമ്പതിമാരായിട്ട് വർഷം പലതുകഴിഞ്ഞു. എന്നാൽ അവർക്ക് ഒരു സന്താനമുണ്ടാകാനുള്ള ഭാഗ്യം ഇതേവരെ ഉണ്ടായില്ല. കല്യാണി അവളുടെ ദുർവ്വിധി ഓർത്ത് ചിലപ്പോഴൊക്കെ കണ്ണുനീർപൊഴിക്കും. കൊച്ചുവേലു സമാധാനിപ്പിക്കും.

എതായാലും അയൽക്കാർക്കൊക്കെ ഒരു പറച്ചിലിന് കാരണമായി. കല്യാണി പ്രസവിക്കുകയില്ലത്രേ. ശവത്തേൽ കുത്തുക! ഇതുകൂടി കേൾക്കുമ്പോൾ കല്യാണി പൊട്ടിക്കരഞ്ഞുപോകും.

അവർ എല്ലാ വ്രതങ്ങളും നിഷ്ഠയോടെ നോറ്റു തുടങ്ങി. ഭഗവതിക്ഷേത്രങ്ങളിലെല്ലാം വഴിപാടു നേർന്നു.

അത്ഭുതമെന്നേ പറയേണ്ടൂ! കല്യാണി ഗർഭം ധരിച്ചു. പത്താംമാസത്തിൽ ഒരു ഓമനക്കുഞ്ഞിന്റെ അമ്മയായി.

ഹോ! ആ വീട്ടിൽ അന്നൊരു ഉത്സവമായിരുന്നു. കൊച്ചുവേലു സന്തോഷംകൊണ്ടു തുള്ളിച്ചാടി. കല്യാണി അഭിമാനംകൊണ്ട് അഹങ്കരിക്കുകതന്നെ ചെയ്തു. അവളും ഒരമ്മയായി. ചിരപ്രാർത്ഥിതമായ അവളുടെ അഭിലാഷം സാധിതപ്രായമായി.

അയൽക്കാരൊക്കെ കുഞ്ഞിനെകാണാൻ വന്നു. കല്യാണി പുച്ഛരസത്തിലുള്ള ഒരു പുഞ്ചിരിയോടെയാണ് അവരെ സ്വാഗതം ചെയ്തത്.

'കുഞ്ഞിനു പേരെന്തോന്നാ ഇട്ടനാത്?' പടിഞ്ഞാറ്റതിലെ ലക്ഷ്മി ചോദിച്ചു.

'പേരിടാൻ ധൃതിയായോ? ഈ കൊച്ചുമുഖം ഇന്നലെ കണ്ടതേ ഉള്ളല്ലോ' കല്യാണി ആ മുഖത്ത് ഒരു ഉമ്മ സമ്മാനിക്കും.

ഒരു ദിവസം കൊച്ചുവേലു കല്യാണിയോടു പറഞ്ഞു 'ഇരുപത്തെട്ട് അടുത്തു. കുഞ്ഞിനു പേരിടണം. ഒരു അരഞ്ഞാണം വേണം.'

'അതെ, പുതിയ ഒരു ഓമനപ്പേരുതന്നെ വേണം' 'അരിഞ്ഞാണമോ?'

'പൊന്നരഞ്ഞാണം. ഒരു കൊച്ചുമോതിരവും'

കൊച്ചുവേലുവിന് വലിയ ആദായമൊന്നുമില്ലായിരുന്നു. ചെലവിനുമാത്രംകിട്ടും. എങ്കിലും ഉള്ളതുകൊണ്ട് സ്വച്ഛമായി കഴിഞ്ഞുപോന്നു. അവർ അതുകൊണ്ടു തൃപ്തിപ്പെട്ടു.

എങ്ങനെയോ കൊച്ചുവേലു ഒരുപൊന്നരഞ്ഞാണം വാങ്ങി, ഇരുപത്തെട്ടാംനാൾ കുഞ്ഞിനെ അണിയിച്ചു.

'അപ്പോൾ, കുഞ്ഞിന്റെ പേരെന്തോന്നാ?' കല്യാണി ചോദിച്ചു.

'ഒക്കെയുണ്ട്. പേര്കണ്ടുവെച്ചിട്ടുണ്ട്.

'ഓ– എന്നാലങ്ങു പറയരുതോ'

'പറയാം– മോഹനൻ'

കല്യാണിക്ക് പേരു വളരെ ഇഷ്ടപ്പെട്ടു.

കൊച്ചുവേലു കുഞ്ഞിനേയുംകൊണ്ട് അയൽപക്കത്തെല്ലാം കേറിയിറങ്ങി. ലക്ഷ്മിയോടുപറഞ്ഞു,

ഈ അരഞ്ഞാണം രണ്ടുപവനാ. പവനൊന്നു വച്ചാൽ തകമാ. ഇവിടെയെങ്ങും ഇല്ലായിരുന്നു. ആളെ അയച്ചു വരുത്തിയതാണ്.'

ഇതിനെന്താ നല്ല നിറമില്ലാത്തു'' ഇത്രയും കേട്ടാൽ മതി, കൊച്ചുവേലുവിന് കലി കയറാൻ.

'നിറർായൊക്കെ കണ്ണിന് മങ്ങലാ'

കൊച്ചുവേലുവിന് യാതൊരു ജോലിയും ചെയ്യാൻ സമയമില്ലെന്നായി. എപ്പോഴും കുഞ്ഞിന്റെ അടുക്കൽത്തന്നെ ഇരിക്കും. അവനെ കളിപ്പിക്കുക. അവന്റെ ഓരോ ചലനത്തെയും അനുകരിക്കാൻ ശ്രമിക്കുക.

മോഹനൻ ഒന്നു ചിരിച്ചുകാണാൻ കൊച്ചുവേലു എത്ര ദിവസം നോക്കിയിരുന്നിട്ടുണ്ട്! അതു് അവനുതന്നെ ആദ്യം കാണുകയും വേണം. ഒരു ദിവസം കുഞ്ഞു് ഒന്നു ചിരിച്ചു. അഥവാ ചിരിച്ചെന്നു കൊച്ചുവേലുവിനു തോന്നി. കുറെ നേരത്തേക്കു് വീട്ടിൽ ബഹളമായി. ചിരിയെപ്പററിയുള്ള വർണ്ണന. പതിവുപോലെ ന്യൂസൊക്കെ അയൽക്കാരെയും അറിയിക്കും.

കല്യാണിക്കു് ഇതൊന്നും അത്ര പിടിച്ചില്ല.

"ഇതെന്തൊന്നാ, എപ്പോഴും കുഞ്ഞിന്റെ അടുക്കൽത്തന്നെ. അവൻ അവിടെയൊന്നു കിടക്കട്ടെ. ഒരു ദിവസം ഇവിടെയില്ലെങ്കിലോ? എനിക്കു് എപ്പോഴും കളിപ്പിച്ചുകൊണ്ടിരിക്കുവാൻ നേരമില്ല".

കൊച്ചുവേലു വിട്ടില്ല; 'ഞാൻ പോകുന്നിടത്തു അവനെക്കൂടികൊണ്ടുപൊക്കോളും.

അയൽക്കാരും ആക്ഷേപിക്കും:—'അയാൾക്കു് കുഞ്ഞിന്റെ അടുക്കേന്നു് മാറാൻ നേരമില്ല!'

ഇതൊക്കെ കൊച്ചുവേലു അറിയാഞ്ഞിട്ടല്ല. മോഹനനെക്കൂടി സംബന്ധിക്കുന്നതാകയാൽ ഒക്കെ കേട്ടില്ലെന്നു ഭാവിക്കും.

മോഹനൻ എവിടെയെങ്കിലും ഒന്നു വീണാൽ അന്നു പിന്നെ കൊച്ചുവേലു ആഹാരമൊന്നും കഴിക്കുകയില്ല. 'പൂപോലുള്ള ദേഹമല്ല്യോ. ചോര തെറിച്ചുപോകും?

അയൽപക്കത്തെ ലക്ഷ്മി ഒരിക്കൽ പറഞ്ഞു, 'കല്യാണിയുടെ അസ്സൽ പകർപ്പു തന്നെ, കുഞ്ഞു്.'

കൊച്ചുവേലു സങ്കടപ്പെട്ടു. ഉടൻ അയാളും ഒരു സാദൃശ്യമെങ്കിലുംകണ്ടുപിടിക്കും:

'നോക്കെടി, ഈ നെഞ്ചത്തെ മറുകുകൂടി എന്റേതാ അവനു കിട്ടിയിരിക്കുന്നതു''

മോഹനനു് വയസ്സു് ഒന്നു തികഞ്ഞു. ഒന്നാം പിറന്നാളല്ലേ? ബഹുകേമമായിത്തന്നെ പിറന്നാൾ കൊണ്ടാടി. അയൽക്കാർക്കൊക്കെ വിഭവസമൃദ്ധമായ സദ്യ.

കല്യാണിക്കു് ഒരു സംശയം. 'ഒരു കുഞ്ഞൊണ്ടെന്നുവച്ചു് ഇങ്ങനെ കടം വാങ്ങി പൊടിച്ചാലോ? ആകപ്പാടെ ഈ താമസിക്കുന്നതല്ല ഉള്ളു?

'ഓ– അവനൊന്നല്ലേ ഉള്ളു. എല്ലാമായാലും അവനു് അനുഭവിക്കാൻതന്നെ.'

കല്യാണി ഒന്നും മറുപടി പറഞ്ഞില്ല. പറഞ്ഞാൽ അന്നത്തെ വഴക്കിനായി.

മോഹനൻ നടന്നുതുടങ്ങി. ഇപ്പോൾ കൊച്ചുവേലുവിന്റെ ജോലി, അവന്റെ കൂടെ പിച്ചവയ്ക്കുകയാണു്. അതൊരു മീനമാസം കാലമായിരുന്നു. എല്ലാവരും കൃഷിയിറക്കുകയാണു്. കൊച്ചുവേലു മാത്രം തൂമ്പയേൽ തൊട്ടില്ല. എല്ലാവരും അയാ

ളോടു ചോദിക്കും, 'എന്താ, മീനമാസമായിക്കൊണ്ടു് ഒരു തുമ്പാപോലും നിലത്തു കൊത്താത്തതു്?'

"ഒക്കെവേണം, സമയമില്ല. എന്തു ചെയ്യാം, കുഞ്ഞിന്റെ അട്ടക്കേന്നു് മാറാനൊക്കുമോ ?"

ആ ആണ്ടിൽ കൊച്ചുവേലുവിനു് യാതൊരു കൃഷിയുമില്ല. സ്വച്ഛമായിക്കഴിഞ്ഞു വന്ന ആ കുടുംബം അങ്ങനെ ദാരിദ്ര്യത്തിന്റെ രുചിയും അറിഞ്ഞുതുടങ്ങി.

എന്നാൽ മോഹനനു് ഒരിക്കലും ഒരു കുറവുമില്ല. ബിസ്കൂറു്, ഓറഞ്ചു് ഇവയൊക്കെ എവിടെ നിന്നെങ്കിലും കൊച്ചുവേലു വാങ്ങിക്കൊണ്ടു കൊടുക്കും. കല്യാണി ചോദിക്കും, 'കഞ്ഞിയോ ചോറോ വല്ലതും കൊടുത്താൽ പോരായോ? ഈ അന്യായംപിടിച്ച വിലയ്ക്കു് ഇതൊക്കെ വാങ്ങുന്നതു്'

വീട്ടിലേക്കു് അരിയില്ലെങ്കിലും മോഹനനു് ബിസ്കൂറും ഓറഞ്ചും ഉണ്ടു്. കൊച്ചുവേലുവിനു് കാപ്പിക്കടയിൽപോയി കാപ്പികുടിക്കാം. ചുരുക്കത്തിൽ കല്യാണിയ്ക്കായി, ദുരിതമെല്ലാം.

രാവിലെ കല്യാണി എഴുന്നേല്ക്കുമ്പോഴേക്കും, അവർ അച്ഛനും മകനുംകൂടി കാപ്പിക്കടയിൽപോയി കാപ്പികുടി കഴിയും. "കുഞ്ഞിനു മൂന്നുനാലു വയസ്സായി. രാവിലെ അവനു് പരവേശമാ" കൊച്ചുവേലുവിന്റെ സമാധാനം.

"അതിനുകൂടി അരി വാങ്ങിയാൽ ഞാൻ ഇറവെള്ളമെങ്കിലും കുടിച്ചോളായിരുന്നു".

'അവനു വെശക്കും'

'ഉം— ഞാനൊന്നും പറേന്നില്ല. ചെറുക്കനെക്കൂടി പെഴപ്പിക്കുകാ'

അയൽക്കാരും പറയും, 'ഇതു കൊച്ചിലേ ആ ചെറുക്കനേം കാപ്പികുടിപ്പിച്ചു പഠിപ്പിക്കുവാ.'

ഇതൊന്നും കൊച്ചുവേലുവിന്റെ പുത്രവാത്സല്യം കുറച്ചില്ല. മോഹനന്റെ സുഖം തന്നെ കൊച്ചുവേലുവിനും സുഖം.

മോഹനനു് പതിനൊന്നു വയസ്സായി. അവൻ അഞ്ചാംക്ലാസ്സിൽ വിജയിയായി. കൊച്ചുവേലു അവനെ മിഡിൽസ്കൂളിൽ ചേർത്തു. സ്കൂൾ വീട്ടിൽനിന്നും കുറച്ചകലെയാണു്. ഉച്ചയ്ക്കു് ചോറുകൊണ്ടുപോകണം. രാവിലെ പോയാൽ വൈകിട്ടേ തിരിയെ വരികയുള്ളു. അത്രയുംനേരം കൊച്ചുവേലു കഴിച്ചുകൂട്ടുമെന്നു പറഞ്ഞാൽ മതിയല്ലൊ. നാലു മണിയാകാറാകുമ്പോൾ റോഡിലേക്കു നോക്കി ഇരിപ്പാകും. മകൻ വരുന്നതു കാണാൻ.

കാപ്പിക്കടയിൽ ഈയിടെ നൂറ്റിഅമ്പതുരൂപാ ഒന്നിച്ചാണു് കൊച്ചുവേലു കൊടുത്തതു്. നൂറ്റിഅമ്പതുരൂപാ! കല്യാണി നടുങ്ങിപ്പോയി. അവർ വയറു നിറയെ വല്ലതും കഴിച്ചുനാൾ കൂടി മറന്നിരിക്കുന്നു. അവൾക്കു് ഉണ്ണാനുമില്ല, ഉടുക്കാനുമില്ല.

ഒരു ദിവസം സ്കൂളിലെ ശങ്കരൻനായരുസാറു് കൊച്ചുവേലുവിനെ വഴിയിൽ വച്ചു കണ്ടു.

"ഓ. തന്റെ മോനു് വല്ല സുഖക്കേടുമാണോ? സ്കൂളിലെങ്ങും കാണാറില്ലല്ലൊ".

കൊച്ചുവേലു പകച്ചുപോയി. ചോറുപൊതിയുംകൊണ്ടു് രാവിലെ ഒമ്പതു മണിക്കു് എന്നും മോഹനൻ പോകുന്നുണ്ടു്.

അന്നുവൈകിട്ടു് മോഹനൻ സ്കൂളിൽനിന്നു വന്നപ്പോൾ അഞ്ചരമണിയായി. അവന്റെ കൂടെ ഒരാളുമുണ്ടു്.

കൂടെവന്നയാൾ കൊച്ചുവേലുവിനോട്, തന്റെ 'മകൻ തന്നെയോ ഇവൻ?'

'അതേ, എന്തുപററി'

'ഒന്നുമില്ല, കാപ്പികുടിച്ച വകയിലുള്ള 28 രൂ. 8ണ. രൊക്കം തന്നാൽമതി'

കൊച്ചുവേലുവിനെ ആകപ്പാടെ വിയർത്തു. സ്കൂളിൽപോകുന്നതും കാപ്പികുടിക്കാനാണ്! ശങ്കരൻനായരുസാറു പറഞ്ഞതു് കൊച്ചുവേലു ഓർത്തു.

'ഉം തരാം. ഇപ്പോഴൊന്നും കിടപ്പില്ല. നാളെയാകട്ടെ' പിറേറദിവസം കൊച്ചുവേലു രൂപാ കൊടുത്തയച്ചു. മേലാൽ അവിടെനിന്നു് കാപ്പികുടിക്കരുതെന്നു് ഉപദേശിക്കയും ചെയ്തു.

"ഞാൻ അന്നേ പറഞ്ഞതല്ല്യോ, ചെറുക്കനെ പെഴപ്പിക്കുവാനു്" കല്യാണി കണ്ണീരോടെ പറഞ്ഞു.

'എനിക്കു കാപ്പി കുടിച്ചില്ലെങ്കിൽ തലവേദനയാ' മോഹനന്റെ സമാധാനം.

'ആയിരിക്കും, ഓരോ ദുശ്ശീലങ്ങളൊക്കെ പഠിപ്പിച്ചിരിക്കയാ. അനുഭവിക്കാനൊള്ളോരുടെ വിധി!' അവൾപൊട്ടിക്കരഞ്ഞുപോയി.

'ഞാനല്ലിയോ രൂപ കൊടുക്കുന്നതു്, നീയൊന്നും അറിയേണ്ട' കൊച്ചുവേലു അങ്ങനെ ആ സംഭാഷണം അവസാനിപ്പിച്ചു.

മോഹനനോടു് കൊച്ചുവേലു ഒരക്ഷരംപോലും മറുത്തു് ചൊല്ലിയില്ല. 'ഞാനല്ലാതാരാ അവനു കൊടുക്കാൻ'

കൊച്ചുവേലു കണക്കുകൂട്ടിനോക്കി. റേഷൻകടക്കാരനോടു് ആയിരം രൂപായോളം കടം വാങ്ങിയിട്ടുണ്ടു്. 'എങ്ങനെയെങ്കിലും കടം വീട്ടും' അയാൾ സ്വയം സമാധാനിച്ചു.

മോഹനനു് പതിനാറുവയസ്സായി. പഠിത്തത്തിൽ പറയത്തക്ക പുരോഗതിയൊന്നുമില്ല. അവൻ സ്കൂളിലേക്കാണു് പോകുന്നതെങ്കിലേ പഠിക്കുകയും ജയിക്കുകയും ഉള്ളല്ലൊ.

കൊച്ചുവേലുവിനു് ഒരു അസുഖം. കല്യാണിക്കു് ഭയമായി. അവരുതമ്മിൽ ഒരിക്കലും സ്വരച്ചേർച്ച ഇല്ല. എന്നാലും ഉള്ളിൽ രണ്ടുപേർക്കും സ്നേഹംതന്നെ. പിന്നെ, ചില ദുശ്ശീലങ്ങളൊക്കെ കാണുമ്പോൾ അവൾ വല്ലതുമൊക്കെ പറഞ്ഞെന്നുംവരും. അതും മോഹനനെ സംബന്ധിച്ചതല്ലെങ്കിൽ കൊച്ചുവേലു ഒന്നും പറയുകയുമില്ല.

കൊച്ചുവേലുവിന്റെ സുഖക്കേടു വർദ്ധിച്ചു. കല്യാണി അടുത്തുള്ള ഒരു നാട്ടുവൈദ്യനോടു് സങ്കടം പറഞ്ഞു. അവളുടെ കയ്യിൽ നാലു കാശുപോലുമില്ല.

'പത്തുപതിനാറു വയസ്സായ ഒരു മോനില്ല്യോ? വല്ലതുമൊക്കെ അന്വേഷിക്കാൻ പ്രായമായല്ലൊ'

'മകൻ........അവനെ അവിടെയെങ്ങും കാണാനില്ല. എന്നാൽപ്പിന്നെ ഞാൻ തന്നെ ഇങ്ങോട്ടു് ഓടി വരണമായിരുന്നോ?'

വൈദ്യന്റെ മരുന്നുകൊണ്ടൊന്നും യാതൊരു ഫലവുമില്ല. സുഖക്കേടു് നാൾക്കുനാൾ വർദ്ധിച്ചുവന്നതേയുള്ളു. കൊച്ചുവേലു അവശനിലയിലായി. അയൽക്കാരൊക്കെ ദീനമന്വേഷിച്ചുചെന്നു. 'മകനെന്ത്യേ? അച്ഛനു സുഖക്കേടായിട്ട്?' എല്ലാവരും അന്വേഷിച്ചു.

'അവൻ വെളിയിലെങ്ങാണ്ടുപോയതാ. എപ്പോഴും ഇവിടെത്തന്നെ ഇരുന്നൊന്നു

വരുമോ? കൊച്ചുവേലു മോഹനനെ കുററപ്പെടുത്തുകയില്ല.

അന്ന് നേരം സന്ധ്യയാകാറായി. റേഷൻകടക്കാരൻ കൊച്ചുവേലുവിൻെറ വീട്ടിലേക്കു കയറിച്ചെന്നു.

'എന്താ, പതിവില്ലാതെ ഇങ്ങോട്ട്'' കല്യാണി ചോദിച്ചു.

'നമുക്ക് കുറെ രൂപ വരാനുണ്ട്. ഇപ്പോഠം ഒരത്യാവശ്യം'

'എത്രയൊണ്ട്''

'പലിശയും എല്ലാംകൂടി ആയിരത്തി ഇരുന്നൂറ്''

'ഇപ്പോഠം പററുകയില്ല. മോഹനൻെറ അച്ഛനാണെങ്കിൽ ചാകാറായി കിടക്കുകാ.'

'ങ്ഠ-ഹാ-കൂട്ടതലാണോ?'

അയാഠം ഉടനെ അവിടെനിന്നുമിറങ്ങി. കല്യാണി എന്തു ചെയ്യേണ്ടുവെന്നറിയാതെ കുഴങ്ങി.

'മോഹനാ........മോഹനാ.....' കൊച്ചുവേലു ഞരങ്ങി. 'അവനെ ഒന്നു കണ്ടിട്ടു കണ്ണടഞ്ഞിരുന്നുവെങ്കിൽ'

'അവൻ ഇവിടെ വന്നിട്ട് ദിവസം കുറെയായി'. കല്യാണി പറഞ്ഞു. കൊച്ചുവേലുവിൻെറ ദേഹി അധികം താമസിയാതെ അയാളെ വിട്ടുപിരിഞ്ഞു. അയൽക്കാരുടെ സഹായത്തോടുകൂടി കല്യാണി ശവം മറവുചെയ്തു.

പിറേറദിവസം കല്യാണി എഴുന്നേററില്ല. അവളെ ഉണത്തിയതു് വാറണ്ടുശിപ്പായിയുടെ ശബ്ദമായിരുന്നു.

'കടം എല്ലാം ഉടൻ വീട്ടണം. അല്ലെങ്കിൽ വീടും വസ്തുവുമെല്ലാം ജപ്തിചെയ്യും.'

കല്യാണി മേല്പോട്ടുനോക്കി. അവഠം എന്തു ചെയ്യും.

വീടും വസ്തുവും ജപ്തിചെയ്തു. കല്യാണി പെരുവഴിയിലും! അവഠം റോഡുനീളെ അലഞ്ഞു. മോഹനനെ ഒന്നു കണ്ടിരുന്നെങ്കിൽ.

അവഠം എല്ലായിടത്തും തിരക്കി. ഒടുവിൽ കണ്ടു. ഒരു കാപ്പിക്കടയിൽതന്നെ.

മോഹനാ—നിൻെറ അച്ഛൻ മരിച്ചു.

'ഉം'

'വീടും വസ്തുവും കടത്തിനു് ജപ്തി ചെയ്തു'

'ഉം'

'ഞാൻ പെരുവഴിയിലായി'

'ഉം'

'നീകൂടെ വാ. ഞാൻ മാത്രമല്ലായുള്ളൂ.'

ഈ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടിരുന്ന കാപ്പിക്കടക്കാരൻ കല്യാണിയുടെ നേക്കു തിരിഞ്ഞു.

'ഇവൻ ഇവിടെ അമ്പതുരൂപാ തരാനുണ്ട്. ഇവൻെറ കയ്യിൽ ഒന്നുമില്ല. രൂപാ വസൂലാകുന്നതുവരെ ഇവിടെ ജോലിക്കു നിത്തിയിരിക്കയാണു്. മാസം അഞ്ചുരൂപാ ശമ്പളം.'

കല്യാണി അവിടെ നിന്നില്ല. അവഠം അവൻെറ മുഖത്തേക്കു് ദയനീയമായി ഒന്നു നോക്കി. വേഗം വഴിയിലിറങ്ങി എങ്ങോട്ടോ നടന്നുപോയി.

# ചിന്താലോകത്തിൽ

നിങ്ങൾ ജീവനെ സ്നേഹിക്കുന്നുണ്ടെങ്കിൽ സമയം പാഴാക്കിക്കളയരുതു്. എന്തെന്നാൽ സമയമാകുന്ന സാമഗ്രികൊണ്ടാണു നമ്മുടെ ജീവിതമന്ദിരം പണികഴിപ്പിച്ചിട്ടുള്ളതു്.

— ഫ്റാൻക്ലിൻ

ഞാനൊന്നും ശരിയായി അറിഞ്ഞിട്ടില്ല എന്നുള്ള അറിവാണ് ഏററവും വലിയ അറിവു്.

— സോക്രട്ടീസ്

പലരും നിസ്സാരമെന്നു് എണ്ണുന്ന സംഗതികളിലെല്ലാം വലിയ വലിയ കാര്യങ്ങൾ അടങ്ങിയിട്ടുണ്ടു്.

— എമേഴ്സൻ

വ്യാജം ഒരിക്കലും നിലനില്ക്കുകയില്ല.

— അദ്വൈതാനന്ദസ്വാമി

എൻെറ സ്നേഹിതന്മാരും ബന്ധുമിത്രങ്ങളും എത്രതന്നെ അകലത്തു താമസിച്ചാലും എനിക്കവർ അപ്രകാരമുള്ളവർ തന്നെയാണു്. അവരുടെ വിയോഗവും അകലവും സ്നേഹബന്ധത്തിൻെറ ദൈർഘ്യത്തെ കൂട്ടുകമാത്രമേ ചെയ്യുന്നുള്ളു.

— ഒളിവർ ഗോൾഡ്സ്മിത്തു്

തൃപ്തി സുഖജീവിതത്തിൻെറ അസ്ഥിവാരമാകുന്നു.

— ശ്രീ ബുദ്ധൻ

ഭയം എന്നതു പൌരുഷത്തിനു ഹാനികരവും അധഃപതനത്തിനു കാരണവുമാകുന്നു.

— സ്വാമി വിവേകാനന്ദൻ

മരണമെന്നൊന്നില്ല. ഉണ്ടെന്നു തോന്നുന്നതു് ഒരു പ്രസ്ഥാനം മാത്രമാണു്.

— ലോങ്ഫെല്ലൊ

നല്ല ഭൃത്യൻ വേണമെങ്കിൽ നല്ല യജമാനനായിരിക്കുക.

— ഷേക്സ്പീയർ

ശൌര്യവും ക്രൌര്യവും കൊണ്ടല്ല, സ്നേഹംകൊണ്ടാണു ലോകം മുഴുവൻ ജയിക്കാൻ കഴിയുന്നതു്.

— ശ്രീരാമകൃഷ്ണ പരമഹംസൻ

ധീരന്മാർ നിശ്ചിതകാര്യത്തിൽനിന്നു മരണപര്യന്തം പിന്മാറുകയില്ല.

— ഭർത്തൃഹരി

യുദ്ധംചെയ്യാൻ ഒരുങ്ങിയിരിക്കുന്നതു് സമാധാനപരിപാലനത്തിനുള്ള ഏററവും ഉപയുക്തമാർഗ്ഗങ്ങളിൽ ഒന്നാകുന്നു.

— വാഷിംങ്ടൺ

യാതൊരു സംഗതിയുടേയും സത്യാവസ്ഥ ഗ്രഹിക്കുന്നതിനുമുമ്പ് അന്യരെ ധരിപ്പിച്ചുകൂടാ.

— ചാറത്സ്മക്കാളി

കള്ളംപറയുന്നവൻ ഈശ്വരനെക്കാൾ അധികം മനുഷ്യനെ ഭയപ്പെടുന്നു.

— ബേക്കൺ

നിങ്ങൾ നിങ്ങളുടെ പ്രവൃത്തികളിൽ പശ്ചാത്തപിക്കാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം.

— ഹെൻറി

ഭക്തി സിദ്ധിച്ചാൽ പിന്നെ ഒന്നിലും ആഗ്രഹം ജനിക്കുകയില്ല. ഒന്നിനെപ്പററിയും ദുഃഖിക്കയില്ല. ഒന്നിനേയും ദ്വേഷിക്കയില്ല, സ്വാർത്ഥമായി ഒരു പ്രവൃത്തിയും ചെയ്യുകയില്ല.

— നാരദമഹർഷി

# ഏററവും പുതിയവ

**കഷണ്ടിസംഹാരി**— പേരുകേട്ടാൽ ഇതൊരു മരുന്നാണെന്നു തോന്നും. പക്ഷെ നമ്മുടെ സുപ്രസിദ്ധ വിനോദസാഹിത്യകാരനായ പി. കെ. രാജരാജവർമ്മ പി. ജി. വുഡ്ഹൗസ്സിനെ അനുകരിച്ചെഴുതിയ (ചിലടത്തു അല്പം മോഷ്ടിച്ചും) മലയാളത്തിലെ ഒന്നാമത്തെ വിനോദനോവലാണ്. 240 പേജ്. മനോഹരമായ കവർ
വില 2 ക.

**പാവപ്പെട്ടവരുടെ വേശ്യ**— ബഷീറിന്റെ 10 കഥകൾ. 'ഹുന്ത്രാപ്പിബുസ്സാട്ടോ'യുൾപ്പെടെ. വില 1 ക.

**ഇററലിയിലെ കഥകൾ**— മാക്സിംഗോർക്കിയുടെ അതിപ്രസിദ്ധങ്ങളായ 10 കഥകളാണ് Tales from Italy. അതിന്റെ മനോഹരമായ തർജ്ജമയാണീഗ്രന്ഥം. വിവ: കെ. എസ്സ്. നാരായണപിള്ള.
വില 1 ക. 4 ണ.

**ജനനനിയന്ത്രണം**— ഡാക്ടർ സി. ആർ. നാരായണൻ (എം. എ., എം. എസ്. സി., ഡി. ഫിൽ.) ആണ് ഗ്രന്ഥകാരൻ. മലയാളത്തിൽ ഈ വിഷയത്തെപ്പററിയുള്ള ഏററവും ശാസ്ത്രീയമായ ഗ്രന്ഥം. മുഴുവൻ ചിത്രങ്ങളോടുകൂടിയ വിവരണം.
വില 3 ക.

**കുഞ്ചന്റെശേഷം**— ആധുനിക മലയാളസാഹിത്യചരിത്രം തികച്ചും പുതിയൊരു മട്ടിൽ. ഗ്രന്ഥകർത്താ: മാടശ്ശേരി മാധവവാരിയർ. 570 പേജ്. ഫുൾകാലിക്കൊ ബയന്റ്.
5 ക.

**രക്തംകുടിച്ച മോതിരം**— ഒന്നാംതരം ഡിററക്ടീവ്. ഗ്രന്ഥകർത്താ: റോബർട്ട്. വില 1 ക.

**കാമുകന്റെ പ്രതികാരം**— റോബർട്ടിന്റെ മറെറാരു നോവൽ. (ഡിററക്ടീവ്) വില 8 ണ.

**ഗൂഢാലോചന**— പി. ജി. വാരിയർ എഴുതിയ ഒരു വിശിഷ്ട ഡിററക്ടീവ്. വില 1 ക.

**എം. ആർ. കൃതികൾ**— സരസകവി എം. ആർ. കൃഷ്ണവാര്യരുടെ സമ്പൂർണ്ണകൃതിയുടെ ഒന്നാംഭാഗം, മുഴുക്കാലിക്കൊ ബയന്റ്.
വില 5 ക.

**വീരവനിത**— വീരകഥകൾകൊണ്ടുനിറഞ്ഞ നോവൽ വില 1 ക. 8 ണ.

## പുതിയപതിപ്പു തയ്യാറായി

| | | | |
|---|---|---|---|
| അമ്മ (2-ാം ഭാഗം)—മാക്സിംഗോർക്കി | 5 | 0 | 0 |
| പാപികൾ—വെട്ടൂർ രാമൻ നായർ?? | | | |

നാഷനൽ ബുക്ക്സ്റ്റാൾ

POST BOX 40 .... KOTTAYAM

# ആദർശഗ്രന്ഥപാലനം

## 1. ഗ്രന്ഥസംരക്ഷകൻ

ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പരിവർത്തനചരിത്രത്തിലേക്കു ദൃഷ്ടി പതിപ്പിക്കുമ്പോൾ പ്രാചീനകാലത്തെ ഗ്രന്ഥാലയങ്ങൾ അമൂല്യഗ്രന്ഥങ്ങളുടെ സംഭരണശാലകൾ മാത്രമായിരുന്നു എന്നു കാണാവുന്നതാണു്. ഈ സംഭരണത്തെ വളരെ ഭദ്രമായി പാലിക്കുകയും, വർഷത്തിൽ ഒന്നോ രണ്ടോ തവണ ഏതെങ്കിലുമൊരു വിശിഷ്ടാതിഥിയ്ക്കു അതു തുറന്നുകാണിച്ചുകൊടുക്കുകയും ചെയ്തുവന്നിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ ഉദയംചെയ്ത അച്ചടിവിദ്യ ഗ്രന്ഥോല്പാദനത്തിൽ വളരെ അധികം അഭിവൃദ്ധിയുണ്ടാക്കി. എങ്കിലും ഗ്രന്ഥാലയങ്ങളുടെ ശ്രദ്ധമുഴുവൻ ഗ്രന്ഥസംരക്ഷണത്തിൽ മാത്രമായിരുന്നു. അക്കാലത്തെ ഗ്രന്ഥാലയാധികാരികൾ ഗ്രന്ഥങ്ങളെ അവയുടെ നാലു ശത്രുക്കളിൽ (അഗ്നി, ജലം, കീടം, മനുഷ്യൻ) നിന്നു രക്ഷിക്കാൻ സമർത്ഥനായ ആളെ ഗ്രന്ഥപാലനത്തിനു പററിയ ആളായി കരുതിയിരുന്നു. അന്നു ഗ്രന്ഥപാലകൻ പ്രായേണ സൂക്ഷിപ്പുകാരൻ മാത്രമായിരുന്നു. കാരണം, പുസ്തകങ്ങളുടെ ഉപയോഗത്തിൽ ഇന്നത്തെപ്പോലെയുള്ള ഉത്സാഹം ആരും പ്രദർശിപ്പിച്ചിരുന്നില്ല. നേരേമറിച്ചു ഗ്രന്ഥങ്ങൾ കാഴ്ചബംഗ്ലാവിലെ പ്രദർശനസാമഗ്രികളെപ്പോലെ അലമാരിത്തട്ടുകളിലെ അലങ്കരണസാധനങ്ങളായി പരിഗണിക്കപ്പെട്ടുവന്നു. ഇപ്രകാരം ആ യുഗത്തിലെ ഗ്രന്ഥപാലകന്റെ ധർമ്മം ഗ്രന്ഥങ്ങളുടെ അനുപാദേയതയിൽമാത്രം നിഹിതമായിരുന്നു.

എന്നാൽ ഓരോ വർഷത്തിലും ഉത്തരോത്തരം വർദ്ധമാനമായി വന്ന ഗ്രന്ഥോൽപാദനം മനുഷ്യന്റെ മനോമണ്ഡലത്തിൽ വിപ്ലവകരങ്ങളായ പരിവർത്തനങ്ങൾ വരുത്തി. അപ്പോൾ ഗ്രന്ഥങ്ങൾ അലമാരിത്തട്ടുകളിൽ അടച്ചുസൂക്ഷിക്കേണ്ട വസ്തുക്കൾ എന്നതിനു പകരം സർവ്വസാധാരണമായ ഉപയോഗത്തിനുള്ള സാമഗ്രികളായി കരുതപ്പെട്ടു. കാലത്തിന്റെ വീക്ഷണഗതിയിലുണ്ടായ ഈ പരിവർത്തനത്തോടൊപ്പം ഗ്രന്ഥപാലകന്റെ ധർമ്മം കേവലം ഗ്രന്ഥസംരക്ഷണം എന്നതിൽ കവിഞ്ഞ, വായനക്കാരേയും ഗ്രന്ഥങ്ങളേയും പരസ്പരം സംബന്ധിപ്പിക്കുക എന്നതുകൂടിയായിത്തീൎന്നു. ഇപ്പോൾ ഗ്രന്ഥപാലകൻ പുസ്തകപ്പിശാചു് എന്നുള്ള നിലമാററി ഒരു സമർത്ഥനായ വില്പനക്കാരന്റെ രൂപം അവലംബിച്ചിട്ടുണ്ടു്. ഇന്നത്തെ ഗ്രന്ഥാലയങ്ങൾ വായനക്കാർക്കുവേണ്ടിയാണു്. ഗ്രന്ഥപാലകന്റെ കർത്തവ്യം ഉപയുക്തഗ്രന്ഥവുമായി ചുരുങ്ങിയ സമയത്തിനുള്ളിൽ വായനക്കാരനെ ബന്ധിപ്പിക്കുകയാണു്.

## 2. മാർഗ്ഗദർശി

പ്രായേണ ഗ്രന്ഥപാലകൻ, തന്റെ തൊഴിൽ ഗ്രന്ഥപാലനമാണെന്നും സുഹൃത്തുക്കളേയും സംബന്ധികളേയും പുസ്തകദ്വാരാ പ്രീതിപ്പെടുത്താമെന്നുള്ളതിനാൽ താദൃശമായ ഒരു ജീവിതവൃത്തി സ്വീകരിച്ച താൻ ഒരു ഭാഗ്യവാനാണെന്നും വിചാരിക്കുന്നു. ഇന്നത്തെ ഗ്രന്ഥപാലകനിൽ നിന്നു് പൊതുജനങ്ങൾ ഇതിലധികം പ്രതീക്ഷിക്കുന്നുണ്ടെന്നുള്ള വസ്തുത ഒരു പക്ഷേ, അയാൾ അറിയുന്നില്ലെന്നു വരാം. വാസ്തവത്തിൽ അയാളുടെ സമീപത്തു ചെല്ലുന്ന എല്ലാവരേയും ഒന്നുപോലെ

പ്രീതിപ്പെടുത്തേണ്ട ചുമതല അയാൾക്കുണ്ട്. അയാളുടെ സർവ്വോന്നതമായ കർത്തവ്യം ജിജ്ഞാസുക്കൾക്കു മാർഗ്ഗദർശനം ചെയ്യുക എന്നുള്ളതാണ്. പുസ്തകജ്ഞാന ഭണ്ഡാഗാരത്തിന്റെ വ്യവസ്ഥാപകനാണു താനെന്നും അതിനാൽ തന്റെ സ്ഥിതി മഹിമയേറിയതാണെന്നും അയാൾ മനസ്സിലാക്കേണ്ടതുണ്ട്. സമുദായത്തിനു വഴി ചൂണ്ടിക്കാണിക്കേണ്ട കടമയുള്ളതിനാൽ അയാൾ വാസ്തവത്തിൽ ഒരു ഉപദേഷ്ടാവു കൂടിയാണ്.

## 3. ഉദ്യോഗസ്ഥനായ ഗ്രന്ഥപാലകൻ

ഗ്രന്ഥപാലകൻ എന്ന നിലയിൽ ഒരു ഉദ്യോഗസ്ഥന്റെ ആവശ്യകത അനുഭവപ്പെടാൻ വളരെ കാലവിളംബം വേണ്ടി വന്നിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി ഒരാളെ നിയമിച്ചേ തീരൂ എന്നുള്ള കാര്യം ഗ്രന്ഥാലയ സ്ഥാപകന്മാർക്കു അറിഞ്ഞുകൂടായിരുന്നു. അഥവാ അറിവുണ്ടായിരുന്നെങ്കിൽത്തന്നെ അയാളുടെ ഔദ്യോഗികകൃത്യങ്ങൾ എന്തെല്ലാമെന്നു നിർണ്ണയിക്കുക അവർക്കു ദുഷ്കരമായിരുന്നു. ഗ്രന്ഥസംരക്ഷണവും സൂചീകരണവും മാത്രമല്ല, വിശേഷിച്ചു ഗ്രന്ഥങ്ങളുടെ ഉപയോഗത്തിൽ മാർഗ്ഗദർശനം ചെയ്യു എന്ന പ്രധാന കർത്തവ്യത്തോടുകൂടിയ ഏതെങ്കിലും സ്ത്രീപുരുഷന്മാർ കാര്യകർത്താക്കളായി ഉണ്ടാവുകയും ചെയ്യു എന്നാളു വരെ ഒരു ഗ്രന്ഥശാലയും പൂർണ്ണമല്ലെന്നുള്ള അഭിപ്രായം ക്രമേണ പ്രാബല്യത്തിൽ വന്നു.

## 4. വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകൾ

നമ്മുടെ രാജ്യത്തു് ഉന്നതന്മാരായ വിദ്യാഭ്യാസവിശാരദന്മാരുടെ ആവശ്യം വളരെയുണ്ട്. ഗ്രന്ഥാലയകാര്യകർത്താവിനു ശമ്പളം കൊടുത്തു വരുന്നു എന്നുള്ളതുതന്നെ ഒരു ഉദ്യോഗസ്ഥനായ ഗ്രന്ഥപാലകന്റെ ആവശ്യകത തെളിയിക്കുന്നുണ്ടെങ്കിലും നമ്മുടെ പല ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും കാര്യകർത്താക്കളുടെ കൂട്ടത്തിൽ ഗ്രന്ഥപാലകസ്ഥാനം മാന്യമായി ഗണിക്കപ്പെടുന്നില്ല. പല വിദ്യാലയങ്ങളിലും വെറും ഗുമസ്താക്കളാണു ഗ്രന്ഥപാലകസ്ഥാനത്തു പ്രതിഷ്ഠിക്കപ്പെടുന്നതു്. സൃഷ്ടിപരമായ എന്തെങ്കിലും കൃത്യം ചെയ്യുവാൻ അയാളെ ചുമതലപ്പെടുത്തുന്നില്ല. അയാൾ അതിനു യോഗ്യനുമല്ല. ഒന്നുകിൽ ഗ്രന്ഥശാലയിലെ ഫയലുകളും മററു റിക്കാർഡുകളും ശരിപ്പെടുത്തുന്നതിലോ, അവ തിരിച്ചും മറിച്ചും വെയ്ക്കുന്നതിലോ അഥവാ ഗ്രന്ഥാലയത്തിന്റെ ചാർജ്ജു വഹിക്കുന്ന പ്രൊഫസറുടെ പ്രീതി സമ്പാദിക്കുന്നതിലോ മാത്രമായിരിക്കും അയാളുടെ ശ്രദ്ധ. അയാളുടെ സഹകാരിയാകട്ടെ, മേശ, കസേര, പുസ്തകങ്ങൾ, ഫയലുകൾ എന്നിവ പൊടിതുടച്ചു സൂക്ഷിക്കുന്നതിനു നിയുക്തനായ ശിപായിയായിരിക്കും. ആവശ്യമുള്ള പുസ്തകങ്ങൾ എടുത്തുകൊടുക്കുന്നതിനു അറിവുള്ള ആരും അവിടെ കാണുകയില്ല. സാധാരണ വായനക്കാർക്കു സഹായകരമായ നിർദ്ദേശങ്ങൾ നൽകാനും ആളില്ല. പിന്നെയല്ലേ പുതിയ സംവിധാനങ്ങളുടെ കാര്യം? പ്രത്യേകാഭിരുചിയുണ്ടെങ്കിൽ പ്രഫസർ വിചാരിച്ചാൽ പലതും നടക്കും. എന്നാൽ അദ്ദേഹത്തിനു വേറെ പല പണികളുമുണ്ട്.

നമ്മുടെ ഹൈസ്കൂളുകളിലെ ഗ്രന്ഥശാലകളുടെ സ്ഥിതി ഇതിലും ദയനീയമാണ്. സ്കൂളുകളിലെ കളികൾക്കും മററുമുള്ള സാമഗ്രികൾ വെച്ചിരിക്കുന്ന മുറിയിൽത്തന്നെ

കൊച്ചു പുസ്തകങ്ങൾ വെയ്ക്കുകയും അതു ഗ്രന്ഥാലയമായി തീരുകയും ചെയ്യുന്നു. അവിടെ ഒരു ഗുമസ്തൻപോലുമില്ല. ഒന്നുകിൽ സ്കൂളിലെ ഡ്രോയിംഗ്മാസ്റ്റർ അല്ലെങ്കിൽ സ്കൗട്ടുമാസ്റ്റർ അതുമല്ലെങ്കിൽ വേറെ ഏതെങ്കിലുമൊരു മാസ്റ്റർ—അയാൾ പ്രായേണ കുട്ടികൾ അധികം ഭയപ്പെടുന്ന ഒരു നിർദ്ദയനായിരിക്കും—ഗ്രന്ഥാലയത്തിന്റെ ചുമതലക്കാരനായി കാണപ്പെടും. പുസ്തകങ്ങൾ എടുത്തുകൊടുക്കുകയും യഥാകാലം മടക്കിവാങ്ങിവെയ്ക്കുകയും ചെയ്യുന്ന കാര്യത്തിൽ അയാൾ തീരെ ശ്രദ്ധിക്കാറില്ല.

## 5. ഒരു നല്ല ഗ്രന്ഥപാലകൻ

ഇന്നു ഭാരതത്തിലെ ഗ്രന്ഥപാലകന്മാരുടെ സ്ഥിതി ഇതാണ്. ഇതിന്റെ കാരണം നമ്മുടെ വിദ്യാഭ്യാസത്തിന്റെ അമരം പിടിക്കുന്നവർ ഗ്രന്ഥാലയംകൊണ്ടു ഉണ്ടാക്കാവുന്ന നേട്ടങ്ങളിൽ തികച്ചും അനഭിജ്ഞരാണെന്നുള്ളതാകുന്നു. അവക്കു ഗ്രന്ഥപാലകന്മാരുടെ ആവശ്യകത അനുഭവപ്പെടുന്നതിനു തന്നെ വളരെ സമയം വേണ്ടിവന്നിരിക്കുന്നു. ജ്ഞാനകോശത്തെ സമത്ഥമായും സമുചിതമായും ഉപയോഗിക്കാനും ജനതയെ അതുമായി സംബന്ധിപ്പിക്കാനും നിയുക്തനാകുന്ന ഗ്രന്ഥപാലകൻ യോഗ്യനും സുശിക്ഷിതനുമായിരിക്കണമെന്നുള്ള വസ്തുത വളരെ പ്രയാസപ്പെട്ട് അവർ ഇന്നു സമ്മതിച്ചിട്ടുണ്ട്. ഗ്രന്ഥപാലകൻ വിദ്യാഭിരുചിയും പാരായണകൌതുകവുമുള്ള ആളായിരിക്കണം. ഗ്രേറ്റ് ബ്രിട്ടനിലെ ഗ്രന്ഥാലയസമിതിയുടെ അഭിപ്രായത്തിൽ, ജനതയ്ക്കു മാർഗ്ഗദർശനം ചെയ്യത്തക്കവണ്ണം ജ്ഞാനത്തിന്റെ വിവിധശാഖകളിലും മതിയായ പാണ്ഡിത്യം ഒരു ഗ്രന്ഥപാലകനു കൂടിയേ തീരൂ. കേവലം പുസ്തകജ്ഞാനവിതരണത്തിൽ മാത്രമല്ല അതിന്റെ അഭിവൃദ്ധിയിലും അയാൾ ദത്തശ്രദ്ധനായിരിക്കണം. അങ്ങനെയുള്ള ഒരാൾ മാത്രമേ യഥാത്ഥത്തിൽ ഗ്രന്ഥപാലകൻ എന്ന പേരിന് അർഹനാകയുള്ളൂ.

(തുടരും)

[ഇന്ത്യൻ ലൈബ്രറി അസോസ്യേഷൻ ജേർണലിൽ ശ്രീ. പൃഥീനാഥ്കൌൽ എഴുതിയിരുന്ന ഒരു ലേഖനം—പരിഭാഷകൻ, ഉണ്ണിക്കൃഷ്ണൻ.]

---


**'ഗിരിദീപം' (ഉൽകൃഷ്ടമായ ആഴ്ചപ്പതിപ്പ്)**

— തിരുവല്ലാ സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസിൽനിന്നു —

വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ, രസകരങ്ങളായ ചെറുകഥകൾ, കവിതകൾ, ബാലപംക്തികൾ, വിനോദപംക്തികൾ, നിരൂപണവീഥികൾ മുതലായവകൊണ്ട് ഓരോ ലക്കവും ഏററവും ആകർഷകമായിരിക്കും.

—പരസ്യക്കാർക്കു സുവർണ്ണാവസരം—

വിശ്വസ്തരായ ഏജൻറന്മാരെ ആവശ്യമുണ്ട്.

മാനേജർ, "ഗിരിദീപം"

സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസ്, തിരുവല്ലാ.

## തിരു-കൊച്ചി

# മാസികാപത്രാധിപസംഘടന

ഈ കഴിഞ്ഞ ഡിസംബർ 21-ാം തീയതി ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് മുൻ നിശ്ചയമനുസരിച്ച് തിരു-കൊച്ചി മാസികാപത്രാധിപസംഘടനയുടെ ഒരു സമ്മേളനം തിരുവനന്തപുരം ഹോട്ടൽ ഇമ്പൈററിൽവച്ച് ശ്രീ കണ്ഠേശ്വരം കൃഷ്ണൻനായർ B. A. B. L. (ഇൻഡസ്ട്രി) അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും പ്രസ്തുത യോഗത്തിൽ കേംബ്രിഡ്ജ് കാളേജ് മാസിക, മാരുതി, വികടൻ, താരം, വിനീതൻ, സഞ്ചാരി, മുരളി, വികടകേസരി, സിനിമ, സത്യവാദി, തനിനിറം, നാളെ, വിജയൻ, ഇൻഡസ്ട്രി, ഇൻഡ്യൻകാമേഴ്സ് തുടങ്ങിയ മാസികകളുടെ പത്രാധിപന്മാർ പങ്കെടുക്കുകയും ചെയ്തു. കൂടാതെ പൗർണ്ണമി, രസികൻ, ഫിലിം മിറർ, സിനിമാദീപം, പൂമാല, സരോജം, പൗരൻ, കൈരളിപ്രഭ, വിദ്യാഭിവർദ്ധിനി, ബിജിലി, സുഭാഷിണി, യുക്തിവാദി, ജയഭാരതം, എന്നീ മാസികാപത്രാധിപന്മാരുടെ വിജയാശംസാകത്തുകളും, യോഗത്തിൽ ലഭിച്ചിരുന്നു. വികടൻ പത്രാധിപർ ശ്രീ. പറവൂർ നാരായണൻനായർ യോഗത്തിന്റെ ഉദ്ദേശം വെളിപ്പെടുത്തുകയും, ഇന്നു മാസികാപത്രാധിപന്മാർ അനുഭവിച്ചുവരുന്ന വിഷമതകൾക്കു പരിഹാരമുണ്ടാകുന്നതിനു സംഘടനയെ ശക്തിപ്പെടുത്തുന്നതിനു സംഘടനയോടഭ്യർത്ഥിക്കുകയും ചെയ്തു.

മാസികാപത്രാധിപന്മാരിൽനിന്നും പ്രസ്സ് അഡ്വൈസറിബോർഡിലേക്കു ഒരാളെ സ്വീകരിക്കുന്നതിലേക്കും ഇന്നു ദിനപ്പത്രങ്ങൾക്കും, വാരികകൾക്കും ഗവണ്മെന്റിൽനിന്നും നൽകിവരുന്ന സകല ആനുകൂല്യങ്ങളും മാസികകൾക്കും ലഭിക്കുന്നതിനുതകുന്ന എല്ലാ നടപടികളും കൈക്കൊള്ളുന്നതിനും നിശ്ചയിക്കുകയും, കൂടാതെ ഇന്നു ചില മാസികകൾ സ്വന്തതാല്പര്യങ്ങളെ പരിഗണിച്ച് അശ്ലീലങ്ങളായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി വായനക്കാരുടെ അവജ്ഞയ്ക്കു പാത്രീഭൂതമാകുന്ന കാര്യം യോഗത്തിൽ ചർച്ചാവിഷയമാക്കുകയും അതിനെ തടയുന്നതിനുവേണ്ട പരിപാടികൾ സ്വീകരിക്കുകയും അപ്രകാരമുള്ള മാസികകളെ യോഗം നിശിതമായി വിമർശിക്കുകയും ചെയ്തു.

യോഗം ഭാവിപ്രവർത്തനത്തിനുവേണ്ടി ശ്രീ. ശ്രീകണ്ഠേശ്വരം കൃഷ്ണൻനായർ B. A. B. L. നെ (ഇൻഡസ്ട്രി) പ്രസിഡൻറായും, ഉള്ളൂർ കൃഷ്ണൻനായരെ (വികടകേസരി) സെക്രട്ടറിയായും ശ്രീ. R. C. തമ്പിയെ (കേംബ്രിഡ്ജ് കാളേജ് മാസിക) ഖജാൻജിയായും തെരഞ്ഞെടുത്തിരിക്കുന്നു. കൂടാതെ ശ്രീ. കല്ലട കുട്ടൻപിള്ള (വിജയൻ) ശ്രീ. ശങ്കരാടി (സിനിമാ) ശ്രീ. പറവൂർ നാരായണൻനായർ (വികടൻ) ശ്രീ. എ. മാധവൻപിള്ള (സരോജം) ശ്രീ. P. J വർഗ്ഗീസ് (താരം) ശ്രീ. ബാലകൃഷ്ണറെഡ്യാർ (വിദ്യാഭിവർദ്ധിനി) ശ്രീ. M. C. ജോസഫ് (യുക്തിവാദി) എന്നിവരെ വർക്കിംഗ്കമ്മററി അംഗങ്ങളായി തെരഞ്ഞെടുക്കുകയും യോഗം കൃത്യം അഞ്ചരമണിക്ക് വിഭവസമൃദ്ധമായ ഒരു ചായസൽക്കാരത്തോടുകൂടി പര്യവസാനിക്കുകയും ചെയ്തു.

(പ്ര. ലേ.)

ഗ്രന്ഥനിരീക്ഷണം

## കുമാരനാശാൻ
### ചില സ്മരണകൾ

[ഗ്രന്ഥകർത്താ, കെ. സദാശിവൻ, ശാരദാബുക്കഡിപ്പോ, ആലുവാ— പുറം 115. വില 1 ക.]

മഹാകവി കുമാരനാശാനെക്കുറിച്ചു വിപുലവും വിശ്വാസനീയവുമായ ഒരു ജീവചരിത്രം ഉണ്ടാകേണ്ടതു മലയാളഭാഷയെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയമായ ഒരാവശ്യമായിരുന്നു. ആശാന്റെ ഭാര്യാസഹോദരൻതന്നെ ആ കൃത്യം ഏറെറടുത്തതിന്റെ വിശിഷ്ടഫലമാണ് ഈ പ്രയോജനപ്രദവുമായ പ്രസിദ്ധീകരണം. പഠനാർഹവും രസപ്രദവുമായ ഒരു പുസ്തകം എന്ന നിലയിൽ ഇതിനെ സ്വാഗതം ചെയ്യാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്. മഹാകവിയെ അടുത്തറിയുവാനും അദ്ദേഹവുമായി പല നിലകളിലും സഹകരിക്കുവാനും കഴിഞ്ഞിട്ടുള്ള ആളാണു ഗ്രന്ഥകാരൻ എന്നുള്ളതു് ഇതിന്റെ ഉപയോഗയോഗ്യതയെ വർദ്ധിപ്പിക്കുന്ന വസ്തുതയാണല്ലോ.

മഹാകവിയെക്കുറിച്ചു വായനക്കാർ അവശ്യം അറിഞ്ഞിരിക്കേണ്ടതും, കൗതുകം വർദ്ധിപ്പിക്കുന്നതുമായ പലേ കാര്യങ്ങളും അവ പ്രസ്താവിക്കുകയാണെന്നു വായനക്കാരിൽ പ്രത്യേകമായ ഒരു തോന്നൽ ഉണ്ടാകാത്തവിധം, സുന്ദരമായി സുഗമമായി തന്മയത്വസമ്പൂർണ്ണമായി പ്രതിപാദിച്ചിരിക്കുന്നതാണു് പുസ്തകത്തിന്റെ ഒരു പ്രത്യേകത.

വിപുലങ്ങളായ പല ജീവചരിത്രങ്ങളും മലയാളികൾക്കു ഇതിനകം ലഭിച്ചു കഴിഞ്ഞിട്ടുണ്ടു്. ജീവചരിത്രനായകന്മാരുടെ ജീവിതൗന്നത്യം കാണിക്കുന്നതിനു തൽകർത്താക്കന്മാർ കാണിച്ചിട്ടുള്ള പരാക്രമങ്ങൾക്കു വേണ്ടിവന്ന വാക്യസമൂഹങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ചെറുഗ്രന്ഥം, എത്രയോ മേന്മ ഏറിയതായി പരിലാളനാർഹമായി പരിലസിക്കുന്നു! ആശാന്റെ വിവിധവ്യവസായസ്ഥിതമായ ജീവിതമണ്ഡലങ്ങളെക്കുറിച്ചു് ഇത്രയും പുറങ്ങൾക്കുള്ളിൽ ഇതിനെക്കാൾ കൂടുതൽ വിശദവും മനോഹരവും ആയി ചിത്രീകരിക്കാൻ മറെറാരു അനുഗൃഹീതതൂലികാകാരനും സാദ്ധ്യമാകുന്നതല്ല എന്നതിൽ സംശയമില്ല. ഓരോഭാഗവും വായിക്കുമ്പോൾ, "കുറച്ചു കൂടി അങ്ങോട്ടു വിസ്തരിച്ചിരുന്നെങ്കിൽ" "ഇതുപെട്ടെന്നു നിന്നുപോയല്ലോ ഈ ചിത്രീകരണം" എന്നിങ്ങനെയുള്ള വിചാരങ്ങളാണു് വായനക്കാരിൽ ഉളവാകുക! വള്ളത്തോൾ, ചങ്ങമ്പുഴ, വടക്കുംകൂർ, നാലപ്പാടൻ, ഉള്ളൂർ തുടങ്ങി ജീവിച്ചിരിക്കുന്നവരും, അടുത്തകാലത്തു് അന്തരിച്ചുപോയവരും ആയ മഹാകവികളെക്കുറിച്ചു് ഇത്തരത്തിലുള്ള സ്മരണകൾ നമ്മൾക്കു ലഭിച്ചു എങ്കിൽ കൈരളിയുടെ കമനീയത എത്രയോ വർദ്ധിക്കുമായിരുന്നു!

വി. പി.

---

## പ്രബോധിനി ഗ്രന്ഥശാലാപ്രസിദ്ധീകരണം
### പണ്ടാരത്തുരുത്തു്

240 പുറം — വില 2 രൂപാ

ഈ ഗ്രന്ഥം പ്രസിദ്ധംചെയ്തിട്ടു് വർഷം ഒന്നു കഴിഞ്ഞിരിക്കുന്നു. എങ്കിലും ഇത്ര താമസിച്ചു് ഒരു അഭിപ്രായം എഴുതുന്നതു് അതിനുള്ള നവ്യതയും ഭവ്യതയും ഒത്തു മാത്രമാകുന്നു. 55 ഗദ്യപദ്യലേഖനമാണു് ഈ പ്രസിദ്ധീകരണത്തിലുള്ളതു്. സ്വാമി ആഗമാനന്ദൻ, കെ. എം. പണിക്കർ, വടക്കുംകൂർ തുടങ്ങി പല ചിന്താമണ്ഡല

ങ്ങളിലും, ജീവിതസരണികളിലും സഞ്ചരിക്കുന്ന മഹാരഥന്മാർ ആണ് ഇതിലെ ലേഖകന്മാർ. പാഠയോഗ്യവും പരിചിന്തനാർഹവും, തത്വചിന്തോദ്ദീപകവും ആയി, ഏതൊരു ഗ്രന്ഥശാലയിലും അഭിമാനത്തോടെ സൂക്ഷിക്കാൻ കൊള്ളാവുന്നവയാണ് ഇതിലെ മിക്കലേഖനങ്ങളും എന്നു പ്രസ്താവിക്കാൻ സന്തോഷമുണ്ട്. ഒരു പരിവർത്തനത്തിൽകൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കേരളീയരുടെയും കേരളസാഹിത്യത്തിന്റെയും ഗതി മനസ്സിലാക്കാൻ ഇതിലെ 21 കവിതകൾ ഒരാവൃത്തി വായിച്ചാൽ മതിയാകുന്നതാണ്. ചില വാർഷികഗ്രന്ഥങ്ങളിലെ ഉള്ളടക്കം ഒരു വർഷത്തേയ്ക്കു വായിക്കാൻ കൊള്ളാമെന്നല്ലാതെ പിന്നീട് വായിക്കാൻ കൊള്ളാവുന്നതായി കാണാറില്ല; എന്നാൽ പ്രബോധിനി അതിനൊരു വ്യത്യസ്തമാകുന്നു. പത്തുവർഷത്തിനുശേഷം മറിച്ചുനോക്കിയാലും ഏതൊരു നവീനാശയാന്വേഷകനും രസകരമായ ചിലതെങ്കിലും ഉണ്ടായിരിക്കത്തക്കവിധം, പ്രബോധിനീസമ്പത്തിനു വൈവിദ്ധ്യവും വൈശിഷ്ട്യവും ഉണ്ടെന്നു പ്രസ്താവിക്കുക മാത്രമേ ഈ അവസരത്തിൽ കരണീയമായി കാണുന്നുള്ളു.

വി. പി.

---

## മാതൃകാദ്ധ്യാപകൻ

പന്തളം രാഘവപ്പണിക്കർ, മുറിഞ്ഞകൽ, കോന്നി. പുറം 50. വില 12 ണ.

വിദ്യാഭിവർദ്ധിനി ശിവഗിരിമാസികകളിൽ പ്രസിദ്ധംചെയ്തിട്ടുള്ള ചില ലേഖനങ്ങൾ ഉൾപ്പെടെ 12 ഉപന്യാസത്തിന്റെ സമാഹാരം അഥവാ സമ്പാദനം ആണ് ഈ ഗ്രന്ഥം. സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതോ, നവ്യാശയപ്രകാശകമോ ആയതൊന്നും ഈ ഗ്രന്ഥത്തിൽ കാണുന്നില്ലെങ്കിലും, വിദ്യാഭ്യാസപ്രവർത്തകരും സാമൂഹ്യജീവിതപരിഷ്കർത്താക്കളും ആയുള്ള പലേ മഹാശയന്മാരുടെ മഹാശയങ്ങൾ ഇതിൽ സുലഭമായി കാണാവുന്നതാണ്. ഉദ്ധരണികളെ ബന്ധിച്ചു വായനക്കാരെ വീർപ്പുമുട്ടിക്കുന്ന ചില ലേഖനമെഴുത്തുകാരുടെ ചുവടുപിടിച്ചുകൊണ്ട് അദ്ധ്യാപകമഹിമകളെ ഉദ്ഘോഷണം ചെയ്യുന്ന ഈ ഗ്രന്ഥം ബോധനഗ്രന്ഥവൈരള്യത്താൽ ലജ്ജിതയായി കഴിയുന്ന കൈരളിയ്ക്കു് ഒരു ആവശ്യം തന്നെയാണ്. ഉദ്ധരണികളെ കൂട്ടിച്ചേർക്കാനായിട്ടു മാത്രമാണോ ഈ പുസ്തകം രചിതമായതു് എന്നു സംശയിക്കത്തക്കവിധം ഔചിത്യബോധവിരളത അത്യധികമായിപ്പോകാതെ ഗ്രന്ഥകർത്താവിന് ഇതിന്റെ പ്രകാശനത്തിൽ കുറച്ചുകൂടി ശ്രദ്ധിക്കാമായിരുന്നു.

വി. പി.

---

## ബുദ്ധമതകഥകൾ

ഭിക്ഷുധർമ്മസ്കന്ധ, മഹാബോധിബുക്കഡിപ്പോ, കോഴിക്കോട്, പുറം 56, 8 ണ.

കുട്ടികൾക്കുവേണ്ടിയുള്ള ബുദ്ധമതകഥകളും ശ്രീബുദ്ധന്റെ ലഘുചരിതവും അടങ്ങിയ ഈ പുസ്തകത്തിലെ കഥകൾ 10 വയസ്സിനുമുമ്പേ ബാലികാബാലന്മാർ ഹൃദിസ്ഥമാക്കുന്നപക്ഷം അതു അവരിൽ അഹിംസാബോധവും ജീവലോകസ്നേഹവും ഉളവാകാൻ കാരണമായിത്തീരുന്നതാണ്. "അവ വായിക്കാൻ രസമുണ്ട്; കേൾക്കാൻ സുഖമുണ്ട്; അനുഷ്ഠിച്ചാൽ ഗുണവുമുണ്ട്".

വി. പി.

# ശാന്തിയിലേയ്ക്കു്

കെ. കെ. പൊതുവാൾ, പൈങ്കുളം

[കരയല്ലേ തങ്കം.........................]

കരയൊല്ലോമനേ! കരയൊല്ലോമനേ!
കളയൊല്ലേ കണ്ണീരരുവിയായ്.
ഭവികഭാവിതൻ ചിറകിലോലുമ-
ക്കനകകാന്തമാമൊരു ബിന്ദു-
ഒരു ശാന്തിബിന്ദു-ശബളചക്രവാ-
ളകമതിൽ മന്ദം നിഴലിപ്പൂ!
ക്ഷണികമെങ്കിലുമതു വീക്ഷിച്ചു നീ
പണിയരുതേ, നാകമനമാത്രം;-
ഒരുമിച്ചു നമുക്കമൃതജീവിത-
മനുപമസാരം നുകരുവാൻ.
മനുജജീവിതം ക്ഷണികമെങ്കിലോ,
മധുപോലതുയ്ക്കു മധുരവും;
ഉചിതകർമ്മങ്ങളിടചേർന്നാലൊ,
മണിപോലതുയ്ക്കു പരിശുദ്ധം.
ക്ഷണികജീവിതം; മധുരയാഥാർത്ഥ്യം
കുസുമംപോൽ മിന്നിത്തെളിയട്ടെ!

2

കരയൊല്ലോമനെ! കരയുവാനല്ലെ,ൻ
ഹൃദയസ്പന്ദനമരുളുന്നു:
"ഒരുമിച്ചു നമുക്കമൃതജീവിത-
സ്വരരാഗഗംഗയൊഴുകിയ്ക്കാൻ;
ഹൃദയമല്ലിക പരിമളം വീശി-
പ്പരിരസാഭോഗം വിലസുവാൻ."
ഉയരു നീ! ഭൂതവ്യഥയേവം ചിന്താ-
പരിസരം വിട്ടെൻ കളവാണീ!

കളകളം പെയ്യേൻ ശ്രവണങ്ങൾക്കുള്ളിൽ
കുളിരണി ഗീതമണയിയ്ക്കൂ!
ചുടല ഗീതത്താൽ മരവിയ്ക്കും മനം
നളിനംപോൽ വീണ്ടും വിരിയിയ്ക്കൂ!
കുയിലാ, മാകന്ദതരുവിൻശാഖയിൽ
"സരിഗമ' പാടിത്തളരുന്നു.
സുരഭിലസൂനശമമൂകഗീത-
മലതല്ലി നില്പൂ പരിസരം;
മകരന്ദം കവർന്നമിതസന്തോഷ-
മമരുന്ന വണ്ടിൻ നികരങ്ങൾ-
ഇവ നമുക്കെഴുമമലശാന്തിതൻ
വിളനിലമായിക്കരുതു നീ.
ഉണരൂ നീ! ഭൂതവ്യഥയേവം സ്വപ്ന-
പരിസരം വിട്ടെൻ ചലിതാക്ഷി!
ഉണരൂ നീ! കാലം കനിയുവാൻ നമ്മി-
ലണയുന്നു ശാന്തിക്കതിർവീശി.
ഉണരൂ നീ! മോദപുളകിതാംഗരായ്
വിലയിയ്ക്കാം ശാന്തിത്തിരുമാറിൽ.

# ഗ്രന്ഥശാലാവാർത്തകൾ

## ജി. വി. പബ്ളിക് ലൈബ്രറി, തൃക്കാരിയൂർ

ശ്രീ. സി. ജി. നമ്പൂതിരി പ്രസിഡൻറും ശ്രീ. ററി. പി. രാഘവപ്പണിക്കർ ബി. എ. സെക്രട്ടറിയും ആയുള്ള പ്രസ്തുത വായനശാലയുടെ പ്രവർത്തനം പൂർവ്വാധികം പുരോഗമിച്ചുവരുന്നു. പുതുക്കുന്നത്ത് ശ്രീ. കരുവിളമത്തായി സംഭാവന ചെയ്തിട്ടുള്ള രണ്ടുസെൻറു സ്ഥലത്ത് നടത്തിവരുന്ന കെട്ടിടംപണി ഉടനെ പൂർത്തിയാകുന്നതാണ്.

## പി. വൈ. എം. ഏ. റീഡിംഗ് റൂം & ലൈബ്രറി, ചേനപ്പാടി

പ്രസ്തുത ഗ്രന്ഥശാലയുടെ രണ്ടാമത്തെ വാർഷികം ആഗസ്റ്റ് 31-ാംതീയതി ശ്രീ. പി. രാമകൃഷ്ണൻനായർ ബി. എ. യുടെ അദ്ധ്യക്ഷതയിൽകൂടി. വിദ്വാൻ എ. വി. കരുണാകരൻനായർ, ശ്രീ. തോമസ്‌വാദ്ധ്യാർ, ശ്രീ. കെ. ററി. തോമസ് ബി. ഏ. ബി. എൽ. ശ്രീ. കെ. ഈ. ഈപ്പൻ ബി. ഏ., എം. ബി. ബി. എസ്സ്. എന്നിവർ പ്രസംഗിച്ചു. രാത്രി കലാംഗന എന്ന ഗദ്യനാടകവും അഭിനയിക്കുകയുണ്ടായി.

ഗ്രന്ഥശാലാകെട്ടിടത്തിനു ആവശ്യമായ സ്ഥലം ശ്രീ. എം. കെ. രാമൻനായർ സംഭാവന ചെയ്യുമെന്നതും പ്രസ്താവ്യമാണ്.

## വിജ്ഞാനപ്രദായിനി ലൈബ്രറി, തിരുവാമ്പാടി

ഈ ഗ്രന്ഥശാലയുടെ ഏഴാമത്തെ വാർഷികസമ്മേളനം ആഗസ്റ്റ് 31-ാംതീയതി ശ്രീ. പി. ജി. സുകുമാരപിള്ള ബി. ഏ. എൽ. ററി.യുടെ അദ്ധ്യക്ഷതയിൽകൂടി. എസ്സ്. ഡി. കോളേജ് പ്രിൻസിപ്പാൾ ശ്രീ. വി. രാമനാഥൻ എം. ഏ. എൽ. ററി സമ്മേളനം ഉത്ഘാടനം ചെയ്തു. ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ, ശ്രീ. കെ. ആർ. ചുമ്മാർ ശ്രീ. ഗണപതിശർമ്മാ എന്നിവർ പ്രസംഗിക്കുകയുണ്ടായി. ഗ്രന്ഥശാലയുടെ ധനശേഖരാർത്ഥം ബേബി ഗിരിജ & പാർട്ടിയുടെ ഡാൻസും, എൻ. പി. യുടെ മൗലികാവകാശം എന്ന നാടകവും നടത്തപ്പെട്ടു. കലാപരിപാടികൾ ഉത്ഘാടനം ചെയ്തതു് ശ്രീ. തിക്കുറിശ്ശി സുകുമാരൻനായരായിരുന്നു. ഒക്ടോബർ 26-ാംതീയതി പൊതുയോഗംകൂടി ശ്രീ. എൻ. ഉണ്ണികൃഷ്ണൻ നായർ ബി. ഏ. പ്രസിഡൻറായും വി. പങ്കജാക്ഷൻനായർ സെക്രട്ടറിയായും 9 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## എസ്സ്. എൻ. വി. എസ്സ്. ലൈബ്രറി, പൂത്തോട്ട

പ്രസ്തുത ഗ്രന്ഥശാലയ്ക്കു മന്ദിരം പണിയുന്നതിനു പാരവണ്ണമഠത്തിൽ വീട്ടിൽ ശ്രീ. വേലായുധൻ വൈദ്യർ രണ്ടുസെൻറു സ്ഥലം സംഭാവന ചെയ്തിട്ടുണ്ട്.

## സി. കെ. പി. വിലാസം ലൈബ്രറി, പെരിനാട്ട്

ഈ ഗ്രന്ഥശാലയുടെ വാർഷികയോഗം സെപ്ററംബർ 4-ാംതീയതി ശ്രീ. ജി. ശങ്കരപ്പിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി, എൻ, പണിക്കർ സമ്മേളനം

ഉത്ഘാടനം ചെയ്തു. ശ്രീമതി സരസ്സമ്മ ബി. എസ്സ്. സി. ശ്രീ. എൻ. എസ്സ്. പി. പണിക്കർ എന്നിവർ പ്രസംഗിക്കുകയു ണ്ടായി.

## എസ്സ്. എച്ച്. റീഡിംഗ് ക്ലബ്ബ്, ആയവന

ഇൻഡ്യൻ സ്വാതന്ത്ര്യദിനം പ്രമാണിച്ച് ശ്രീ. ററി. ജെ. ദേവസ്യയുടെ അദ്ധ്യക്ഷത യിൽ ഒരു പൊതുയോഗംകൂടി ശ്രീ. വി. സി. മാത്യു, ശ്രീ. കെ. ജെ. ജോസഫ് എന്നിവർ പ്രസംഗിച്ചു.

## എസ്സ്. ജെ. എസ്സ്. ഏ. ലൈബ്രറി, പടപ്പക്കര

ഗ്രന്ഥശാലാ കെട്ടിടമുടമസ്ഥനായ ശ്രീ. വി. മാർസിലി വാടക ഇനത്തിൽ 22 രൂപ സംഭാവന ചെയ്തിരിക്കുന്നു.

## വിജ്ഞാനവികാസിനി ഗ്രന്ഥശാല, മുട്ടം

പ്രസ്തുത ഗ്രന്ഥശാലയുടെ 49-ാമതു വാർഷികസമ്മേളനം സെപ്ററംബർ 4-ാം തീയതി പണ്ഡിററ് കോന്നിയൂർ ഗോവി ന്ദപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ നടത്തി. യോഗത്തിൽ ശ്രീ. ഈ. കെ. കൃഷ്ണപിള്ള ബി. ഏ., ശ്രീ. വി. കെ. മാധവക്കുറുപ്പ് ബി. എസ്സ്. സി. ശ്രീ. ടി. കെ. പത്മനാ ഭപ്പണിക്കർ ബി. ഏ. ബി. എൽ. എന്നി വർ പ്രസംഗിച്ചു.

## ജയ്ഭാരത് ഗ്രന്ഥശാല, മാത്ര

ഈ ഗ്രന്ഥശാലയുടെ വാർഷികയോഗം സെപ്ററംബർ 4-ാം തീയതി ശ്രീ. ററി. വി. തോമസ് ബി. ഏ. എൽ. ററിയുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എൻ. വിശ്വ നാഥക്കുറുപ്പ് ബി. ഏ. ബി. എൽ. ശ്രീ. കെ. കൃഷ്ണപിള്ള ബി. ഏ. ശ്രീ. ററി. കെ. രാമകൃഷ്ണപിള്ള ബി. എസ്സ്. സി. ശ്രീ. സി. പൊന്നപ്പൻപിള്ള എന്നിവർ പ്രസം ഗിച്ചു. ചന്ദ്രൻ & പാട്ടിയുടെ കഥാപ്ര സംഗവും, ജയ്ഭാരത് കലാസമിതിയുടെ സ്ഥാനാർത്ഥികൾ എന്ന ഗദ്യനാടകവും ഉണ്ടായിരുന്നു.

## വിജ്ഞാനപ്രദായിനി ലൈബ്രറി, പാന്തുർ-തൃക്കുന്നപ്പുഴ

പ്രസ്തുത ഗ്രന്ഥശാലയുടെ തൃതീയ വാർഷി കയോഗം ശ്രീ. പാണ്ഡവത്തുശങ്കരപ്പിള്ള യുടെ അദ്ധ്യക്ഷതയിൽ സെപ്ററംബർ 17-ാം തീയതികൂടി. ശ്രീ. എം. എസ്സ്. മുഹമ്മദ്, ശ്രീ. കെ. എസ്സ്. മേനവൻ ശ്രീമതി ആർ. കസ്തൂരിഭായി, എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികൾ 'മരച്ചീനി' എന്ന ഏകാങ്കം അഭിനയിക്കുകയുണ്ടായി

## പബ്ളിക് ലൈബ്രറി & റീഡിംഗ് റൂം, കലയപുരം

സെപ്ററംബർ 3-ാം തീയതി ശ്രീ. കെ. രാമചന്ദ്രൻപിള്ളയുടെ അദ്ധ്യക്ഷത യിൽ ഒരു പൊതുയോഗംകൂടി റവ: ഫാദർ അലക്സന്ത്രിയോസ് പ്രസിഡൻറായും, ശ്രീ ജി. തങ്കപ്പൻപിള്ള സെക്രട്ടറിയായും, ആർ. ഗോപാലപിള്ള ജോയിൻറ് സെക്രട്ടറി യായും 11 പേരടങ്ങിയ ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## വിജ്ഞാനപോഷിണി ലൈബ്രറി, വടകോട്

പ്രസ്തുത ഗ്രന്ഥശാലയുടെ ഒന്നാമതു വാർഷികം സെപ്ററംബർ 4-ാം തീയതി

അദ്ധ്യക്ഷോറവ് ശ്രീ. പി. ആർ. കൊച്ചുകൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. കെ. ജി. ചെല്ലപ്പൻപ്പിള്ള ശ്രീ. കുന്നിക്കോട്ടു സുകുമാരൻനായർ എന്നിവർ പ്രസംഗിച്ചു. പതിനൊന്നുപേരുൾപ്പെട്ട ഒരു പുതിയ കമ്മിററിയേയും തെരഞ്ഞെടുക്കുകയുണ്ടായി.

## ഗ്രാമീണവായനശാല, വിയ്യൂർ

24–8–52–ൽ വായനശാലയുടെ ഒരു പൊതുയോഗംകൂടി ശ്രീ. ടി. ശങ്കുണ്ണിമേനോൻ എം. ഏ. പ്രസിഡൻറായും എം. കുട്ടികൃഷ്ണമേനോൻ, ഏ. കൃഷ്ണപ്പിഷാരടി എന്നിവർ സെക്രട്ടറിമാരായും അച്ചുതൻനായർ ലൈബ്രേറിയനായും 9 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## മഹാത്മാഗാന്ധി സ്മാരക വായനശാല, മഹാദേവികാട്ട്

പ്രസ്തുത ഗ്രന്ഥശാലയുടെ അഞ്ചുദിവസത്തോളം നീണ്ടുനിന്ന വാർഷികാഘോഷങ്ങളുടെ സമാപനസമ്മേളനം സെപ്ററംബർ 6–ാം തീയതി ശ്രീ. ഏ. പി. ഉദയഭാനുവിൻെറ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. ആർ. കസ്തൂരിഭായി, കെ. ദാമോദരൻ ബി. ഏ. ബി. ററി, ആർ. കെ. കൊട്ടാരത്തിൽ മുതലായവർ പ്രസംഗിച്ചു. യോഗത്തോടനുബന്ധിച്ചു നടത്തിയ അക്ഷരശ്ലോകമത്സരത്തിലും കായികമത്സരങ്ങളിലും വിജയികളായവക്ക് സമ്മാനദാനം അദ്ധ്യക്ഷൻ നിർവ്വഹിക്കുകയുണ്ടായി.

## യുവഭൂഷണം വായനശാല ഷണ്മുഖപുരം

ഈ ഗ്രന്ഥശാലയുടെ 15–ാമതു വാർഷികസമ്മേളനം സെപ്ററംബർ 3–ാം തീയതി ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. വയലാർ രാമവർമ്മ, വി. വി. കെ. വാലത്ത്, പി. കെ. ബാലകൃഷ്ണൻ, ററി. ഏ. മൃത്യുഞ്ജയൻ എന്നിവർ പ്രസംഗിച്ചു. രാത്രി വായനശാലാംഗങ്ങൾ 'സുഷമ' എന്ന സംഗീതനാടകം അഭിനയിക്കുകയുണ്ടായി.

## വിവേകാനന്ദ ലൈബ്രറി, പൂണിത്തുറ

പ്രസ്തുത ലൈബ്രറിയുടെ വാർഷികസമ്മേളനം സെപ്ററംബർ 5–ാം തീയതി ശ്രീ. കെ. നാരായണമേനോൻെറ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. വിദ്വാൻ എൻ. എൻ. ചാക്യാർ, ററി. ഏ. മൃത്യുഞ്ജയൻ, എന്നിവർ പ്രസംഗിച്ചു.

## സർവ്വോദയ ഗ്രന്ഥശാല, തെക്കേമങ്കുഴി

പ്രസ്തുത ഗ്രന്ഥശാലയുടെ പ്രഥമവാർഷിക സമ്മേളനം ഒക്ടോബർ 2–ാം തീയതി ശ്രീ. എം. പി. മന്മഥൻ എം. ഏ. യുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. ശ്രീ. ചാക്കോ ജോർജ്ജ് ബി. ഏ. എം. പരമേശ്വരപ്പണിക്കർ എം. ഏ. എസ്സ്. കെ പണിക്കർ എം. ഏ. ബി. കോം. എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

## സനാതന പബ്ളിക്ക് ലൈബ്രറി, പഴകുളം

പ്രഥമവാർഷിക സമ്മേളനം സെപ്ററംബർ 28–ാം തീയതി ശ്രീ. ററി. കെ. ഗോവിന്ദപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ നടത്തി. വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

## മഹാത്മജിസ്മാരക വായനശാല', വളഞ്ഞവട്ടം

റ്റി. എം. ആർ. കൃഷ്ണക്കുറുപ്പു ബി. ഏ. എൽ. ററി. യുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. നാടകം നടത്തിയതിലുള്ള വരവു ചെലവു കണക്കുകൾ അംഗീകരിച്ചു.

## ശ്രീ കാർത്ത്യായനി വിലാസം ലൈബ്രറി, കിളിരൂർ

ഗ്രന്ഥശാലയുടെ 24–ാമതു വാർഷികം സെപ്റ്റംബർ 28–ാം തീയതി ശ്രീ. വി. കെ. പത്മനാഭപിള്ള ബി. ഏ. എൽ. ററി യുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. എം. ജി. ഗോവിന്ദപ്പിള്ള ബി. ഏ, എൻ. കെ. പുരുഷോത്തമൻ ബി. ഏ, പി. പി. മാധവൻനായർ എന്നിവർ പ്രസംഗിക്കുകയുണ്ടായി. വിവിധ സ്ഥാപനങ്ങളോടു സഹായധനത്തിനഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ ഐകകണ്ഠേന അംഗീകരിച്ചു.

## ദി പബ്ളിക്ലൈബ്രററി, കുമാരനല്ലൂർ

പ്രസ്തുത ലൈബ്രറിയുടെ 5–ാമതു വാർഷികയോഗം വിവിധ പരിപാടികളോടു കൂടി സെപ്റ്റംബർ 28–ാം തീയതി നടത്തി. സരസ്വതീപൂജ, ഗീതാപാരായണം, പാട്ടുകച്ചേരി, ഗാനാലാപം, നൃത്തം, ഓട്ടൻതുള്ളൽ, ദീപക്കാഴ്ച എന്നിവയായിരുന്നു പ്രധാനപരിപാടികൾ. പൊതുയോഗത്തിൽ ബ്രഹ്മശ്രീ സി. എൻ. ശ്രുപ്പൻനമ്പൂതിരി ആദ്ധ്യക്ഷം വഹിക്കുകയും ശ്രീ. എസ്സ്. നാരായണൻമൂത്തതു് ബി. ഏ. എൽ. ററി. കെ. ജി. കേശവപ്പണിക്കർ, എം. എൻ. നാരായണപിള്ള, ആർ. കെ. കർത്താ ബി. ഏ. എന്നിവർ പ്രസംഗിക്കുകയും ഉണ്ടായി.

## 895 സി. എസ്സ്. റീഡിംഗ്റൂം, കളവംകോടം

ഈ ഗ്രന്ഥശാലയുടെ വാർഷികസമ്മേളനം ഒക്ടോബർ 5–ാം തീയതികൂടി ശ്രീ. എം. സി. സുകുമാരൻ പ്രസിഡൻറായും കെ. കെ. തങ്കപ്പൻ കൺവീനരായും 7 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

## വൈ. എം. വി. ഏ. ലൈബ്രറി, പുന്തലത്താഴം

3–9–52–ൽ ഡാക്ടർ കെ. ചെല്ലപ്പൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ചു് ശ്രീ. പി. വി. ഗോപാലപിള്ള ബി. ഏ. പ്രസിഡൻറിയും പി. ചെല്ലപ്പൻപിള്ള സെക്രട്ടറിയായും ആർ. ഗോപാലപിള്ള ഖജാൻജിയായും 9 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

## ഗാന്ധിമെമ്മോറിയൽ ലൈബ്രറി, കോഴഞ്ചേരി

ഗാന്ധിജയന്തി പ്രമാണിച്ചു ഒക്ടോബർ 2–ംതീയതി ശ്രീ. കെ. എ. മാത്യുവിൻെറ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയുണ്ടായി. വിദ്വാൻ കെ. ററി. തോമസ്, ററി. പി. കോശി ബി. ഏ. എൽ. ററി. സി. മാത്യു ബി. എസ്സ്. സി. എന്നിവർ പ്രസംഗിച്ചു.

## ദേശാഭിവർദ്ധിനി ഗ്രന്ഥശാല, കഴിക്കാലാ

ഈ വായനശാലയുടെ ഒരു പൊതു

യോഗം ഒക്ടോബർ 12–ാം തീയതികൂടി. ശ്രീ ജോസഫ്കോശി ബി. എ. പ്രസിഡന്റായും ജോർജ്ജ്തോമസ് സെക്രട്ടറിയായും എൻ. ജെ. ജോസഫ് ഖജാൻജിയായും 11 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

## പി.കെ. മെമ്മോറിയൽ ഗ്രന്ഥശാല, അമ്പലപ്പുഴ

ഗ്രന്ഥശാലയുടെ ചുമതലയിൽ രൂപീകരിച്ചിട്ടുള്ള കലാസമിതിയുടെ ഉത്ഘാടനം ഒക്ടോബർ 13–ാംതീയതി ശ്രീ. എച്ച്. ഗണപതിശർമ്മ നിർവ്വഹിക്കുകയുണ്ടായി. തുടർന്നു നടന്ന സമ്മേളനത്തിൽ ശ്രീ. ലക്ഷ്മീശ്വരൻ നായർ ആദ്ധ്യക്ഷം വഹിച്ചു. ഹസ്തരേഖാശാസ്ത്രവിദഗ്ദ്ധനായ ശ്രീ. മാധവൻപിള്ള, ശ്രീ. ജനാർദ്ദനക്കുറുപ്പു ബി. എ. ബി. എൽ. എന്നിവർ പ്രസംഗിച്ചു. നിരവധി വിദ്യാർത്ഥികളുടെ ഉപന്യാസം, കവിത, ചെറുകഥ, സംഗീതം മുതലായവയും പലരുടേയും അഭിപ്രായപ്രകടനങ്ങളും ഉണ്ടായിരുന്നു. ശ്രീ. സി.കെ. രാമകൃഷ്ണപിള്ള കൃതജ്ഞതാപ്രകടനം നടത്തി.

## 1125 സി. എസ്സ്. ഗ്രന്ഥശാല, കടക്കരപ്പള്ളി

പഴയാറു ശ്രീ. രാഘവൻപിള്ള സംഭാവനചെയ്ത നാലു സെൻറുസ്ഥലത്തു് 1000 രൂപയോളം ചെലവുചെയ്തു അടിത്തറ കെട്ടീട്ടുണ്ടു്. കെട്ടിടംപണിക്കുള്ള ശ്രമങ്ങൾ തുടർന്നുവരുന്നു.

## ദേവീവിലാസം N. S. S. കരയോഗ വായനശാല, പൂവറമ്പർ

ഒക്ടോബർ 19–ാംതീയതി ശ്രീ. എൻ. പി. നായരുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി. റിട്ടയാർഡ് ചീഫ് ജസ്റ്റീസ് പുതുപ്പള്ളി എസ്സ്. കൃഷ്ണപിള്ള, എം. ആർ. മാധവവാര്യർ എന്നിവരുടെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തി.

## ദി രാമകൃഷ്ണപിള്ള മെമ്മോറിയൽ ലൈബ്രറി, തെക്കുംമുറി, ചേർത്തല

പ്രസ്തുത വായനശാലയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 17–ാംതീയതി സ്പോട്ട്സ് ക്ലബും ആർട്ട്സ് ക്ലബും ശ്രീ. ജോസഫ് മാത്തൻ ബി. എ. എൽ. എൽ. ബി. ഉത്ഘാടനം ചെയ്തിരിക്കുന്നു. അതോടനുബന്ധിച്ചു നടത്തിയ യോഗത്തിൽ ശ്രീ. കെ. ജി. ആർ. നായർ പ്രസംഗിക്കുകയുണ്ടായി. ശ്രീ. ടി. കെ. ശ്രീധരിന്റെ കഥാകാലക്ഷേപവും ഉണ്ടായിരുന്നു.

## ശ്രീനാരായണ ക്ലബ്ബ് & ലൈബ്രറി, കൊട്ടവഴങ്ങ

ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സമാരംഭിച്ചിട്ടുള്ള സാഹിത്യസമാജത്തിന്റെ ഉത്ഘാടനം ഒക്ടോബർ 12–ാംതീയതി ശ്രീ. പി. എ. രവീന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് ശ്രീ. സി. കൃഷ്ണൻ നിർവ്വഹിച്ചു. ശ്രീമതി കെ. വി. ലീലാമ്മ, ശ്രീ. പി. സി. വേലായുധൻ എന്നിവർ പ്രസംഗിക്കുകയുണ്ടായി.

## ജനതാഗ്രന്ഥശാല, മുതിയാവിള

ശ്രീ. ആർ. നാരായണന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 26–ാം തീയതി ഒരു പൊതുയോഗംകൂടി, പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 15 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു. യോഗത്തിൽ വച്ചുതന്നെ 103 രൂപ സംഭാവന ലഭിക്കുകയുണ്ടായി.

### റീഡിംഗ്ക്ലബ്ബ്, കൊങ്ങോർപ്പിള്ളി

ഒക്ടോബർ 26-ാംതീയതി ശ്രീ. കെ. എ. വർക്കിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി ശ്രീ. ജോസ് ജെ. കോയിത്തറ പ്രസിഡൻറായും പി. വി. അന്തപ്പായി സെക്രട്ടറിയായും ഉള്ള ഒരു പുതിയ കമ്മിററിയെ തെരഞ്ഞെടുത്തു.

### യൂണിയൻക്ലബ്ബ് ലൈബ്രറി, വാകത്താനം

ഈ വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം സെപ്റ്റംബർ 28-ാം തീയതി ശ്രീ. എ. പി. കുരിയാക്കോസിന്റെ അദ്ധ്യക്ഷതയിൽകൂടി ശ്രീ. സി. എൻ. പ്രസിഡൻറായും കെ. വി. മാണി ബി. എസ്സ്. സി. സെക്രട്ടറിയായും സി. എം. എബ്രഹാം ഖജാൻജിയായും 11 പേരുംപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

### ദി നാഷണൽ ലൈബ്രറി, വലവൂർ

പ്രസ്തുത ഗ്രന്ഥശാലയുടെ പ്രഥമവാർഷിക സമ്മേളനം ഒക്ടോബർ 19-ാം തീയതി ശ്രീ. ററി. എസ്സ്. നീലകണ്ഠൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. പി. എ. ജോസഫ്, ററി. എം. ജേക്കബ്, എ. ജെ. വർക്കി എന്നിവർ പ്രസംഗിച്ചു. ലൈബ്രറി കെട്ടിടംപണിക്കു വേണ്ടി പലരിൽനിന്നും 1000 രൂപയോളം വാഗ്ദാനം ലഭിച്ചിട്ടുണ്ട്. അതിന്റെ നടത്തിപ്പിലേയ്ക്കായി ഒരു കമ്മിററിയേയും തെരഞ്ഞെടുക്കുകയുണ്ടായി.

### ഗ്രാമോദ്ധാരണ ലൈബ്രറി, വടയംപാടി

ഈ വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം നവംബർ 2-ാംതീയതി ശ്രീ. പി. പി. ബാബുവിന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. കെ. കെ. പത്രോസ് പ്രസംഗിച്ചു. ശ്രീ. ടി. പി. മാത്യു പ്രസിഡൻറായും, പി. പി. ബാബു സെക്രട്ടറിയായും കെ. പി. വർക്കി ഖജാൻജിയായും 9 പേരുംപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### പബ്ളിക് ലൈബ്രറി, പായിപ്പാട്

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം നവംബർ 24-ാംതീയതി ശ്രീ. എൻ. ദാമോദരൻപിള്ള ബി. എസ്സ്. സി. ബി. ററി.യുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. പി. ഡി. വർഗ്ഗീസ് ബി. എ., വക്കീൽ സി. മാത്യു, വിദ്വാൻ കടപ്ര രാമൻപിള്ള എന്നിവർ പ്രസംഗിച്ചു. 9 പേരുംപ്പെട്ട ഒരു പുതിയ കമ്മിററിയെ തെരഞ്ഞെടുക്കുകയുമുണ്ടായി.

### ദേശസേവിനി ഗ്രന്ഥശാല, മേനംകുളം

ഈ ഗ്രന്ഥശാലയുടെ 6-ാമതു വാർഷികം നവംബർ 29-ാംതീയതി ശ്രീ. പി. കെ. രവിജേന്ദ്രൻ ബി. എ. യുടെ അദ്ധ്യക്ഷതയിൽ നടത്തി. യോഗത്തിൽ ശ്രീ. ബാലരാമപുരം ഐ. അമ്പ്രോസ്, വിദ്വാൻ ജെ. പി. പെരേര എന്നിവർ പ്രസംഗിച്ചു. ഗ്രന്ഥശാലയ്ക്കു രണ്ടുസെൻറു സ്ഥലം സംഭാവനചെയ്ത ശ്രീ. എൻ. കേശവൻ വൈദ്യരുടെ അകാലചരമത്തിൽ അനുശോചനവും രേഖപ്പെടുത്തുകയുണ്ടായി.

### ദേശീയവായനശാല, പല്ലാരിമംഗലം

പ്രസ്തുത വായനശാലയുടെ നവമന്ദിരോൽഘാടനം ആഗസ്റ്റ് 15-ാംതീയതി

ശ്രീ. കെ. എം. ഉമർപിള്ള നിർവ്വഹിച്ചു. ഉത്ഘാടകൻ വായനശാലയ്ക്കുവേണ്ടി 5 സെൻറ സ്ഥലവും ഗണ്യമായ തുകയും സംഭാവന ചെയ്തിട്ടുണ്ട്.

## ദേശീയവായനശാല, വെളിയത്തുനാട്

പറവൂർ റോട്ടറിക്ലബ്ബ് പ്രസിഡൻറ് ശ്രീ. പി. സി. തൊമ്മൻ, പറവൂർ ഡിസ്ത്രിക്ട് രണ്ടാംജഡ്ജി അബ്ദുറഹിമാൻ സാഹിബ്ബ്, റോട്ടറിക്ലബ്ബിൻെറ മററു പ്രവർത്തകരായ അഡ്വക്കേററ് കേശവൻനായർ, വക്കീൽ പി. ഐ. പത്മനാഭപിള്ള, പി. എസ്സ്. നായർ, മണിഅയ്യർ, ചിന്നക്കുട്ടി എന്നിവക്ക് വായനശാലവകയായി ഒരു സ്വീകരണം നൽകുകയുണ്ടായി. തദവസരത്തിൽ ശ്രീ. പി. സി. തൊമ്മൻ ഒരു പ്രസംഗം ചെയ്തു. റോട്ടറിക്ലബ്ബിൻെറ വകയായി 25 രൂ. വായനശാലയ്ക്കു സംഭാവന നൽകുകയുമുണ്ടായി. ശ്രീ. വി. സി. അഹമ്മദുണ്ണി അതിഥികൾക്കു കൃതജ്ഞത പ്രകടിപ്പിച്ചു.

## ഗ്രാമീണവായനശാല, ദേശമംഗലം

ഈ വായനശാലയുടെ വാർഷികസമ്മേളനം നവംബർ 29-ാംതീയതി ശ്രീ. പി. കെ. സുബ്രഹ്മണ്യയ്യരുടെ അദ്ധ്യക്ഷതയിൽ നടത്തി. സമ്മേളനത്തോടനുബന്ധിച്ച് ഓട്ടൻതുള്ളൽ, കഥാകാലക്ഷേപം, പുള്ളുവൻപാട്ട്, കോൽകളി മുതലായ കലാപരിപാടികളും ഉണ്ടായിരുന്നു. രാത്രി 'തരംഗങ്ങൾ' എന്ന ഗദ്യനാടകം വായനശാലാംഗങ്ങൾ' അഭിനയിക്കുകയുണ്ടായി.

## ഉദാരമായ സംഭാവന

ചെറിയേലാ (മുഖത്തല) പ്രകാശ് വായനശാലയ്ക്കു് സ്വന്തമായി കെട്ടിടം ഉണ്ടാകുന്നതുവരെ കുന്നത്തു് പുത്തൻവീട്ടിൽ ശ്രീ. കെ. ഗീവർഗ്ഗീസ് ഒരു പുതിയ കെട്ടിടം സൗജന്യമായി വിട്ടുകൊടുത്തിരിക്കുന്നു.

പ്രസ്തുത വായനശാലയ്ക്കു് സ്വന്തം കെട്ടിടം പണിയുന്നതിനു കുന്നത്തു വീട്ടിൽ ശ്രീ. കെ. ഡാനിയൽ രണ്ടുസെൻറ സ്ഥലം സംഭാവന ചെയ്തിട്ടുണ്ട്

വെളിയം പബ്ലിക് ലൈബ്രറിക്കു് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു ലൈബ്രറിയുടെ പ്രസിഡൻറായ കള്ളിക്കാട്ടുവീട്ടിൽ ശ്രീ. കെ. എം. മാധവനുണ്ണിത്താൻ രണ്ടു സെൻറ സ്ഥലം സംഭാവന ചെയ്തിട്ടുണ്ട്.

ലൈബ്രറിക്കു സ്വന്തകെട്ടിടം ഉണ്ടാകുന്നതുവരെ ഇപ്പോൾ ലൈബ്രറി നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടം വാടക കൂടാതെ ഉപയോഗിക്കുന്നതിനും അദ്ദേഹം സമ്മതിച്ചിട്ടുണ്ട്.

## ലൈബ്രറിഗ്രാൻറ പരിശോധന

1952-53-ലെ ലൈബ്രറിഗ്രാൻറ പരിശോധനയ്ക്കുവേണ്ടി ലൈബ്രറിഗ്രഡേഷൻ കമ്മററി വിവിധ താലൂക്കുകളിൽ സഞ്ചരിച്ചുകൊണ്ടിരിക്കയാണു്. കമ്മിററിയുടെ സഞ്ചാരപരിപാടി യഥാകാലം പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തുന്നതുമാണു്. ഏതു സന്ദർഭത്തിലും വായനശാല പരിശോധി

ക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കത്തക്ക വിധത്തിൽ വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്യുന്നതിൽ വായനശാലാപ്രവത്തകർ പ്രത്യേകം ശ്രദ്ധിക്കണമെന്നു താല്പര്യപ്പെടുന്നു.

## ലൈബ്രറി കുടിശിഖ ഗ്രാൻറ്

1950-51 ലും 1951-52 ലും ഗ്രാൻറിനു ശുപാർശ ചെയ്തിട്ടുള്ളതിൽ ചില വായനശാലകൾക്കു് ഗ്രാൻറ ലഭിക്കുകയുണ്ടായില്ല. സംഘത്തിൻെറ നിരന്തരമായ നിവേദനങ്ങളുടെ ഫലമായി കുടിശിഖ ഗ്രാൻറ ഗവർമ്മെൻറ ഇപ്പോൾ അനുവദിച്ചു. എന്നാൽ ഈ വർഷംമുതൽ ഗ്രാൻറിനത്തിൽ ഗ്രന്ഥശാലകൾക്കു കൊടുക്കുന്നതുകയ്ക്കു് രസീതു സ്വീകരിക്കയെന്ന മുൻപതിവു നിറുത്തി മററു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെപ്പോലെ ഗ്രാൻറുബില്ലിൽ തുക അവകാശപ്പെടുന്നാണമെന്നു നിർദ്ദേശിക്കപ്പെട്ടിരുന്നു. അതനുസരിച്ചു് വായനശാലകൾ മുമ്പയച്ചുതന്ന രസീതുകൾ അതതു വായനശാലകൾക്കു് ബിൽഫാറത്തോടുകൂടി തിരിച്ചയച്ചുകൊടുത്തു. രസീതിനുപകരം ബിൽഫാറം പൂരിപ്പിച്ചു വായനശാലകൾ അയച്ചുതരികയുമുണ്ടായി. അങ്ങനെ ലഭിച്ച ബിൽഫാറങ്ങൾ എഡ്യൂക്കേഷൻ ഡയറക്ടർ കൗണ്ടർ സൈൻചെയ്തു് അതതു വായനശാലകൾക്കു അയച്ചുകൊടുത്തു. എന്നാൽ ബില്ലിൽ അക്കൗണ്ടു്ഹെഡ്ഡു് ഇല്ലെന്നും ബില്ലു് ഫ്രീ ഓഡിററു് ചെയ്തിട്ടില്ലെന്നും ഉള്ള സാങ്കേതികകാരണങ്ങൾ ഉന്നയിച്ചു് ട്രഷറിക്കാർ ബില്ലുകൾ നിരസിച്ചതായി അറിയുന്നു.

ബില്ലു പാസ്സാക്കുവാൻ ചുമതലപ്പെട്ടവർതന്നെ ബില്ലിൽ അക്കൗണ്ടു് ഹെഡ്ഡു് രേഖപ്പെടുത്തേണ്ടതായിരുന്നു. അതു ചെയ്യാതെ ബില്ലു പാസ്സാക്കി അയച്ചതുമൂലം ട്രഷറിയിൽ നിരസിക്കാനിടയായി. ഇങ്ങനെ ഡിപ്പാർട്ടുമെൻറിലായുള്ള നടപടിപ്പിശകുമൂലം നേരിടുന്ന കാലതാമസത്തിനു വായനശാലക്കാർ ഗ്രന്ഥശാലാ സംഘത്തെ കുററപ്പെടുത്തുകയാണു ചെയ്യുന്നതു്. ബില്ലുകൾ ട്രഷറിയിൽനിന്നും നിരസിച്ചപ്പോൾ ആ വിവരം എഡ്യൂക്കേഷൻ ഡയറക്ടരുടെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു സംഘം ശ്രമിച്ചുകൊണ്ടിരിക്കുന്നു.

1950-51 ലെയും കുടിശികഗ്രാൻറു് മുൻപതിവുപോലെ രസീതിൻപ്രകാരം തന്നെവാങ്ങണമെന്നു കംപ്ട്രോളർ ഇപ്പോൾ എഡ്യുക്കേഷൻ ഡയറക്ടരെ അറിയിച്ചിട്ടുള്ളതായി ഡയറക്ടരുടെ ഒരു കത്തിൽനിന്നും വെളിവാകുന്നു. തന്മൂലം ഗ്രാൻറ ലഭിക്കുന്നതിനു ഇനിയും കാലതാമസമുണ്ടാകാൻ എളുപ്പമുണ്ടു്. ആ കാലതാമസം ഉണ്ടാകാതിരിക്കാൻവേണ്ടി ഈ കുടിശിക ഗ്രാൻറ ഗ്രന്ഥശാലക്കാർ അയച്ചുതന്നിട്ടുള്ള ബില്ലിൻപ്രകാരംതന്നെ കൊടുക്കുന്നതിനു അനുവദിക്കാൻ സംഘം ഗവർമ്മെൻറിനോടപേക്ഷിച്ചിരിക്കയാണു്.

ഗ്രാൻറ ലഭിക്കുന്നതിനു നേരിടുന്ന കാലതാമസം സംഘത്തിൻെറ അനാസ്ഥമൂലമല്ലെന്നുള്ളതു് ഗ്രന്ഥശാലാ പ്രവത്തകർ മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു.

## ആൾഇൻഡ്യാ ലൈബ്രറി കാൺഫറൻസ്

തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതിയുടെ ഒരു യോഗം ശ്രീ. എൻ. എ. നൂർമുഹമ്മദ് M. A., B. L., M. L. A.-യുടെ അദ്ധ്യക്ഷതയിൽ സംഘം ആഫീസിൽ വച്ചു കൂടി. 10-ാമതു ആൾഇൻഡ്യാ ലൈബ്രറി കാൺഫറൻസ് ഗ്രന്ഥശാലാസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു. കാൺഫറൻസിന്റെ നടത്തിപ്പിനുവേണ്ടി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസിഡന്റായി കൂടുതൽ അംഗങ്ങളെ ചേർക്കുവാനുള്ള അധികാരത്തോടുകൂടി ഒരു കമ്മററിയേയും രൂപീകരിച്ചിട്ടുണ്ട്.

സംഘം പൊതുതെരഞ്ഞെടുപ്പ് ഫെബ്രുവരി അവസാനത്തിനകം പൂർത്തിയാക്കണമെന്നും തീരുമാനിക്കയുണ്ടായി.

ഗ്രന്ഥശാലകൾക്കു കെട്ടിടം പണിയുന്നതിനു തടി സൗജന്യനിരക്കിൽ അനുവദിക്കണമെന്നുള്ള സംഘത്തിന്റെ അപേക്ഷയെ ഗവർമ്മെൻറ് നിരാകരിച്ചതിൽ ഖേദം പ്രകടിപ്പിച്ചും ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു തടി സൗജന്യനിരക്കിൽ അനുവദിക്കുന്നതുപോലെ ഗ്രന്ഥശാലകൾക്കും അനുവദിക്കുന്ന ആവശ്യകതയെ ചീഫ് മന്ത്രിയെ കണ്ടു ധരിപ്പിച്ച് നിവേദനം നടത്താൻ ഒരു ഡെപ്യൂട്ടേഷനെ നിയമിച്ചും തീരുമാനംകൈക്കൊള്ളുകയുണ്ടായി.

## തിരുവനന്തപുരം താലൂക്കു ലൈബ്രറിയൂണിയൻ

ഗ്രന്ഥശാലായൂണിയൻ കമ്മിററിഅംഗങ്ങൾ താഴെ പറയുന്ന ഗ്രന്ഥശാലകൾ സന്ദർശിക്കുകയും ഗ്രന്ഥശാലാപ്രവർത്തകരേയും, മററു നാട്ടുകാരേയും കണ്ട് വായനശാലാപ്രവർത്തനം സംബന്ധിച്ച് വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്തിരിക്കുന്നു.

1—ലേഡീസ് റീഡിംഗ്റൂം, വഞ്ചിയൂർ.
2—മള്ളൂർവിജയം ഗ്രന്ഥശാലാ, പുന്നപുരം;
3—വി. എം. തമ്പി സ്മാരകഗ്രന്ഥശാല, പാൽക്കുളങ്ങര.
4—സർവീസ്ഗ്രൂപ്പ്, ശ്രീവരാഹം.
5—യുവജനസേവാസംഘം വായനശാല, പേട്ട.
6—ദേശാഭിവർദ്ധിനി ഗ്രന്ഥശാലാ, കരിയ്ക്കകം, പേട്ട.
7—ദി ജിന്നാ ലൈബ്രറി, വള്ളക്കടവ്.
8—തുറമുഖഗ്രന്ഥശാലാ, വലിയതുറ.
9—ദേശസേവിനി ഗ്രന്ഥശാല, പട്ടം.
10—രാഷ്ട്രബോധിനി റീഡിംഗ്റൂം, കേശവദാസപുരം.

11—ദി യുണൈറഡ് ക്ലബ്ബ്, ശാസ്തമംഗലം.

12—സാഹിത്യപഞ്ചാനന സ്മാരകഗ്രന്ഥശാല, വട്ടിയൂർക്കാവ്.

13—മഹാത്മജി സ്മാരകഗ്രന്ഥശാല, കലശേഖരം, വട്ടിയൂർക്കാവ്.

14—ക്ഷേത്രപ്രവേശനസ്മാരക ഗ്രന്ഥശാല, കവടിയാർ.

മററു ഗ്രന്ഥശാലകളും യൂണിയൻ കമ്മിററി താമസിയാതെ സന്ദർശിക്കുന്നതാണ്.

---

## അംഗഗ്രന്ഥശാലകൾ— (തുടർച്ച)

1396—അമയന്നൂർ പബ്ലിക് ലൈബ്രറി, അയക്കുന്നം.

1397—യോഗക്ഷേമം വായനശാല, തൃശ്ശൂർ.

1398—മഹാത്മാ വായനശാല, മണ്ണുത്തി.

1399—ദേവീവിലാസം സക്കാർ ഗ്രാമീണ വായനശാല, മുരിയാട്, കല്ലേററുംകര.

1400—ഫ്രൻസ് ക്ലബ്ബ് ലൈബ്രറി & റീഡിംഗ് റൂം, കീക്കൊഴൂർ *Via* പത്തനംതിട്ട.

1401—ദേശസേവിനി വായനശാല, മൈലം.

1402—ഇക്ബാൽ ലൈബ്രറി, മട്ടാഞ്ചേരി.

1403—വിദ്യാവിനോദിനി ഗ്രന്ഥശാല, എടത്വാ.

1404—ജനരഞ്ജിനി വായനശാല, ചൊവ്വര.

1405—ഇക്ബാൽസ്മാരക വായനശാല, എടവനക്കാട്.

1406—പുരോഗമനഗ്രന്ഥശാല, സോമാശിമംഗലം, കാഞ്ഞാംപുറം.

1407—ദേശസേവിനി റീഡിംഗ് റൂം & ലൈബ്രറി ശ്രീകാര്യം, ഉള്ളൂർ.

1408—മേഴപ്പ പബ്ലിക്ക് ലൈബ്രറി, വെളിയനാട്.

(തുടരും)

---

# GRANDHALOKAM

*A MONTHLY*

OFFICIAL ORGAN OF THE

**Travancore-Cochin Library Association**

## ADVERTISEMENT TARIFF

| | |
|---|---|
| FRONT COVER PAGE | (Reserved) |
| BACK COVER PAGE | Rs. 70 per insertion. Rs. 60 per insertion, if three insertions or more. |
| COVER PAGE 2 | Rs. 60 per insertion. Rs. 40 per insertion, if three consecutive insertions or more. |
| COVER PAGE 3 | Rs. 50 per insertion. Rs. 40 per insertion if three consecutive insertions or more. |
| ANY OTHER PAGE | Rs. 40 per insertion. |
| HALF PAGE | Rs. 25 |
| QUARTER PAGE | Rs. 15 |
| BELOW QUARTER PAGE | Rs. 10 |

*For further details apply to:*

*THE MANAGER*
**GRANDHALOKAM,**
PATTOM, TRIVANDRUM.

# വിഷയവിവരം


പത്രാധിപവീഥി

ഭാരതചൂഡാമണി — പി. ദാമോദരൻപിള്ള ബി. എ.

ഭാഷാസാഹിത്യത്തിലെ ഹാസ്യം — സി. കെ. നാരായണക്കുറുപ്പ് എം. എ.

സുഭാഷിതവീഥി

അച്ഛന്റെ മകൻ (ചെറുകഥ) — — ഹരീന്ദ്രനാഥ്

ചിന്താലോകത്തിൽ

ആദർശഗ്രന്ഥപാലനം — — ഉണ്ണികൃഷ്ണൻ

തിരു-കൊച്ചി മാസികാപത്രാധിപസംഘടന

ഗ്രന്ഥനിരീക്ഷണം

ശാന്തിയിലേക്ക് (കവിത) — കെ. പൊതുവാൾ, പൈങ്കുളം.

ഗ്രന്ഥശാലാവാർത്തകൾ



യുണൈററഡ് സ്റ്റേററ്സ് ഇൻഫർമേഷൻ ലൈബ്രറിയിലെ
(തിരുവനന്തപുരം) വായനശാലാവിഭാഗം

L. No. 592. 20-7-48. Reg. No. T. 189. M. 5854.


## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ ററി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ് പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)
,, എൻ. കേശവപിള്ള (ട്രഷറർ)
,, എൻ. അഗസ്ത്യലിംഗംപിള്ള
,, ജെ. കേശവൻ
,, ഏ. പി. ഉദയഭാനു B. A. & B. L.
,, ഫാദർ സി. കെ. മററം എം. ആർ.
ഏ. എസ്., എഫ്. ആർ. എസ്സ്. ഏ.
(ലണ്ടൻ).
,, നീലവന ആർ. മാധവൻനായർ
(പ്ര. സ: അംഗം)
,, എൻ. ഏ. നൂർമഹമ്മദ് ബി. ഏ.
ബി. എൽ., എം. എൽ. ഏ.
,, എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ആണററി ജോയിൻറ് സെക്രട്ടറി)
,, സി. കെ. മാണി ബി. ഏ. ബി. എൽ.
,, എൻ. പി. വർഗ്ഗീസ്
ബി. ഏ. ബി. എൽ; എം. എൽ. ഏ.
(പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ (മിനിസ്റ്റർ).
,, എം. കെ. മേനോൻ
,, പനമ്പിള്ളി ഗോവിന്ദമേനോൻ
എം. ഏ. ബി. എൽ., (മിനിസ്റ്റർ).
ഡാ. പി. കെ. നാരായണപിള്ള
എം. ഏ. പിഎച്ച്. ഡി.
(പ്ര. സ: അംഗം)
ശ്രീ. ജോസഫ് ചാഴികാള


# ഗ്രന്ഥാലോകം

മാസികയ്ക്കുള്ള ലേഖനങ്ങളും, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങളും (രണ്ടു പ്രതികളും), മണിയാർഡറുകളും, അപേക്ഷകളും, മററു എഴുത്തുകുത്തുകളും മുതലായവ മാനേജർ, തിരു - കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കണം.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Tvm.